# സിഐടിയു സന്ദേശം

സിഐടിയു സംസ്ഥാന കമ്മിറ്റി പ്രസിദ്ധീകരണം

2022 ആഗസ്റ്റ്, വോള്യം: 10 ലക്കം: 12

എഡിറ്റോറിയൽ ബോർഡ്

ചെയർമാൻ
ആനത്തലവട്ടം ആനന്ദൻ

എഡിറ്റർ
എളമരം കരീം

കെ.ഒ. ഹബീബ്,
പി. നന്ദകുമാർ,
കെ ചന്ദ്രൻപിള്ള

08 സ്വാതന്ത്ര്യത്തിന്റെ 75 വർഷം
രാജ്യം അടിമത്തത്തിലേക്കോ
ആനത്തലവട്ടം ആനന്ദൻ



12 കേരളത്തെ സാമ്പത്തികമായി ഞെരുക്കുന്നു
കെ.എൻ.ബാലഗോപാൽ

16 വ്യവസായ പ്രതിസന്ധി
ആളുന്ന മണ്ണെണ്ണവില, കരിയുന്ന മത്സ്യമേഖല
പി.പി. ചിത്തരഞ്ജൻ

ടി.പി. രാമകൃഷ്ണൻ എം.എൽ.എ നിയമസഭയിൽ നടത്തിയ ശ്രദ്ധ ക്ഷണിക്കൽ പ്രമേയം
കേന്ദ്ര തൊഴിൽനിയമങ്ങൾ പ്രാബല്യത്തിലാക്കുന്നതിനെതിരെ സ്വീകരിക്കേണ്ട നടപടികൾ 19

തൊഴിൽ മന്ത്രി വി. ശിവൻകുട്ടി നിയമസഭയിൽ നടത്തിയ മറുപടി
തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ പരമാവധി ശ്രമിക്കും 21

അന്തർദേശീയ സമ്പദ് രംഗം
പ്രതിസന്ധിയുടെ നീർച്ചുഴിയിൽ 24 ജോസ് ടി. എബ്രഹാം

വൈദ്യുതി വിതരണവും കോർപറേറ്റുകൾക്ക് 27 എസ്. ഹരിലാൽ

സഹകരണമേഖല
നാടിന്റെ നട്ടെല്ല് തകർക്കരുത് 29 കെ.ടി. അനിൽകുമാർ

മെഡിസെപ്
ജനപക്ഷ സർക്കാരിന്റെ കരുതൽ 31 എം.എ. അജിത് കുമാർ

ഫാസിസത്തിനെതിരായ പോരാട്ടം 34 എൻ. പത്മലോചനൻ

സംയുക്ത ദേശീയ ട്രേഡ് യൂണിയൻ പ്രമേയം 38

നാൻസി പെലോസിയുടെ തയ്‌വാൻ സന്ദർശനം 40

ഉയർന്നുകൊണ്ടിരിക്കുന്ന വിലക്കയറ്റം 42

സംഘടനാ വാർത്തകൾ 45

വാർഷിക വരിസംഖ്യ : 200 രൂപ.

# രാജ്യരക്ഷക്കായി അണിനിരക്കുക

ഇന്ത്യൻ സ്വാതന്ത്ര്യത്തിന്റെ 75ാം വാർഷികമാണ് 2022. ഉജ്ജ്വലമായ പോരാട്ടങ്ങളിലൂടെയും, സമാനതകളില്ലാത്ത ത്യാഗത്തിലൂടെയുമാണ്, ഇന്ത്യൻ ജനത സ്വാതന്ത്ര്യം നേടിയത്. അനേകം നാട്ടുരാജ്യങ്ങളായിരുന്ന ഈ ഉപഭൂഖണ്ഡത്തെ, ഒരു ദേശീയ രാഷ്ട്രമായി രൂപം നൽകിയത് സ്വാതന്ത്ര്യസമരമാണ്. നൂറ്റാണ്ടുകളായി നിലനിന്ന് പോന്ന ജാതി-ഉപജാതി-മത വൈജാത്യങ്ങൾ ഭിന്നിപ്പിച്ച് നിർത്തിയ ജനകോടികളെ, ഒരു രാഷ്ട്രമെന്ന സങ്കൽപ്പത്തിൽ ഏകോപിപ്പിച്ച് നിർത്തിയത്, ദേശീയ പ്രസ്ഥാനമാണ്. ഇന്ത്യൻ തൊഴിലാളി വർഗ്ഗം, ദേശീയ സ്വാതന്ത്ര്യപ്രസ്ഥാനത്തിൽ ഉജ്ജ്വലമായ പങ്ക് വഹിച്ചിട്ടുണ്ട്.

മത നിരപേക്ഷത, ജനാധിപത്യം, സാമൂഹ്യ നീതി തുടങ്ങിയ തത്വങ്ങളിലധിഷ്ഠിതമായ രാഷ്ട്ര സങ്കല്പം പത്തൊമ്പതാം നൂറ്റാണ്ടിൽ ഉയർന്ന് വന്നതാണ്. ശാസ്ത്രവളർച്ചയും, ശാസ്ത്രീയചിന്തകളും ചേർന്നാണ് ഈ ആശയങ്ങൾ വികസിപ്പിച്ചത്. മതാധിപത്യങ്ങളിൽ നിന്ന്, ജനങ്ങളെ സ്വാതന്ത്ര്യത്തിലേക്ക് നയിച്ചത് ഈ കാലഘട്ടത്തിലാണ്. വ്യവസായ വിപ്ലവാനന്തരം രൂപം കൊണ്ട ആധുനിക തൊഴിലാളിവർഗ്ഗം, സാമൂഹ്യനീതി, ജനാധിപത്യം, തുടങ്ങിയ മുദ്രാവാക്യങ്ങൾ മാത്രമല്ല, ചൂഷണമുക്തമായ സോഷ്യലിസ്റ്റ് ആശയങ്ങളും ഉയർത്തിപ്പിടിച്ചു. മാർക്സും, ഏംഗൽസും ചേർന്ന് എഴുതി പ്രസിദ്ധീകരിച്ച 'കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ', തൊഴിലാളിവർഗ്ഗത്തിന് പുതിയ ദിശാബോധം നൽകി. ഫ്രഞ്ച് വിപ്ലവം ഉയർത്തിയ മാനവികതയുടെ ഉജ്ജ്വലമായ ആശയങ്ങളും, ജനങ്ങളെ ആവേശംകൊള്ളിച്ചു. 1917 ലെ സോവിയറ്റ് വിപ്ലവം ലോകത്താകമാനം, ചൂഷിത ജനതയെ പുതിയ പ്രതീക്ഷയിലേക്ക് നയിച്ചു. എല്ലാ ഭൂഖണ്ഡങ്ങളിലും മുതലാളിത്തത്തിനും, ഏകാധിപത്യ വാഴ്ചകൾക്കും, കൊളോണിയലിസത്തിനുമെതിരെ, ജനങ്ങളുടെ സമരങ്ങൾ ഉയർന്നുവന്നു. ഇന്ത്യൻ സ്വാതന്ത്ര്യസമരം വിജയത്തിലേക്ക് എത്തുന്നത് ഈ പശ്ചാത്തലത്തിലാണ്.

സ്വാതന്ത്ര്യാനന്തരം, ഇന്ത്യ ഒരു മതനിരപേക്ഷ ജനാധിപത്യ രാഷ്ട്രമായി രൂപം കൊണ്ടത്, മേൽപ്പറഞ്ഞ സാഹചര്യത്തിലാണ്. ഇന്ത്യ മതനിരപേക്ഷ ജനാധിപത്യ ഫെഡറൽ റിപ്പബ്ലിക്കായി പ്രഖ്യാപിച്ച് ഭരണഘടന രൂപം കൊണ്ടതും ഈ പശ്ചാത്തലത്തിലാണ്. ഭരണ ഘടനാ നിർമാണ സഭയിൽ, ഇന്ത്യ 'ഹിന്ദു രാഷ്ട്രം' ആവണമെന്ന് ഹിന്ദുമഹാസഭ പ്രതിനിധികൾ വാദിച്ചിരുന്നു. അത്തരം വാദങ്ങളെ തള്ളിക്കളഞ്ഞുകൊണ്ടാണ്, ഭരണഘടന അംഗീകരിക്കപ്പെട്ടത്. ഇന്ത്യ-പാക് വിഭജനത്തിന്റെ മുറിവുകൾ ഉണക്കി, ഐക്യത്തോടെ, രാഷ്ട്രത്തിന്റെ വികസനവും, ജന ക്ഷേമവും മുൻനിർത്തി ജനങ്ങൾ മുന്നോട്ട് പോയി. എന്നാൽ ബൂർഷ്വാ ഭൂപ്രഭുവർഗ്ഗ നയം സ്വീകരിച്ച കോൺഗ്രസ്സിന്റെ ഭരണനയങ്ങൾ ജനങ്ങളെ നിരാശപ്പെടുത്തി.

ഈ കാലത്തെല്ലാം, ഹിന്ദു മഹാസഭ, ആർ.എസ്സ്.എസ്സ് തുടങ്ങിയ വർഗീയ സംഘടനകൾ, അവരുടെ ലക്ഷ്യം വെച്ച് പ്രവർത്തിക്കുന്നുണ്ടായിരുന്നു. നൂറ്റാണ്ടുകളുടെ പാരമ്പര്യമുള്ള ആർഷഭാരതത്തെ, മുസ്ലീം രാജാക്കന്മാരും, ബ്രിട്ടൻ, പോർച്ചുഗൽ, ഫ്രാൻസ് തുടങ്ങിയ രാഷ്ട്രങ്ങളും ആക്രമിച്ച് അധീനപ്പെടുത്തി എന്നും, ബ്രിട്ടീഷ് ആധിപത്യത്തിൽ നിന്ന് മോചിതമാകുമ്പോൾ പഴയ ഹിന്ദുരാഷ്ട്രമായി രൂപം കൊള്ളണമെന്നുമായിരുന്നു ഇക്കൂട്ടരുടെ വാദം. സ്വാതന്ത്ര്യാനന്തരം പുതിയ പ്രതീക്ഷകളുമായി മുന്നോട്ട് പോയ ജനതയെ, തുടക്കത്തിൽ സ്വാധീനിക്കാൻ 'ഹിന്ദുത്വ ശക്തികൾക്കു' സാധിച്ചില്ല.

കോൺഗ്രസ് നേതൃത്വം നൽകിയ കേന്ദ്രസർക്കാരിന്റെ സാമ്പത്തികനയങ്ങൾ, മുതലാളിത്ത നാടുവാഴിത്ത വർഗങ്ങളുടെ താല്പര്യസംരക്ഷണം മുൻനിർത്തിയായിരുന്നു. ജനങ്ങൾക്കിടയിലെ ദാരിദ്ര്യം, തൊഴിലില്ലായ്മ, വിലക്കയറ്റം തുടങ്ങിയ പ്രശ്നങ്ങൾ പരിഹരിക്കാനായില്ല. ഇത് ജനങ്ങളിൽ അസംതൃപ്തി വളർത്തി. 1960-കളിൽ, പല സംസ്ഥാനങ്ങളിലും കോൺഗ്രസ്സിന് അധികാരം നഷ്ടമായി. 1975-ൽ ജനാധിപത്യ പൗരാവകാശങ്ങൾ നിഷേധിക്കുന്ന അടിയന്തരാവസ്ഥ വരെ കാര്യങ്ങൾ എത്തി.

ഈ സാഹചര്യത്തിലെ ജനകീയ അസംതൃപ്തിയെ ഉപയോഗപ്പെടുത്തിയാണ്, സംഘപരിവാർ ശക്തികൾ, ജനങ്ങളിൽ സ്വാധീനം നേടിയത്. ബൂർഷ്വാ-ഭൂപ്രഭു വർഗങ്ങൾ, കോൺഗ്രസ്സ് ദുർബലമായാൽ ഒരു ബദൽ എന്ന നിലയിൽ 'ഹിന്ദുത്വ' രാഷ്ട്രീയത്തെ ശക്തിപ്പെടുത്താൻ ശ്രമിച്ചു. അയോദ്ധ്യ പ്രക്ഷോഭം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളിലൂടെ, പടിപടിയായി, "ഹിന്ദുത്വ വർഗ്ഗീയ ശക്തികൾ" സ്വാധീനം വർദ്ധിപ്പിച്ചു. 1998 മുതൽ 2004 വരെ, ബിജെപി നേതൃത്വം നല്കി സഖ്യം ഭരണം നടത്തി. 2014 മുതൽ അവർ വീണ്ടും ഭരണത്തിലാണ്.

ബിജെപിയും കോൺഗ്രസ്സും ഒരേ വർഗ്ഗ നയമാണ് സ്വീകരിക്കുന്നതെങ്കിലും, കോൺഗ്രസ്സിൽ നിന്നും വ്യത്യസ്തമായി ബിജെപി ഒരു വർഗീയ പാർട്ടിയാണ്. രാഷ്ട്രീയ താൽപര്യങ്ങൾക്കായി 'മൃദുഹിന്ദുത്വ' നിലപാടുകൾ കോൺഗ്രസ്സ് സ്വീകരിക്കുകയുണ്ടായി. എന്നാൽ ആർഎസ്സ്എസ്സ് നേതൃത്വം നൽകുന്ന ബിജെപി, 'ഹിന്ദുത്വ' ആശയങ്ങളെ അടിസ്ഥാനമാക്കി, ഇന്ത്യയെ ഒരു ഹിന്ദു രാഷ്ട്രമാക്കുക എന്ന ലക്ഷ്യത്തോടെയാണ് പ്രവർത്തിക്കുന്നത്. മതനിരപേക്ഷത, ജനാധിപത്യം, ബഹുസ്വരത തുടങ്ങിയ തത്വങ്ങളെല്ലാം ബിജെപി നിഷേധിക്കുന്നു. ഹിറ്റ്ലറും മുസ്സോളിനിയും നടപ്പാക്കിയ 'നാസിസ'വും, 'ഫാസിസവും' ആണ്, സംഘപരിവാറിനെ നയിക്കുന്ന ആശയങ്ങളും, മാതൃകയും. അത്യന്തം അപകടകരമായ ഒരു സാഹചര്യമാണ് രാജ്യത്ത് രൂപം കൊണ്ടിരിക്കുന്നത്.

കോൺഗ്രസ് നേതൃത്വം നൽകിയ സർക്കാരുകൾ നടപ്പാക്കിയ സാമ്രാജ്യത്വ, ആഗോളവൽക്കരണ, നവ ഉദാരവൽക്കരണ നയങ്ങൾ, കൂടുതൽ തീവ്രമായി, ബിജെപി സർക്കാർ നിർലജ്ജം നടപ്പാക്കി വരുന്നു. ഇന്ത്യൻ സമ്പദ്ഘടനയിൽ, ആഗോള മൂലധന ശക്തികൾക്ക് കടന്ന് കയറാനും, ഇന്ത്യയിൽ യഥേഷ്ടം മൂലധന നിക്ഷേപം നടത്താനും അവസരം നൽകുന്നു. സ്വാതന്ത്ര്യാനന്തരം, രാജ്യം വികസിപ്പിച്ച പൊതുമേഖലാ സ്ഥാപനങ്ങൾ, ഒന്നൊന്നായി, കുത്തകകൾക്ക് കൈമാറുകയാണ്. കൃഷി,

സേവന മേഖലകൾ എന്നിവകളിൽ, ബഹുരാഷ്ട്രദേശീയ കുത്തകകൾക്ക് പ്രവേശ നം നൽകുന്നു. തൊഴിലാളികളുടെ അവകാശങ്ങൾ തകർത്ത്, എല്ലാ സുപ്രധാന തൊഴിൽ നിയമങ്ങളും ഭേദഗതി ചെയ്തു. ട്രേഡ് യൂണിയൻ രൂപീകരണവും, കൂട്ടായ വിലപേശലും അസാധ്യമാക്കി. ഈ അവസ്ഥ സമ്പത്ത് ഒരു പിടി കുത്തകകളിൽ കേന്ദ്രീകരിക്കാനും, സാമ്പത്തിക അസമത്വം വർദ്ധിപ്പിക്കാനും ഇടയാക്കി. തൊഴി ലില്ലായ്മയും, ദാരിദ്ര്യവും വർദ്ധിച്ച് വരുന്നു. വിലക്കയറ്റം അതി രൂക്ഷമാണ്. രാജ്യ ത്തിന്റെ സാമ്പത്തിക വളർച്ചയും പുറകോട്ടടിച്ചു.

ഇതിനു പുറമേയാണ്, വർഗീയവൽക്കരണം. 2019-ൽ രണ്ടാമതും മോഡി സർ ക്കാർ അധികാരത്തിൽ വന്ന ശേഷം, 'തീവ്രഹിന്ദുത്വ' വൽക്കരണമാണ് നടക്കുന്ന ത്. സംഘപരിവാർ ഉയർത്തിക്കൊണ്ടു വന്ന, അയോദ്ധ്യരാമജന്മഭൂമി-ബാബ്റി മസ്ജിദ് പ്രശ്നത്തിൽ, സുപ്രീം കോടതി വിധിയിലൂടെ ഹിന്ദുത്വ ശക്തികൾക്ക് വിജയം നേടാനായി. ജമ്മു കാശ്മീരിന്റെ സംസ്ഥാന പദവി എടുത്തു കളയുകയും, സംസ്ഥാനത്തെ മൂന്ന് കേന്ദ്രഭരണ പ്രദേശങ്ങളാക്കി വെട്ടിമുറിക്കുകയും ചെയ്തു. ഭരണഘടനയുടെ 370-ാം വകുപ്പ് റദ്ദ് ചെയ്ത്, കാശ്മീരിന് ഉണ്ടായിരുന്ന പ്രത്യേക പദവി എടുത്തു കളഞ്ഞു. പാർലമെന്റിന്റെ നടപടി ചട്ടങ്ങൾ ലംഘിച്ചുകൊണ്ടാണ് ഇതെല്ലാം ചെയ്തത്. ഭരണഘടന രൂപം കൊള്ളുന്ന കാലത്ത് തന്നെ, അതിനെ അംഗീകരിക്കാതിരുന്ന സംഘപരിവാർ, പരസ്യമായി ഭരണഘടനാ വ്യവസ്ഥകൾ പിച്ചി ചീന്തുകയാണ്.

പാർലമെന്റിലെ ഭൂരിപക്ഷം ഉപയോഗിച്ച് പൗരത്വ നിയമം ഭേദഗതി ചെയ്തു. ഇന്ത്യൻ പൗരത്വം മതാടിസ്ഥാനത്തിലാക്കുന്നതാണ് പ്രസ്തുത ഭേദഗതി. ഇത് ഭരണ ഘടനാതത്വങ്ങൾക്കെതിരാണ്. ഈ നിയമം ചോദ്യം ചെയ്യുന്ന ഹർജികൾ, സുപ്രീം കോടതിയിൽ കെട്ടിക്കിടക്കുന്നു. മുത്തലാഖ് നിരോധന നിയമവും, മുസ്ലീംങ്ങളെ മാത്രം ലക്ഷ്യം വെച്ചുള്ളതാണ്. മതപരിവർത്തന നിരോധന നിയമങ്ങൾ, ബിജെപി ഭരിക്കുന്ന ഏതാനും സംസ്ഥാന സർക്കാരുകൾ പാസ്സാക്കിയതും, മുസ്ലീംങ്ങളെ പ്രതിസ്ഥാനത്ത് നിർത്തിയാണ്.

മുസ്ലീങ്ങൾ, ക്രൈസ്തവർ, കമ്മ്യൂണിസ്റ്റുകാർ എന്നിവർ ആഭ്യന്തര ശത്രുക്ക ളാണെന്ന, ഗോൾവാൾക്കറുടെ ആശയത്തെ അടിസ്ഥാനമാക്കിയാണ് മോഡി സർക്കാർ നീങ്ങുന്നത്. മതന്യൂനപക്ഷങ്ങൾക്ക് നേരെ നിരന്തരം അതിക്രമങ്ങൾ നടക്കുകയാണ്. ഗോരക്ഷ, ലൗജിഹാദ്, ഭൂമി ജിഹാദ് തുടങ്ങിയ മുദ്രാവാക്യങ്ങൾ ഉയർത്തിയാണ് ആക്രമണങ്ങൾ. നിരവധി നിരപരാധികൾ മൃഗീയമായി കൊല്ലപ്പെ ട്ടു. കലാലയങ്ങളിൽ ഹിജാബ് നിരോധിച്ചു കൊണ്ട് കർണാടകത്തിൽ, രൂക്ഷമായ വർഗീയ വിഭജനം നടത്തി. പൗരത്വ നിയമത്തിനെതിരായി ഡൽഹിയിൽ നടത്തിയ സമരകേന്ദ്രത്തിൽ, വർഗീയ ലഹള നടത്തി. നിരവധി മനുഷ്യരെ കൊലപ്പെടുത്തി. രാമനവമി ഘോഷയാത്രയുടെ മറവിൽ, ഡൽഹിയിൽ മുസ്ലീങ്ങൾക്കും, അവരുടെ ആരാധനാലയങ്ങൾക്കും നേരെ ആക്രമം നടത്തി. യു.പിയിൽ ബുൾഡോസർ ഉപ യോഗിച്ച് നടത്തുന്ന 'പൊളിക്കൽ' യജ്ഞവും, ന്യൂനപക്ഷങ്ങളെ ലക്ഷ്യം വെച്ചാണ്.

മഥുര, വാരാണസി എന്നിവിടങ്ങളിലെ, മുസ്ലീം പള്ളികൾക്ക് മേൽ, സംഘ പരിവാർ അവകാശവാദം ഉന്നയിച്ചിരിക്കുകയാണ്. 1991-ലെ ആരാധനാലയ സംരക്ഷണ നിയമം കാറ്റിൽ പറത്തുന്നു. പ്രസ്തുത നിയമം ദുർബലപ്പെടുത്തണ മെന്നാവശ്യപ്പെടുന്ന ഒരു സ്വകാര്യബില്ല്, രാജ്യസഭയിൽ, ഒരു ബിജെപി മെമ്പർ അവതരിപ്പിച്ചിരിക്കുന്നു.

പടിപടിയായി സംഘപരിവാർ 'ഹിന്ദുരാഷ്ട്രം' എന്ന ലക്ഷ്യം വെച്ച് മുന്നോട്ട് പോകുമ്പോൾ, അതിനെതിരെ ശക്തമായ നിലപാട്, കോൺഗ്രസ്സ് സ്വീകരിക്കു ന്നില്ല. അവർ വർഗീയതയുമായി സന്ധി ചെയ്യുകയാണ്. ചില സംസ്ഥാനങ്ങളിൽ ഭരണം നടത്തുന്ന സംസ്ഥാനപാർട്ടികളും ബിജെപിയുമായി ചേർന്ന് നിൽക്കുന്നു. ബിജെപി വിരുദ്ധസർക്കാരുകളെ, കേന്ദ്രഭരണസംവിധാനങ്ങൾ ഉപയോഗിച്ച് അട്ടിമറിക്കുന്നു. മഹാരാഷ്ട്ര ഒടുവിലത്തെ അനുഭവമാണ്.

സംസ്ഥാനങ്ങളുടെ അധികാരത്തിൽ, കേന്ദ്രസർക്കാർ കടന്നു കയറുന്നു. ഇത് ഭരണഘടനാവിരുദ്ധമാണ്. ജിഎസ്ടിയിലൂടെ, സംസ്ഥാനങ്ങളുടെ സാമ്പത്തിക സ്രോതസ്സുകളെ ദുർബലപ്പെടുത്തി. സംസ്ഥാനങ്ങൾക്ക് വായ്പയെടുക്കാനുള്ള അവകാശം ചുരുക്കി. സംസ്ഥാനങ്ങളെ സാമ്പത്തികമായി തകർക്കുന്നു. കേരള ത്തിലെ അനുഭവം ഇതെല്ലാം വ്യക്തമാക്കുന്നതാണ്.

കേന്ദ്ര ഏജൻസികൾ (എൻ.ഐ.എ, ഇ.ഡി, സി.ബി.ഐ) ബിജെപി ഇതര സംസ്ഥാന സർക്കാരുകളെ തകർക്കാൻ, സംഘടിതമായി ഇടപെടുകയാണ്. പ്രതിപക്ഷ പാർട്ടികളുടെ നേതാക്കളെ കേന്ദ്ര ഏജൻസികൾ വേട്ടയാടുന്നു. കേരളത്തിലെ എൽ.ഡി.എഫ് സർക്കാർ, ഈ വേട്ടയാടലിനിരയാണ്. ദേശീയ തലത്തിൽ, കേന്ദ്രഏജൻസികളുടെ ഇടപെടിലിനെ എതിർക്കുന്ന കോൺഗ്രസ്സ്, കേരളത്തിലെ ഇടപെടലിനെ സ്വാഗതം ചെയ്യുന്നു. സംഘപരിവാർ ഉയർത്തുന്ന വർഗ്ഗീയ അമിതാധികാര ഭീഷണികളെ നേരിടാൻ, മതനിരപേക്ഷ ശക്തികളെ യോജിപ്പിക്കാനും, ബഹുജന പ്രസ്ഥാനം ശക്തിപ്പെടുത്താനും, കോൺഗ്രസ് ഒരു പങ്കും വഹിക്കുന്നില്ല.

ഈ സാഹചര്യത്തിൽ, മതനിരപേക്ഷത, ജനാധിപത്യം, ഭരണഘടന എന്നിവ സംരക്ഷിക്കാനുള്ള പോരാട്ടം ശക്തിപ്പെടുത്താൻ തൊഴിലാളിവർഗ്ഗം മുൻപന്തി യിൽ വരണം. അദ്ധ്വാനിക്കുന്ന വർഗ്ഗങ്ങളുടെ താൽപ്പര്യങ്ങളും അവകാശങ്ങളും സംരക്ഷിക്കാനുള്ള പോരാട്ടങ്ങളോടൊപ്പം, രാജ്യതാല്പര്യം സംരക്ഷിക്കാനുള്ള മുദ്രാവാക്യങ്ങളും തൊഴിലാളിവർഗ്ഗം ഉയർത്തണം. തൊഴിലാളികൾ, കർഷ കർ, കർഷകതൊഴിലാളികൾ എന്നീ വിഭാഗങ്ങളെല്ലാം ഐക്യപ്പെട്ട് നടത്തുന്ന പ്രക്ഷോഭങ്ങൾ ശക്തിപ്പെടുത്തണം.





### സ്വാതന്ത്ര്യത്തിന് 75 വർഷം പിന്നിടുമ്പോൾ

# രാജ്യം വീണ്ടും അടിമത്തത്തിലേക്കോ!

**മതനിരപേക്ഷതയും ഭരണഘടനാമൂല്യങ്ങളും ജനാധിപത്യപൗരാവകാശങ്ങളും സർവോപരി നാടിന്റെ സ്വാതന്ത്ര്യവും സംരക്ഷിക്കാനുള്ള കടമ ഓർമ്മപ്പെടുത്തലും അതിനുവേണ്ടി സജ്ജമാകാനുള്ള സന്ദേശമാണ് 75-ാം സ്വാതന്ത്ര്യദിനാഘോഷത്തിൽ നൽകാനുള്ളത്.**



**ആനത്തലവട്ടം ആനന്ദൻ**

രണ്ടു നൂറ്റാണ്ടുകാലം ബ്രിട്ടീഷ് ആധിപത്യത്തിൽ അടിമകളായി കഴിഞ്ഞ ജനതയും രാജ്യവും 1947 ആഗസ്റ്റ് 15 ന് സ്വതന്ത്രരായി. അര നൂറ്റാണ്ടിലേറെക്കാലം ഇന്ത്യൻ ജനത നടത്തിയ ദീർഘവും ക്ലേശകരവും യാതനാപൂർണവുമായ സമരത്തിലൂടെയാണ് സ്വാതന്ത്ര്യം നേടിയെടുത്തത്. ആയിരങ്ങളുടെ ജീവത്യാഗത്തിന്റെ ചരിത്രം അതിന്റെ പിന്നിലുണ്ട്.

1919–ൽ മഹാത്മാഗാന്ധിയെ പഞ്ചാബിൽ വച്ച് അറസ്റ്റ് ചെയ്യുമ്പോഴും 1908 ൽ ബാലഗംഗാധരതിലകനെ ബ്രിട്ടീഷ് പോലീസ് അറസ്റ്റ് ചെയ്ത് ജയിലിലടക്കുമ്പോഴും ഇന്ത്യൻ തൊഴിലാളികൾ പണിആയുധങ്ങൾ താഴെവച്ച് പണിമുടക്കി, തെരുവിൽ ഇറങ്ങി പ്രതിഷേധപ്രകടനം നടത്താനും ബ്രിട്ടീഷ് പോലീസുമായി ഏറ്റുമുട്ടാനും തയ്യാറായി. ഏറ്റുമുട്ടലിൽ നിരവധി തൊഴിലാളികൾ രക്തസാക്ഷികളായി.

1942 ൽ കോൺഗ്രസ് ക്വിറ്റ് ഇന്ത്യ പ്രമേയം പാസാക്കിയതിനെ തുടർന്ന് രാജ്യമാകെ ഇളകിമറിഞ്ഞു. ജനങ്ങൾ തെരുവിലിറങ്ങി . കൂട്ടത്തോടെ തെരുവിലിറങ്ങിയ തൊഴിലാളികൾ ബ്രിട്ടീഷ് പോലീസുമായി ഏറ്റുമുട്ടി, കൊടിയ മർദ്ദനം അഴിച്ചുവിട്ട ബ്രിട്ടീഷ് പോലീസിന്റെ വെടിവെപ്പിൽ 1060 പേർ രക്തസാക്ഷികളായി.

അങ്ങനെ ജീവൻ നല്കി നേടിയ സ്വാതന്ത്ര്യം നഷ്ടപ്പെടുന്ന സ്ഥിതിയിലാണ് ഇപ്പോൾ ഇന്ത്യ. 1947ൽ ഇന്ത്യ സ്വതന്ത്രയാകുമ്പോൾ പട്ടിണിരാജ്യമായിരുന്നു. 34 കോടി 45 ലക്ഷം പേരായിരുന്നു അന്നത്തെ ജനസംഖ്യ. ബംഗാൾ ക്ഷാമം ഉൾപ്പെടെയുള്ള ഭക്ഷ്യക്ഷാമത്തിന്റെ ഫലമായി 40 ലക്ഷത്തിലധികം പേർ പട്ടിണികൊണ്ട് മരിച്ചു. വ്യാവസായികമായി ഏറെ പിന്നോക്കമായിരുന്നു രാജ്യം. അന്ന് അറിയപ്പെട്ട 4 കുത്തകമുതലാളി കുടുംബങ്ങളേ ഉണ്ടായിരുന്നുള്ളൂ. ടാറ്റ, ബർള, ഗോയൻങ്കേ, ഡാൽമിയ ഇവരായിരുന്നു അവർ. ഇതിൽ പ്രധാനിയായ ടാറ്റായുടെ സ്വത്ത് 30 കോടി മാത്രം. മറ്റുള്ളവരുടെ സ്വത്ത് അതിൽ താഴെയും.

ഇന്ത്യയുടെ ജനസംഖ്യ ഇന്ന് (2022 ൽ) 140 കോടിയാണ്. ഇവർക്കാകെ ഭക്ഷിക്കാനുള്ള അരിയും ഗോതമ്പും പയർ വർഗ്ഗങ്ങളും ഇവിടെ ഉല്പാദിപ്പിക്കുന്നു. അത്യാവശ്യത്തിനു കയറ്റുമതിക്കുള്ള ഭക്ഷ്യസാധനവും നമ്മുടെ പക്കൽ ഉണ്ടെന്നാണ് പ്രധാനമന്ത്രിയുടെ അവകാശവാദം. ഇന്ത്യൻ കൃഷക്കാരും കോടിക്കണക്കിന് തൊഴിലാളികളും ചോര നീരാക്കി പണിയെടുത്തതിന്റെ മിച്ചമൂല്യമാണ് ഇന്ന് കാണുന്ന ഭക്ഷ്യസമ്പത്ത്. കാർഷികോല്പാദനത്തിലും തൊഴിലാളികളുടെ അദ്ധ്വാനമാകുന്ന മൂലധനം മുടക്കിയാണ് ഈ വളർച്ച കൈവരിച്ചിട്ടുള്ളത്.

അല്ലാതെ 4 കുത്തക മുതലാളിമാരുടെ പക്കൽ ഉണ്ടായിരുന്ന സമ്പത്തോ, ഭരിക്കാൻ വന്നവരുടെ കുടുംബസ്വത്തോ മുടക്കിയല്ല ഇന്നത്തെ ഇന്ത്യയെ സൃഷ്ടിച്ചത്.

സ്വാതന്ത്ര്യത്തിന്റെ 75 വർഷം ആഘോഷിക്കുമ്പോൾ ജനത നേടിയ സമസ്ത നേട്ടങ്ങളും ഒന്നൊഴിയാതെ വൻകിട കോർപ്പറേറ്റുകൾക്ക് തീറെഴുതുകയാണ്. പൊതുമേഖലാസ്ഥാപനങ്ങൾ പൊതുജനങ്ങളുടെ സ്വത്താണ്. വാർത്താവിനിമയ മേഖല വിദേശ കമ്പനികളുടെയും അംബാനിയുടെ ജിയോയുടെയും നിയന്ത്രണത്തിലാവുന്നു. കമ്പി തപാൽ വകുപ്പ് അടച്ചുപൂട്ടുന്നു. രാജ്യമെമ്പാടുമുള്ള ആഫീസുകൾ മേൽപ്പറഞ്ഞ കോർപ്പറേറ്റ് കമ്പനികൾക്ക് വിൽക്കുന്നു. ഏഷ്യയിലെ ഏറ്റവും വലിയ റയിൽവേ, ഇന്ത്യൻ റയിൽവേയാണ്. 1.5 ലക്ഷം ഹെക്ടർ ഭൂമി സ്വന്തമായുള്ള ഏറ്റവും വലിയ പൊതുമേഖലാസ്ഥാപനം. ഇതിനകം 150 തീവണ്ടികൾ മുതലാളിമാർക്കു വിറ്റു. 400 റയിൽവേസ്റ്റഷനുകളും പരിസരത്തുള്ള വിശാലമായ ഭൂമിയും, എഞ്ചിനും കോച്ചുനിർമ്മാണ ഫാക്ടറികളും മുതലാളിമാർക്കു വിറ്റു. തുറമുഖങ്ങളും, വിമാനങ്ങളും വിമാനത്താവളങ്ങളും വിറ്റു. മഹാരത്ന കമ്പനികളും നവരത്നക്കമ്പനികളും വില്ക്കുന്നു. പട്ടാളക്കാർക്ക് സഞ്ചരിക്കാനുള്ള കവചിത വാഹനങ്ങൾ നിർമ്മിക്കുന്ന ബമലും 42 ലധികം ആയുധനിർമ്മാണശാലകളും വിൽപ്പനക്കിട്ടിരിക്കുന്നു. ജനങ്ങളുടെ നികുതിപ്പണം കൊണ്ട് നിർമ്മിക്കുന്ന നാഷണൽ ഹൈവേയും 25000 കിലോമീറ്റർ വീതം മുറിച്ച് 30 വർഷത്തേക്ക് പാട്ടത്തിന് നൽകുന്നു. ഏറ്റവും ഒടുവിൽ, ലോകത്തുതന്നെ നമ്പർ വൺ ആയിട്ടുള്ള 1956 ൽ സ്ഥാപിതമായതും കേന്ദ്രഗവൺമെന്റിനും പോളിസി ഉടമകൾക്കും ലാഭവിഹിതം നൽകിവരുന്ന അക്ഷയഖനിയുമായ എൽ.ഐ.സിയും കോർപ്പറേറ്റുകൾക്ക് വിൽക്കുന്നു.

ഇനി അവശേഷിക്കുന്നത് കുറേ തരിശു ഭൂമിയും 140 കോടി ജനങ്ങളും മാത്രം. ദേശീയ ആസ്തി വിൽപ്പനയും ലാന്റ് മൊബലൈസേഷൻ പദ്ധതിയും പ്രകാരം സർക്കാർ അധീനതയിലുള്ള ഭൂമിയും വില്ക്കാനിട്ടിരിക്കുന്നു. ഭൂമിക്കടിയിലുള്ള വിഭവങ്ങളും ഒഴിവാക്കിയിട്ടില്ല. കൽക്കരിയും, ഇരുമ്പയിരും, കരിമണലും, എണ്ണ പര്യവേഷണവും ഓയിൽ കമ്പനികളും സ്വകാര്യ മുതലാളിമാരെ ഏൽപ്പിക്കുകയാണ്. ഒടുവിൽ കടലും വിൽക്കുന്നു. കരയിൽ നിന്ന് 12 നോട്ടിക് മൈൽ വരെ മാത്രമേ സംസ്ഥാനഗവൺമെന്റുകൾക്ക് അവകാശമുള്ളൂ. അതിനപ്പുറം ആഴക്കടലിന്റെ നിയന്ത്രണവും അവകാശവും കേന്ദ്രഗവൺമെന്റിനാണ്. ആഴക്കടൽ മത്സ്യബന്ധത്തിനുള്ള അവകാശം പടുകൂറ്റൻ വിദേശമത്സ്യബന്ധനക്കപ്പലുകൾക്ക് തീറെഴുതുവാൻ അനുമതി നൽകുന്ന ”ബ്ലൂ എക്കണോമി” പദ്ധതി അംഗീകരിച്ചിരിക്കുന്നു.

**സ്വാതന്ത്ര്യത്തിന്റെ 75 വർഷം ആഘോഷിക്കുമ്പോൾ ജനത നേടിയ സമസ്ത നേട്ടങ്ങളും ഒന്നൊഴിയാതെ വൻകിട കോർപ്പറേറ്റുകൾക്ക് തീറെഴുതുകയാണ്. കോർപ്പറേറ്റിസമാണ് ഇവിടെ നടക്കുന്നത്. അതിനെ ഫാസിസമെന്നും വിളിക്കാം. ഭരണപരമായി മോദി ഗവൺമെന്റ് സ്വീകരിക്കുന്ന ഓരോ നടപടിയും ഏകാധിപധ്യവാഴ്ചയുടെ വിളംബര സൂചനകളാണ്.**



സ്വാതന്ത്ര്യാനന്തര ഭാരതം സമ്പാദിച്ച സമ്പത്ത് മുഴുവൻ വിദേശകോർപ്പറേറ്റുകൾക്കും ഇന്ത്യൻ കോർപ്പറേറ്റുകൾക്കും കൈപിടിയിലൊതുക്കാൻ എല്ലാ നടപടികളും സ്വീകരിച്ചു കഴിഞ്ഞിരിക്കുന്നു. ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ നേതൃത്വത്തിലുള്ള വിദേശഗവൺമെന്റിൽനിന്നുംനേടിയ സ്വാതന്ത്ര്യം അവരേക്കാൾ എത്രയോ ശക്തരായ ബ്രിട്ടീഷ്, അമേരിക്കൻ, ഇന്ത്യൻ കോർപ്പറേറ്റുകളുടെ പിടിയിൽ അമരുകയാണ്. 75 വർഷക്കാലം ഇന്ത്യൻ ജനത നേടിയ സമ്പത്തെല്ലാം അവരുടെ പക്കൽ കേന്ദ്രീകരിക്കപ്പെട്ടിരിക്കുന്നു.

ഇന്ത്യൻ സമ്പത്തിന്റെ 90% വും 1% വരുന്ന ശതകോടീശ്വരന്മാരുടെ പക്കൽ കേന്ദ്രീകരിക്കപ്പെട്ടിരിക്കുന്നു. 99% വരുന്ന ജനതക്ക് രാഷ്ട്ര സമ്പത്തിന്റെ 10% മാത്രമേ അവകാശമുള്ളൂവെന്നാണ് ഓക്സ്ഫോം വെളിപ്പെടുത്തുന്നത്.

ഇന്ത്യയുടെ തൊഴിൽ ശക്തി 94 കോടി ജനങ്ങളാണ്. ഇതിൽ 56 കോടി പേർക്കാണ് തൊഴിലുള്ളത്. പുതിയ തൊഴിൽ സൃഷ്ടിക്കുന്നില്ല. പെട്രോൾ, ഡീസൽ, മണ്ണെണ്ണ, പാചകവാതക വിലകൾ ദിനംപ്രതി വർദ്ധിപ്പിക്കുകയാണ്. ഗ്ലോബൽ ഹംഗർ ഇൻഡക്സിൽ ഇന്ത്യയുടെ സ്ഥാനം 197–ൽ 101–ാമതാണ്. യു.എൻ.വേൾഡ് ഹാപ്പിനസ് റിപ്പോർട്ടിൽ ഇന്ത്യയുടെ സ്ഥാനം 153–ൽ 144 ആണ്. സമ്പത്തില്ലായ്മ കൊണ്ടല്ല ഇങ്ങനെ സൂചിക കാണിക്കുന്നത്. മറിച്ച് സമ്പത്ത് 1% ആളുകളുടെ കയ്യിൽ കേന്ദ്രീകരിക്കാൻ ഭരണകൂടനയങ്ങൾ സഹായിക്കുന്നതുകൊണ്ടാണ്.

75 വർഷം കൊണ്ട് നേടിയവ മുഴുവൻ, കോർപ്പറേറ്റുകളുടെ കൈപ്പിടിയിലൊതുക്കാനാണ് ഭരണകൂട നയങ്ങൾ സഹായിച്ചത്. കോർപ്പറേറ്റിസമാണ് ഇവിടെ നടക്കുന്നത്. അതിനെ ഫാസിസമെന്നും വിളിക്കാം. ഭരണപരമായി മോദി ഗവൺമെന്റ് സ്വീകരിക്കുന്ന ഓരോ നടപടിയും ഏകാധിപധ്യ വാഴ്ചയുടെ വിളംബര സൂചനകളാണ്. സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ 27 അംഗങ്ങളെ പാർലമെന്റിൽ നിന്ന് ഒരു സമ്മേളനത്തിൽ സസ്പെന്റ് ചെയ്യുന്നത് ചരിത്രത്തിൽ ആദ്യമായാണ്. പാർലമെന്റിലെ ഭൂരിപക്ഷം ഉപയോഗിച്ച് കോവിഡ് കാലത്ത് പാസ്സാക്കിയ നിയമങ്ങൾ ജനപ്രതിനിധികളെ നോക്കുകുത്തിയാക്കുകയായിരുന്നു. കൃഷിക്കാരെയും തൊഴിലാളികളെയും ദ്രോഹിക്കുന്ന കർഷകദ്രോഹനിയമങ്ങളും 4 ലേബർ കോഡും പാസാക്കിയത് കോവിഡിന്റെ മറവിലാണ്. പ്രതിഷേധിക്കാനോ വോട്ടവകാശം രേഖപ്പെടുത്താനോ പോലും അവസരം നൽകാതെ മൃഗീയ ഭൂരിപക്ഷം ഉപയോഗിച്ച് പാസാക്കിയെടുത്തു. ഒരു വർഷം നീണ്ട കൃഷിക്കാരുടെ സമരത്തിനൊടുവിൽ കർഷകദ്രോഹനിയമങ്ങൾ പിൻവലിച്ചു. തൊഴിലാളികളുടെ രാജ്യവ്യാപകപ്രതിഷേധം അലയടിച്ചുയർന്നപ്പോൾ ലേബർകോഡ് നടപ്പാക്കാൻ കഴിയാതെയായി.

പാർലമെന്റ് ജനങ്ങളുടെ വികാരവിചാരങ്ങൾ പ്രകടിപ്പിക്കുന്ന വേദിയായാണ് ഇതുവരെ ഉപയോഗിച്ചു വരുന്നത്. എന്നാൽ ഗവൺമെന്റിന് സ്തുതി ഗീതം പാടുന്ന വാക്കുകളെ പാർലമെന്റിൽ പാടുള്ളൂവെന്നും അഴിമതി, കൈക്കൂലി, രാജ്യദ്രോഹം, ബലാത്സംഗം, സ്ത്രീപീഢനം, കരഞ്ചന്ത, വിലക്കയറ്റം, തൊഴിലില്ലായ്മ ഈ പദങ്ങൾ ഒന്നും പറയാൻ പാടില്ല എന്നും വിലക്കു കൽപ്പിച്ചിരിക്കുന്നു. ഭരണകൂടത്തിന്റെ ജനദ്രോഹനയങ്ങളെ വിമർശിക്കാനും ജനങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ അധികാരി വർഗത്തിനു മുന്നിൽ അവതരിപ്പിക്കാനും പാർലമെന്റിൽ അവസരം നിഷേധിക്കുന്നത് ജനാധിപത്യത്തിന്റെ കടക്കൽ കത്തിവയ്ക്കലാണ്.

## കേന്ദ്ര ഏജൻസികൾ ബിജെപിയുടെ രാഷ്ട്രീയ സമ്മർദത്തിൽ

ഭരണഘടന സ്ഥാപനങ്ങളെയെല്ലാം എക്സിക്യൂട്ടീവിന്റെ നിയന്ത്രണത്തിന് വിധേയമാക്കിക്കഴിഞ്ഞിരിക്കുന്നു. ഇലക്ഷൻ കമ്മീഷൻ, റിസർവ് ബാങ്ക്, വിജിലൻസ് കമ്മീഷൻ, അന്വേഷണ ഏജൻസികൾ, ഏറ്റവുമൊടുവിൽ ജുഡീഷ്യറിയെയും എക്സിക്യൂട്ടീവിന്റെ താൽപ്പര്യത്തിന് വിധേയമാക്കിക്കഴിഞ്ഞു.

എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിനെ (ഇഡി) ബിജെപി ഇതര സംസ്ഥാന ഗവൺമെന്റുകളെ അട്ടിമറിക്കാനും എംഎൽഎ മാർ, പാർട്ടി നേതാക്കൾ എന്നിവരെ മറ്റു പാർട്ടികളിൽ നിന്ന് അടർത്തിയെടുക്കാനും ഉപയോഗിക്കുന്നു.

കേരളത്തിൽ എംഎൽഎമാരെ വിലയ്ക്ക് വാങ്ങി ഗവൺമെന്റിനെ അട്ടിമറിക്കാൻ കഴിയാത്തതുകൊണ്ട് സാമ്പത്തിക ഉപരോധം ഏർപ്പെടുത്തി ബുദ്ധിമുട്ടിച്ച് ജനങ്ങളെ ഗവൺമെന്റിന് എതിരായി തിരിച്ചുവിടാനാണ് ഇഡിയെ ഉപയോഗിക്കുന്നത്. ന്യായമായും 3.9 % നികുതി വിഹിതം കേരളത്തിന് നൽകേണ്ട സ്ഥാനത്ത് 1.9% മാത്രം നൽകി വീർപ്പുമുട്ടിക്കുകയാണ്. വികസനപ്രവർത്തനങ്ങൾക്ക് സംസ്ഥാനസർക്കാർ കിഫ്ബി പോലുള്ള സംവിധാനങ്ങൾ ഉപയോഗിച്ച് പണം കണ്ടെത്തുന്നതിന് തടസ്സപ്പെടുത്താനും ഇഡിയെ ഉപയോഗിക്കുന്നു. ഏറ്റവും ഒടുവിൽ മുൻ ധനമന്ത്രി ഡോ.തോമസ് ഐസകിനെതിരെയുള്ള ഇഡിയുടെ നീക്കം ഈ ലക്ഷ്യത്തോടുകൂടിയാണ്.

ഇഡി ഇതിനകം മൂവായിരത്തോളം കേസുകൾ ചാർജ്ജ് ചെയ്തിട്ട് 23 കേസുകളിൽ മാത്രമാണ് കോടതികൾ അനുകൂലമായി വിധിച്ചിട്ടുള്ളത്. മഹാഭൂരിപക്ഷവും കള്ളക്കേസുകളാണെന്നുകണ്ട് കോടതികൾ തള്ളിക്കളഞ്ഞതായി ലോകസഭയിൽ അടുത്ത കാലത്ത് വെളിപ്പെടുത്തുകയുണ്ടായി. ഭീഷണിപ്പെടുത്തി കീഴ്പ്പെടുത്തലും അപമാനിക്കലുമാണ് ഈ ഏജൻസിയെക്കൊണ്ട് ഗവൺമെന്റ് നിർവഹിക്കുന്നത്. മതനിരപേക്ഷതയും ഭരണഘടനാമൂല്യങ്ങളും ജനാധിപത്യപൗരാവകാശങ്ങളും സർവോപരി നാടിന്റെ സ്വാതന്ത്ര്യം സംരക്ഷിക്കാനുള്ള കടമ ഓർമ്മപ്പെടുത്തലും അതിനുവേണ്ടി സജ്ജമാകാനുള്ള സന്ദേശമാണ് 75–ാം സ്വാതന്ത്ര്യദിനാഘോഷത്തിൽ നൽകാനുള്ളത്.●

# പാർലമെന്റിനെ നിർജീവമാക്കുന്നു

ജനപ്രതിനിധികൾക്ക് ജനങ്ങളുടെ നീറുന്ന പ്രശ്നങ്ങൾ പാർലമെന്റിൽ ഉന്നയിക്കാനോ പ്രതിഷേധിക്കാനോ ഉള്ള അവകാശം പോലും നഷ്ടപ്പെടുകയാണ്. ഭരണഘടനാപരമായി ജനാധിപത്യത്തിൽ അടിയുറച്ച ഒരു രാജ്യത്തെ പാർലമെന്റ് ഉൾപ്പെടെയുള്ള ഭരണസംവിധാനങ്ങളെ മോദി സർക്കാർ എത്രമാത്രം അപകടാവസ്ഥയിലേക്ക് തള്ളിവിടുന്നുവെന്നാണ് ഇത് വ്യക്തമാക്കുന്നത്. രാജ്യത്ത് രൂക്ഷമായിക്കൊണ്ടിരിക്കുന്ന വിലക്കയറ്റം, തൊഴിലില്ലായ്മ തുടങ്ങിയ ജീവൽപ്രശ്നങ്ങളെക്കുറിച്ച് ചർച്ച ചെയ്യണമെന്ന ആവശ്യം തുടർച്ചയായി നിഷേധിച്ചതിനെതിരെ പ്രതിഷേധിച്ചതിനാണ് പാർലമെന്റിലെ സസ്പെൻഷൻ. രാജ്യസഭയിൽ മൂന്നു ദിവസത്തിനിടെ രണ്ട് സിപിഐ എം അംഗങ്ങൾ ഉൾപ്പെടെ 23 പേരെയാണ് സസ്പെൻഡ് ചെയ്തത്. എഐസിസി പ്രസിഡന്റ് സോണിയ ഗാന്ധിയെ ഇഡി ചോദ്യം ചെയ്യുന്നതിനെതിരെ പ്ലക്കാർഡുമായി നടുത്തളത്തിലിറങ്ങി പ്രതിഷേധിച്ചതിന് നാല് ലോക് സഭാ അംഗങ്ങളെയും സമ്മേളന കാലയളവുവരെ സസ്പെൻഡ് ചെയ്തു.




ഭരണഘടന ഉറപ്പുനൽകുന്ന അഭിപ്രായപ്രകടനസ്വാതന്ത്ര്യം, പ്രതിഷേധിക്കാനുള്ള അവകാശം തുടങ്ങിയ മൗലികാവകാശങ്ങൾ പാർലമെന്റിനുള്ളിൽപ്പോലും അനുവദിക്കില്ലെന്ന ധാർഷ്ട്യമാണ് സർക്കാർ പ്രകടിപ്പിക്കുന്നത്. സമ്പന്നരെ സഹായിക്കുകയും സാധാരണക്കാരെയും ദരിദ്രരെയും കൊള്ളയടിക്കുകയും ചെയ്യുന്ന മോദി സർക്കാരിന്റെ വിനാശകരമായ നയങ്ങൾക്കെതിരായ വിമർശം ഉന്നയിക്കുന്നത് പൂർണമായും തടയുകയുണ്ടായി.

പാർലമെന്റ് അംഗങ്ങൾ ഉപയോഗിക്കുന്ന വാക്കുകൾക്ക് വിലക്കേർപ്പെടുത്തി. സർക്കാരിനെയും മന്ത്രിമാരെയും വിമർശിക്കാൻ ഉപയോഗിക്കുന്ന അഴിമതിക്കാരൻ, സ്വേച്ഛാധിപതി, വഞ്ചന തുടങ്ങി അറുപതിലേറെ വാക്കുകളാണ് നിരോധിച്ചത്. തൊട്ടടുത്ത ദിവസം തന്നെ പാർലമെന്റ് വളപ്പിൽ പ്രതിഷേധങ്ങൾ നിരോധിച്ച് ഉത്തരവിറക്കി. ഇതിനു പിന്നാലെയാണ് പാർലമെന്റിനകത്ത് ജനാധിപത്യപരമായ രീതിയിൽ പ്രതിഷേധിച്ച അംഗങ്ങളെ സസ്പെൻഡ് ചെയ്തു തുടങ്ങിയത്.

ചട്ടപ്രകാരം ജനങ്ങളുടെ ജീവിതപ്രശ്നങ്ങൾ ഉന്നയിച്ച് പ്രതിപക്ഷം നൽകുന്ന നോട്ടീസ് അംഗീകരിക്കാൻ പോലും സർക്കാർ തയ്യാറാകുന്നില്ല. പ്രതിപക്ഷത്തിന്റെ ശബ്ദം അടിച്ചമർത്താൻ സർക്കാരിനൊപ്പം സഭാ അധ്യക്ഷന്മാരും കൂട്ടുനിൽക്കുന്നു. എല്ലാ വിഷയങ്ങളും പാർലമെന്റിൽ ചർച്ചചെയ്യാൻ സന്നദ്ധമാണെന്ന് സർവകക്ഷി യോഗത്തിൽ ഉറപ്പുനൽകിയശേഷം ജനകീയപ്രശ്നങ്ങൾ പ്രതിപക്ഷം ഉന്നയിക്കുമ്പോൾത്തന്നെ സർക്കാർ ഇത്തരം ചർച്ചകളെ ബോധപൂർവം അട്ടിമറിക്കുന്നു. എല്ലാവിധ ചർച്ചകളെയും സർക്കാർ ഭയപ്പെടുകയാണ്. അതുകൊണ്ടാണ് ചർച്ച നിഷേധിച്ചതിനെതിരെ പ്രതിഷേധിച്ച അംഗങ്ങളെ സസ്പെൻഡ് ചെയ്യുന്നത്. സർക്കാരിന്റെ ഭീഷണികളെ തള്ളിക്കളഞ്ഞുകൊണ്ട് സസ്പെൻഷനിലായ അംഗങ്ങൾ പാർലമെന്റ് വളപ്പിലെ ഗാന്ധിപ്രതിമയ്ക്കു മുന്നിൽ രാപ്പകൽ സമരം നടത്തുകയാണ്.

രണ്ടാം മോദി സർക്കാർ എല്ലായിടത്തും ഫാസിസ്റ്റ്ശൈലി ഉപയോഗിക്കുകയാണ്. ആധുനിക ഫാസിസ്റ്റുകൾ ജനാധിപത്യവാദികളാകുകയും പ്രവൃത്തിപഥത്തിൽ ജനാധിപത്യസ്ഥാപനങ്ങളെ ഒന്നൊന്നായി ഇല്ലാതാക്കുകയുമാണ്. ജനങ്ങൾക്ക് അവകാശപ്പെട്ട സ്ഥാപനങ്ങളെയും ഇടങ്ങളെയും ഇല്ലായ്മ ചെയ്യുന്നു. മാധ്യമങ്ങൾ, ധനസ്ഥാപനങ്ങൾ, പൊതുമേഖലകൾ തുടങ്ങിയവയെല്ലാം കോർപറേറ്റുകൾക്കായി കൈമാറുന്നു. ജനങ്ങൾക്കുവേണ്ടിയാണ് ഇതെല്ലാം ചെയ്യുന്നതെന്ന ന്യായവും ഉയർത്തുന്നു. ജനാധിപത്യമാർഗത്തിലൂടെയുള്ള പ്രതിഷേധങ്ങളെപ്പോലും രാജ്യദ്രോഹമെന്ന പേരിൽ അടിച്ചമർത്തുന്നു. ജനങ്ങൾക്കുവേണ്ടി സംസാരിക്കുന്നതുപോലും ബിജെപിയും മോദി സർക്കാരും ദേശവിരുദ്ധമെന്ന് പ്രഖ്യാപിക്കുന്നു. ഇപ്പോൾ ജനാധിപത്യത്തെയും സ്വാതന്ത്ര്യത്തെയും അട്ടിമറിച്ച് പാർലമെന്റിനെ നിർജീവമാക്കുന്ന സ്ഥിതിയാണ്.

## രാഷ്ട്രീയ ലക്ഷ്യങ്ങളോടെ കേന്ദ്രം

# കേരളത്തെ സാമ്പത്തികമായി ഞെരുക്കുന്നു




കിഫ്ബിക്കെതിരായി ഇ.ഡിയേയും ആദായ നികുതി വകുപ്പിനെയും കേന്ദ്രസർക്കാർ ഉപയോഗിച്ചുകൊണ്ടിരിക്കുകയാണ്. കിഫ്ബി നടത്തിവരുന്ന വികസന പ്രവർത്തനങ്ങളും 60 ലക്ഷത്തോളം പേർക്ക് ക്ഷേമ പെൻഷൻ വിതരണം ചെയ്യുന്ന കെ.എസ്.എസ്.പി.എൽന്റെ പ്രവർത്തനത്തെയും തടസ്സപ്പെടുത്തുക എന്നതാണ് സിഃഎജിയുടെ ലക്ഷ്യം

കേരളത്തിന്റെ വികസനത്തെയും പുരോഗതിയെയും അട്ടിമറിയ്ക്കുന്ന തരത്തിൽ കഴിഞ്ഞ കുറെ നാളുകളായി കേന്ദ്രസർക്കാർ നിരന്തരമായ ഇടപെടലുകൾ വിവിധ രൂപത്തിൽ നടത്തിക്കൊണ്ടിരിക്കുകയാണ്. ഇന്ത്യൻ ഭരണഘടന വിഭാവനം ചെയ്യുന്ന ഫെഡറൽ രാഷ്ട്രീയ സാമ്പത്തിക സംവിധാനങ്ങളെയാകെ ചോദ്യം ചെയ്യുന്ന തരത്തിലാണ് കേന്ദ്രസർക്കാരിന്റെ ഈ ഇടപെടലുകൾ. ഭരണഘടനാ വ്യവസ്ഥകളെ തെറ്റായി വ്യാഖ്യാനിച്ച് കേരളത്തിന്റെ എന്നല്ല, എല്ലാ സംസ്ഥാനങ്ങളുടെയും താൽപ്പര്യങ്ങളെ ഹനിക്കുന്ന നിലപാടാണ് കേന്ദ്രസർക്കാർ എടുത്തുകൊണ്ടിരിക്കുന്നത്. ധനകാര്യ കമ്മീഷന്റെ ധനകൈമാറ്റ അനുപാതത്തിൽ കേരളത്തിന് പ്രതികൂലമായ വിധത്തിൽ കുറവും വരുത്തിക്കൊണ്ടിരിക്കുകയാണ്. കേന്ദ്ര ഏജൻസികളായ കംപ്ട്രോളർ ആൻറ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ, എൻഫോഴ്സ്മെൻറ് ഡയറക്ടറേറ്റ്, ആദായ നികുതി വകുപ്പ്, റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ എന്നിവയെ എല്ലാം ഉപയോഗിച്ച് സംസ്ഥാനങ്ങളുടെ രാഷ്ട്രീയ സാമ്പത്തിക കാര്യങ്ങളിൽ കേന്ദ്രസർക്കാർ അനാവശ്യ ഇടപെടൽ നടത്തിക്കൊണ്ടിരിക്കുകയാണ്.



**കെ.എൻ ബാലഗോപാൽ**
ധനകാര്യ മന്ത്രി

### ധനകാര്യ കമ്മീഷന്റെ വിഹിതത്തിലെ കുറവ്

ധനകാര്യ കമ്മീഷന്റെ മാർഗ്ഗരേഖ പ്രകാരം സംസ്ഥാനങ്ങൾക്ക് വിതരണം ചെയ്യേണ്ട പണത്തിന്റെ കാര്യത്തിൽ കാര്യമായ വ്യതിയാനം ക്രമാനുഗതമായി വന്നുകൊണ്ടിരിക്കുകയാണ്. ഈ മാറ്റങ്ങൾ കേരളത്തിന്റെ താൽപ്പര്യങ്ങൾക്ക് തികച്ചും വിരുദ്ധമാണ്. പത്താം ധനകാര്യ കമ്മീഷന്റെ കാലത്ത് ഡിവിസിബിൾ പൂളിൽ നിന്നും ലഭിച്ചിരുന്ന കേരളത്തിന്റെ വിഹിതം 3.875 ശതമാനമായിരുന്നു. എന്നാൽ പതിനഞ്ചാം ധനകാര്യകമ്മീഷന്റെ കാലമായപ്പോൾ അത് 1.925 ശതമാനത്തിലേക്ക് ഇടിഞ്ഞു. കേന്ദ്രസർക്കാർ വിഭവങ്ങൾ സംസ്ഥാന



സർക്കാരുകൾക്ക് പങ്കുവെയ്ക്കുന്നത് ദേശീയ സമ്പത്തിന്റെ വിതരണം എന്ന നിലയിലാണ്. കേന്ദ്രത്തിന് വിഭവം ലഭിക്കുന്നത് അടിസ്ഥാനപരമായി സംസ്ഥാനങ്ങളിൽ നിന്നാണ്. അത് സംസ്ഥാനങ്ങൾക്ക് ന്യായമായ രീതിയിൽ വിതരണം ചെയ്യേണ്ടത് കേന്ദ്രസർക്കാരിന്റെ ഭരണഘടനാപരമായ ബാധ്യതയാണ്.

### കംപ്ട്രോളർ ആൻറ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ ഓഡിറ്റ് റിപ്പോർട്ടുകൾ

സി&എ.ജി അടുത്ത കാലത്തായി കേരളത്തിന്റെ ധനകാര്യ വിഷയങ്ങൾ സംബന്ധിച്ച ഓഡിറ്റ് റിപ്പോർട്ടുകളിലൂടെ ശരിയല്ലാത്ത ചില ഇടപെടലുകളാണ് നടത്തിക്കൊണ്ടി രിക്കുന്നത്. കിഫ്ബി, കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ കമ്പനി ലിമിറ്റഡ് (KSSPL) തുടങ്ങിയ ഏജൻസികൾ എടുക്കുന്ന വായ്പകൾ ബഡ്ജറ്റിൽ ഉൾപ്പെടുത്തി സംസ്ഥാനത്തിന്റെ മൊത്തം കടത്തിന്റെ കണക്കിൽപ്പെടുത്തണം എന്നാണ് സി&എജിയുടെ നിർദ്ദേശം. ഈ നിർദ്ദേശം സംസ്ഥാനത്തിന്റെ താൽപര്യങ്ങൾക്ക് വിരുദ്ധമാണ്. കിഫ്ബി നടത്തി വരുന്ന വികസന പ്രവർത്തനങ്ങളും 60 ലക്ഷത്തോളം പേർക്ക് ക്ഷേമ പെൻഷൻ വിതരണം ചെയ്യുന്ന കെ.എസ്.എസ്.പി.എൽന്റെ പ്രവർത്തനത്തെയും തടസ്സപ്പെടുത്തുക എന്നതാണ് സി&എജിയുടെ ലക്ഷ്യം എന്ന് കണക്കാക്കേണ്ടി വരും.

### എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിന്റെ അന്വേഷണങ്ങൾ

കിഫ്ബി ഇന്ത്യയിൽ നിലനിൽക്കുന്ന എല്ലാ നിയമങ്ങളും നിബന്ധനകളും പാലിച്ച് എടുക്കുന്ന ദേശീയവും വിദേശീയവുമായ വായ്പകളെക്കുറിച്ച് എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് (ഇ.ഡി) നിരന്തരമായ അന്വേഷണങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. 2019 മാർച്ചിൽ പുറത്തിറക്കിയ മസാല ബോണ്ടിലൂടെ വിദേശ വാണിജ്യ വായ്പകളായി 2150 കോടി രൂപ വിജയകരമായി കിഫ്ബി സമാഹരിച്ചിരുന്നു. 1999ലെ ഫോറിൻ എക്സ്ചേഞ്ച് മാനേജ്മെന്റ് ആക്ട് നിഷ്കർഷിച്ച എല്ലാ അനുമതികളും നേടിയ ശേഷമാണ് മസാല ബോണ്ടുകൾ വഴി കിഫ്ബി പണം സമാഹരിച്ചത്. ഈ ബോണ്ടുകൾ ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിലും സിംഗപ്പൂർ സ്റ്റോക്ക് എക്സ്ചേഞ്ചിലും ലിസ്റ്റ് ചെയ്യപ്പെടുകയും ചെയ്തു.

എന്നാൽ കിഫ്ബിയുടെ വിദേശ വായ്പകൾ നിയമവിരുദ്ധമാണെന്ന നിലപാടെടുത്ത് 2021 ഫെബ്രുവരി 3–ന് 1999ലെ ഫെമ ആക്ട് പ്രകാരം കിഫ്ബിയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് സമൻസ് അയക്കുകയുണ്ടായി. കിഫ്ബിയിലെ മറ്റ് ഉദ്യോഗസ്ഥരെയും പലതവണ വിശദമായ ചോദ്യം ചെയ്യലിന് വിധേയമാക്കി. എൻഫോഴ്സ്മെന്റ് ആവശ്യപ്പെട്ട എല്ലാ രേഖകളും അവർക്ക് നൽകുകയുണ്ടായി.

ഇതിനെല്ലാം പുറമേയാണ് മുൻ ധനകാര്യ മന്ത്രിയും കിഫ്ബി വൈസ് ചെയർമാനുമായിരുന്ന ഡോ.ടി.എം.തോമസ് ഐസകിന് സമൻസ് അയച്ചിരിക്കുന്നത്.

### ആദായനികുതി വകുപ്പിന്റെ നടപടികൾ

കിഫ്ബിക്കെതിരായി ആദായനികുതി വകുപ്പിനെയും കേന്ദ്ര സർക്കാർ ഉപയോഗിച്ചുകൊണ്ടിരിക്കുകയാണ്. കിഫ്ബിയുടെ കരാറുകാർക്കുള്ള ബില്ലുകളുടെ പേയ്മെന്റിന്റെ Tax Deducted at Source (TDS) ഇൻകം ടാക്സ് ആക്ട് 1960ന്റെ പരിധിയിൽപ്പെടുത്തിയാണ് ആദായനികുതി വകുപ്പ് നടപടി എടുക്കാൻ ശ്രമിക്കുന്നത്.

കിഫ്ബി അംഗീകരിച്ച ഓരോ പ്രോജക്റ്റിനെയും നിയന്ത്രിക്കുന്ന ഒരു കരാർ ഉണ്ട്. ബന്ധപ്പെട്ട സർക്കാർ വകുപ്പിന്റെ സെക്രട്ടറി, സ്പെഷ്യൽ പർപ്പസ് വെഹിക്കി

**കേരളത്തെ സാമ്പത്തികമായി ഞെരുക്കി രാഷ്ട്രീയമായി ബുദ്ധിമുട്ടിലേക്ക് തള്ളിവിടുക എന്ന സമീപനമാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചിരിക്കുന്നത്. ഇതിനായി കേന്ദ്ര സർക്കാരിന്റെ എല്ലാ ഏജൻസികളെയും എല്ലാ പരിധികളും ലംഘിച്ചുകൊണ്ട് നിരന്തരമായി ഉപയോഗിച്ചുകൊണ്ടിരിക്കുകയാണ്.**



**സംസ്ഥാനത്തിന്റെ കടമെടുക്കലിന് കേന്ദ്രസർക്കാർ കടുത്ത നിയന്ത്രണങ്ങൾ ഏർപ്പെടുത്തി. കേന്ദ്ര സർക്കാരിന് കടമെടുക്കാൻ ഈ നിബന്ധനകൾ ഒന്നും ബാധകമല്ല. ഇതിൽ കേന്ദ്രത്തിന്റെ കടമെടുക്കലും സംസ്ഥാനത്തിന്റെ കടമെടുക്കലും സംബന്ധിച്ചുള്ള നിബന്ധനകളിൽ കൃത്യമായ വിവേചനം കാണാൻകഴിയും**




ളിന്റെ (SPV) മേധാവി, കിഫ്ബിയുടെ സി.ഇ.ഒ എന്നിവർ തമ്മിലാണ് ഈ ത്രികക്ഷി കരാർ. ഈ ത്രികക്ഷി കരാറിന്റെ നിബന്ധനകൾ പ്രകാരം, പ്രോജക്ടുകളുടെ നിർമ്മാണം ഏറ്റെടുക്കുന്ന കരാറുകാരനുമായിട്ടുള്ള ഉടമ്പടിയുടെ പൂർണ ഉത്തരവാദിത്തം എസ്പിവിക്ക് മാത്രമായിരിക്കും. കൂടാതെ, ടി.ഡി.എസ് ഉൾപ്പെടെയുള്ള എല്ലാ നികുതി ബാധ്യതകളും അവർക്ക് നൽകുന്ന ബിൽ തുകയിൽ നിന്ന് കിഴിവ് ചെയ്ത് ആദായനികുതി വകുപ്പിന് അടക്കേണ്ടത് എസ്.പി.വിയുടെ ചുമതലയാണ്. ഈ ക്രമീകരണം കിഫ്ബി ആദായനികുതി വകുപ്പിന്റെ അന്വേഷണവേളയിൽ പലതവണ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. എന്നാൽ ഇതൊന്നും കണക്കിലെടുക്കാതെ കൊച്ചിയിലെ ആദായനികുതി കമ്മീഷണറുടെ നേതൃത്വത്തിലുള്ള പതിനഞ്ചോളം ഉദ്യോഗസ്ഥർ അടങ്ങുന്ന സംഘം 2021 മാർച്ച് 25 ന് കിഫ്ബിയുടെ ഓഫീസിൽ കടന്നുവരികയും അന്വേഷണത്തിന്റെ പേരിൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറേയും കിഫ്ബിയിലെ മുതിർന്ന ഉദ്യോഗസ്ഥരെയും ചോദ്യം ചെയ്തു. സാധാരണ രീതിയിൽ, നികുതിദായകർ അസ്സെസ്സ്മെന്റ് അതോറിറ്റി/ഉദ്യോഗസ്ഥൻ ആവശ്യപ്പെടുന്ന എല്ലാ വിവരങ്ങളും നേരിട്ടോ പ്രതിനിധി വഴിയോ നൽകുകയാണ് ചെയ്യാറുള്ളത്. 2021 ഏപ്രിലിലെ നിയമസഭാ തെരഞ്ഞെടുപ്പിന് തൊട്ടുമുൻപാണ് ഇൻകം ടാക്സ് വകുപ്പ് ഈ നടപടികൾ സ്വീകരിച്ചത്. ഇത് രാഷ്ട്രീയ ലക്ഷ്യങ്ങളോടെയാണെന്നത് വ്യക്തമാണ്. ഈ വിഷയം പിന്നീട് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ മുമ്പാകെ എത്തുകയും, കോടതി അത് സ്റ്റേ ചെയ്യുകയുമുണ്ടായി.

## റിസർവ്വ് ബാങ്കിന്റെ ഇടപെടലുകൾ

റിസർവ്വ് ബാങ്ക് നിയമപരമായ അതിന്റെ അധികാര സീമകൾ മറികടന്നുകൊണ്ട് സംസ്ഥാനങ്ങളുടെ ഏജൻസികൾ, കോർപ്പറേഷനുകൾ, നിയമാനുസൃത സ്ഥാപനങ്ങൾ, യൂട്ടിലിറ്റികൾ എന്നിവ മുഖേന വികസന സംരംഭങ്ങൾക്ക് ധനസഹായം നൽകുന്നതിൽ ബാങ്കുകളെ നിയമവിരുദ്ധമായി നിയന്ത്രിക്കാനുള്ള നടപടികളാണ് സമീപകാലത്തായി എടുത്തുവരുന്നത്. റിസർവ്വ് ബാങ്ക് ജൂൺ 14ന് പുറപ്പെടുവിച്ച ഒരു സർക്കുലർ പ്രകാരം വികസന പദ്ധതികൾക്കായി സംസ്ഥാന സർക്കാർ ഏജൻസികൾക്ക് ധനസഹായം നൽകുന്നതിൽ നിന്ന് എല്ലാ ബാങ്കുകളെയും തടഞ്ഞിരിക്കുകയാണ്. സ്വന്തമായി വായ്പ തിരിച്ചടയ്ക്കാൻ കഴിയാത്ത ഒരു സംസ്ഥാന സർക്കാർ ഏജൻസിക്കും ഇതര സ്ഥാപനങ്ങൾക്കും ഇനി ബാങ്കുകൾക്ക് കടം നൽകാൻ കഴിയില്ല. ലൈഫ് മിഷൻ വഴി നടന്നുകൊണ്ടിരിക്കുന്ന ഭവന പദ്ധതികൾക്കായി വായ്പ സമാഹരിക്കുന്നതുപോലും തടയപ്പെടും. വിഴിഞ്ഞം തുറമുഖം പോലെ സംസ്ഥാന ബജറ്റിൽ നിന്നുള്ള വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് (VGP) പിന്തുണയുള്ള ഒരു പദ്ധതിയും ഇനി കേരള സർക്കാരിന് ഏറ്റെടുക്കാനാകില്ല.

ബാങ്കുകളുടെ മേലുള്ള ആർബിഐയുടെ ഈ നിയന്ത്രണങ്ങൾ സംസ്ഥാന സർക്കാരുകളുടെ പദ്ധതികൾക്ക് വേണ്ടി മാത്രമുള്ളതാണ്. കേന്ദ്രസർക്കാർ, അതിന്റെ പൊതുമേഖലാ ഏജൻസികളും കോർപ്പറേഷനുകളും മുഖേന ഏറ്റെടുക്കുന്ന പദ്ധതികൾക്ക്, ഈ നിയന്ത്രണങ്ങൾ ബാധകമാക്കുന്നില്ല എന്നതാണ് വിരോധാഭാസം.

ഇന്ത്യൻഭരണഘടനയിലെ വ്യവസ്ഥകളുടെ തെറ്റായ വ്യാഖ്യാനം

കേന്ദ്ര ധനകാര്യ എക്സ്പെൻഡിച്ചർ വകുപ്പിന്റെ 2022 മാർച്ച് 31ലെ കത്തനുസരിച്ച് ഒരു സംസ്ഥാനത്തിന് അതത് സാമ്പത്തികവർഷം എടുക്കാൻ കഴിയുന്ന അറ്റ വായ്പാ പരിധിയെക്കുറിച്ചുള്ള പുതുക്കിയ നിർദ്ദേശങ്ങളാണ് അടങ്ങിയിരിക്കുന്നത്. ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 293 (3) പ്രകാരം കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരുകൾക്ക് വായ്പ എടുക്കാൻ അനുമതി നൽകുമ്പോൾ സംസ്ഥാന ബജറ്റിൽ നിന്നോ സംസ്ഥാനത്തിന്റെ നികുതി സെസ്സുകൾ എന്നിവയിൽ നിന്നോ മുതലോ പലിശയോ അട

**ഒരു നൂറ്റാണ്ടിൽ മാത്രം സംഭവിക്കാറുള്ള വെള്ളപ്പൊക്കവും കോവിഡ് മഹാമാരിയും മൂലം കേരളം വലിയ സാമ്പത്തിക പ്രതിസന്ധി നേരിടുമ്പോൾ അതിനെ വീണ്ടും കൂടുതൽ പ്രതിസന്ധിയിലേക്ക് തള്ളിവിടുകയാണ് ബി.ജെ.പിയുടെ കേന്ദ്ര സർക്കാർ ചെയ്യുന്നത്. ആക്രമണം നേരിട്ട് സാമ്പത്തിക രംഗത്താണെങ്കിലും ലക്ഷ്യം രാഷ്ട്രീയമാണ്.**

യ്ക്കേണ്ട സംസ്ഥാന പൊതുമേഖലാ കമ്പനികൾ, കോർപ്പറേഷനുകൾ എസ്.പി.വികൾ സമാനമായ മറ്റ് സ്ഥാപനങ്ങൾ എന്നിവയെടുക്കുന്ന ഏത് കടവും സംസ്ഥാനത്തിന്റെ കടമായി കണക്കാക്കണം എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇത് മൂലം സംസ്ഥാനത്തിന്റെ കടമെടുക്കാനുള്ള സാധ്യത വളരെയധികം ചുരുങ്ങിയിരിക്കുകയാണ്. കിഫ്ബി, കെ.എസ്.എസ്.പി.എൽ എന്നീ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിനായി സർക്കാർ ഗ്യാരന്റിയോടെ എടുത്ത പതിനാലായിരം കോടി രൂപ സർക്കാരിന്റെ നേരിട്ടുള്ള കടമായി ഇതുമൂലം കണക്കാക്കപ്പെടും. ഈ സമീപനത്തിന്റെ അടിസ്ഥാനത്തിൽ 2022 ഡിസംബർ 31 വരെ കേരളത്തിന് എടുക്കാൻ കഴിയുന്ന കടം 17,936 കോടി രൂപയാണ്. ഇത് കഴിഞ്ഞ വർഷം ഇതേ കാലയളവിൽ അനുവദിച്ച വായ്പാ പരിധിയെക്കാൾ 5656 കോടി രൂപ കുറവാണ്.

ഫെഡറലിസം ഭരണഘടനയുടെ അടിസ്ഥാന സ്വഭാവമാണെന്നും ഒരു നിയമവും ഈ ഫെഡറൽ സ്വഭാവത്തെ ഹനിക്കുന്നതാകരുതെന്നും എസ്.ആർ ബൊമ്മെ Vs യൂണിയൻ ഓഫ് ഇന്ത്യ 1994ലെ വിധിയിൽ ബഹു.സുപ്രീംകോടതി പ്രസ്താവിച്ചിട്ടുണ്ട്. ഭരണഘടനയുടെ ഫെഡറൽ സ്വഭാവത്തെ മറികടക്കുന്ന തരത്തിൽ ആർട്ടിക്കിൾ 293ന്റെ ഒരു വ്യാഖ്യാനവും അനുവദനീയമല്ലെന്നും ബഹു.സുപ്രീംകോടതി വ്യക്തമാക്കിയിട്ടുണ്ട്.

സംസ്ഥാനത്തിന്റെ കടമെടുക്കലിന് കേന്ദ്രസർക്കാർ കടുത്ത നിയന്ത്രണങ്ങൾ ഏർപ്പെടുത്തി. കേന്ദ്ര സർക്കാരിന് കടമെടുക്കാൻ ഈ നിബന്ധനകൾ ഒന്നും ബാധകമല്ല. ഇതിൽ കേന്ദ്രത്തിന്റെ കടമെടുക്കലും സംസ്ഥാനത്തിന്റെ കടമെടുക്കലും സംബന്ധിച്ചുള്ള നിബന്ധനകളിൽ കൃത്യമായ വിവേചനം കാണാൻകഴിയും. കേന്ദ്ര സർക്കാരിന്റെ പ്രവർത്തനങ്ങൾ നിറവേറ്റുന്നതിനായി കേന്ദ്ര പൊതുമേഖലാ കോർപ്പറേഷനുകൾക്കും സ്ഥാപനങ്ങൾക്കും ഇഷ്ടംപോലെ കടമെടുക്കാം. നാഷണൽ ഹൈവേ അതോറിറ്റിയ്ക്ക് 202021ൽ 41,000 കോടി രൂപ ആന്യൂറ്റി നൽകാൻ ബാധ്യതയുണ്ട്. അയ്യായിരത്തിൽ പരം കോടി രൂപയുടെ മസാല ബോണ്ടുകൾ നാഷണൽ ഹൈവേ അതോറിറ്റി എടുത്തിട്ടുണ്ട്. ഇതര കേന്ദ്ര സർക്കാർ ഏജൻസികളും ലക്ഷക്കണക്കിന് കോടി രൂപയുടെ വായ്പകൾ എടുത്തിട്ടുണ്ട്.

ഇത്തരത്തിൽ സംസ്ഥാനങ്ങളെ പ്രത്യേകിച്ച് കേരളത്തെ സാമ്പത്തികമായി ഞെരുക്കി രാഷ്ട്രീയമായി ബുദ്ധിമുട്ടിലേക്ക് തള്ളിവിടുക എന്ന സമീപനമാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാണ്. ഇതിനായി കേന്ദ്ര സർക്കാരിന്റെ എല്ലാ ഏജൻസികളെയും എല്ലാ പരിധികളും ലംഘിച്ചുകൊണ്ട് നിരന്തരമായി ഉപയോഗിച്ചുകൊണ്ടിരിക്കുകയാണ്. ഒരു നൂറ്റാണ്ടിൽ മാത്രം സംഭവിക്കാറുള്ള വെള്ളപ്പൊക്കവും കോവിഡ് മഹാമാരിയും മൂലം കേരളം വലിയ സാമ്പത്തിക പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുന്ന ഘട്ടത്തിൽ അതിനെ വീണ്ടും കൂടുതൽ പ്രതിസന്ധിയിലേക്ക് തള്ളിവിടുക എന്നതാണ് ബി.ജെ.പിയുടെ കേന്ദ്ര സർക്കാർ ചെയ്യുന്നത്. ഇതിനോട് ചേർന്നു നിൽക്കുന്ന സമീപനമാണ് കേരളത്തിലെ കോൺഗ്രസ്സിന്റെ നേതൃത്വത്തിലുള്ള യു.ഡി.എഫും സ്വീകരിച്ചിരിക്കുന്നത്. ആക്രമണം നേരിട്ട് സാമ്പത്തിക രംഗത്താണെങ്കിലും ലക്ഷ്യം രാഷ്ട്രീയമാണ്. ഇത് നാം കൃത്യമായി മനസ്സിലാക്കി കേന്ദ്രസർക്കാർ നടപടികളെ രാഷ്ട്രീയമായി തന്നെ നേരിടേണ്ടതുണ്ട്.•




# ആളുന്ന മണ്ണെണ്ണ വില കരിയുന്ന മത്സ്യമേഖല



മത്സ്യതൊഴിലാളികളുടെ ജീവിതം കൂടുതൽ ദുരിതത്തിലേയ്ക്ക് തള്ളിവിട്ടുകൊണ്ട് കേന്ദ്ര ഫിഷറീസ് നയവും, ബ്ലൂ ഇക്കണോമിയും ഒടുവിൽ മണ്ണെണ്ണയുടെ അമിതമായ വിലവർധനയും മത്സ്യമേഖലയിൽ ആധി പടർത്തുകയാണ്. കാലാവസ്ഥ പ്രതികൂലമാകുന്ന സാഹചര്യത്തിലും, കടലിൽ പോകാനാവുന്ന ദിവസങ്ങൾ കുറവാകുമ്പോഴും ഇന്ധന വില വർദ്ധനവ് ഇരുട്ടടി ആയി മാറുകയാണ്.

കേരളത്തിൽ ഏകദേശം 2.5 ലക്ഷം തൊഴിലാളികൾ മത്സ്യബന്ധനം ഉപജീവന മാർഗമായി സ്വീകരിച്ചിട്ടുള്ളവരാണ്. ഇതിൽ ഉൾപ്പെട്ട പരമ്പരാഗത മത്സ്യത്തൊഴിലാളികളിൽ ഭൂരിഭാഗവും മത്സ്യബന്ധനത്തിനായി ഔട്ട്ബോർഡ് മോട്ടോറുകളിൽ മണ്ണെണ്ണയാണ് ഇന്ധനമായി ഉപയോഗിക്കുന്നത്. കേരളത്തിലെ ഒരു മത്സ്യതൊഴിലാളിക്ക് പ്രതിമാസം ശരാശരി 600 ലിറ്റർ മണ്ണെണ്ണ വേണ്ടി വരുന്നുണ്ട്. അത്തരത്തിൽ കണക്കാക്കുമ്പോൾ കേരളത്തിൽ പ്രതിമാസം ഒരു ലക്ഷം ലിറ്റർ മണ്ണെണ്ണ മത്സ്യബന്ധനത്തിനായി മാത്രം ആവശ്യമായി വരുന്നുണ്ട്. മുൻകാലങ്ങളിൽ സംസ്ഥാനത്തെ കൃഷിക്കും, മത്സ്യബന്ധനത്തിനും ആവശ്യമായ മണ്ണെണ്ണ കേന്ദ്രപൂളിൽ നിന്നും അനുവദിച്ചിരുന്നു. എന്നാൽ ഇപ്പോൾ വിവിധ ഘട്ടങ്ങളിലായി കേന്ദ്ര സർക്കാർ മണ്ണെണ്ണ വിഹിതം വെട്ടിക്കുറയ്ക്കുകയും, പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില നിർണ്ണയാവകാശം സ്വകാര്യ കമ്പനികൾക്ക് നൽകുകയും ചെയ്തിരിക്കുകയാണ്. ഇതോടെ മണ്ണെണ്ണയുടെ വില അമിതമായി വർധിച്ചു. ഇപ്പോൾ കേരളത്തിലെ



**പി പി ചിത്തരഞ്ജൻ എം എൽ എ** (ജനറൽ സെക്രട്ടറി, മൽസ്യ തെഴിലാളി ഫെഡറേഷൻ)

**കേന്ദ്ര ഫിഷറീസ് നയവും ബ്ലൂ ഇക്കണോമിയും ഒടുവിൽ മണ്ണെണ്ണയുടെ വിലക്കയറ്റവും കൊണ്ട് തീരമേഖലയിൽ ആധി പടർത്തുകയാണ് കേന്ദ്ര സർക്കാർ. ഇപ്പോൾ കേരളത്തിലെ മത്സ്യബന്ധന മേഖലയ്ക്ക് ആവശ്യമായ മണ്ണെണ്ണയുടെ 15 ശതമാനം പോലും കേന്ദ്ര പൂളിൽ നിന്നും സിവിൽ സപ്ലൈസ് വകുപ്പ് വഴി തൊഴിലാളികൾക്ക് ലഭിക്കുന്നില്ല.**



മത്സ്യബന്ധന മേഖലയ്ക്ക് ആവശ്യമായ മണ്ണെണ്ണയുടെ 15 ശതമാനം പോലും കേന്ദ്ര പൂളിൽ നിന്നും സിവിൽ സപ്ലൈസ് വകുപ്പ് വഴി തൊഴിലാളികൾക്ക് ലഭിക്കുന്നില്ല.

മത്സ്യത്തൊഴിലാളികൾക്ക് സിവിൽ സപ്ലൈസ് വഴി ഇപ്പോൾ ലഭിക്കുന്ന മണ്ണെണ്ണയുടെ അളവ് ചുവടെ നൽകുന്നു.

| | | |
|---|---|---|
| 9.9 | എഞ്ചിൻ | 120 ലിറ്റർ |
| 10 – 15 | എച്ച്.പി | 132 ലിറ്റർ |
| 25– 40 | എച്ച്.പി | 160 ലിറ്റർ |

ഈ മണ്ണെണ്ണയുടെ ഇപ്പോഴത്തെ വില 102 രൂപയാണ്.

മത്സ്യബന്ധന മേഖലയ്ക്ക് അനുവദിക്കുന്ന മണ്ണെണ്ണയുടെ കുറവും, അമിതവിലയും പരിഹരിക്കുന്നതിനായി 2016 മുതൽ കേരള സർക്കാർ ലിറ്ററിന് 25 രൂപ നിരക്കിൽ സബ്സിഡി നൽകി മത്സ്യഫെഡ് മുഖേന മണ്ണെണ്ണ വിതരണം ചെയ്തിരുന്നു. അക്കാലയളവിൽ മണ്ണെണ്ണയ്ക്ക് ലിറ്ററിന് 51.95 രൂപ ഉണ്ടായിരുന്നപ്പോൾ, 25 രൂപ സബ്സിഡി കിഴിച്ച് 26.95 രൂപയ്ക്ക് തൊഴിലാളികൾക്ക് മണ്ണെണ്ണ നൽകിയിരുന്നു.

ഇപ്പോൾ ഓരോ 15 ദിവസം കഴിയുമ്പോഴും ഓയിൽ കമ്പനികൾ മണ്ണെണ്ണ വില വർധിപ്പിക്കുന്ന സാഹചര്യമാണുള്ളത്. മണ്ണെണ്ണ വില ഒരു ലിറ്ററിന് 142.77 രൂപയാണ്. കേരള സർക്കാർ സബ്സിഡിയായ 25 രൂപ കിഴിച്ചാൽ പോലും 117.77 രൂപയ്ക്ക് മാത്രമേ തൊഴിലാളികൾക്ക് മത്സ്യഫെഡ് മാർക്കറ്റുകളിൽ നിന്ന് മണ്ണെണ്ണ നൽകുവാൻ കഴിയുകയുള്ളു. ഈ മണ്ണെണ്ണയുടെ പരിധിയും കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.

| | | |
|---|---|---|
| 9.9 | എഞ്ചിൻ | 140 ലിറ്റർ |
| 10 – 15 | എച്ച്.പി | 150 ലിറ്റർ |
| 25 – 40 | എച്ച്.പി | 190 ലിറ്റർ |

ഈ അളവിലാണ് പ്രതിമാസം സബ്സിഡി നിരക്കിൽ ഇപ്പോൾ മണ്ണെണ്ണ വിതരണം നടത്തുന്നത്.

സിവിൽ സപ്ലൈസ്, ഫിഷറീസ് വകുപ്പുകൾ സംയുക്തമായി നടത്തിയ എഞ്ചിൻ പരിശോധനയിൽ 14,332 എഞ്ചിനുകൾക്കാണ് സബ്സിഡി നിരക്കിൽ മണ്ണെണ്ണയ്ക്ക് അർഹതയുള്ളതായി കണ്ടിട്ടുള്ളത്. പല മാസങ്ങളിലും കേന്ദ്രത്തിൽ നിന്നുള്ള മണ്ണെണ്ണ ലഭിക്കാത്തത് മൂലം സിവിൽ സപ്ലൈസ് വഴിയുള്ള മണ്ണെണ്ണ വിതരണം മുടങ്ങുന്ന സാഹചര്യവും ഉണ്ടാകുന്നുണ്ട്. ഈ വർഷം ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിൽ കേന്ദ്രത്തിൽ നിന്നുള്ള മണ്ണെണ്ണ ലഭിച്ചതേയില്ല.

ഗുരുതരമായ ഈ സാഹചര്യത്തിൽ കരിഞ്ചന്തയിൽ 160 രൂപ മുതൽ നൽകി മണ്ണെണ്ണ വാങ്ങി മത്സ്യബന്ധന ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുവാൻ തൊഴിലാളികൾ നിർബന്ധിതരാകുന്നു. ഈ വിഷയം പല തവണ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ പെടുത്തുവാൻ സംസ്ഥാന സർക്കാർ ശ്രമിച്ചിട്ടുണ്ട്. ഏറ്റവും ഒടുവിൽ കഴിഞ്ഞ നിയമസഭ സമ്മേളന കാലയളവിൽ ഇതുമായി ബന്ധപ്പെട്ട് ഒരു പ്രമേയം തന്നെ ഔദ്യോഗികമായി അവതരിപ്പിച്ച് പാസാക്കി കേന്ദ്ര സർക്കാരിന് നൽകിയെങ്കിലും വേണ്ടത്ര ഗൗരവത്തോടെ ഈ വിഷയം കാണുവാൻ കേന്ദ്ര ഭരണാധികാരികൾ തയ്യാറാകുന്നില്ല.

പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ആഴക്കടൽ മത്സ്യബന്ധനത്തിൽ നിന്ന് പൂർണമായും ഒഴിവാക്കുന്നു. 2022 ജൂണിൽ ജനീവയിൽ നടന്ന ലോക വ്യാപാര സംഘടന (WTO) സമ്മേളനത്തിൽ രണ്ടുവർഷത്തിനകം മത്സ്യത്തൊഴിലാളികൾക്ക് നൽകുന്ന എല്ലാ സബ്സിഡികളും നിർത്തലാക്കാൻ തീരുമാനിച്ചിരിക്കുകയാണ്. ഇന്ത്യയിൽ നിന്നടക്കം 165 രാജ്യങ്ങൾ പങ്കെടുത്ത സമ്മേളനത്തിൽ 86 രാജ്യങ്ങൾ ഇതിനെ എതിർത്തു. ഇന്ത്യ ഈ തീരുമാനത്തെ അനുകൂലിക്കുകയാണ് ചെയ്തത്.

ടൂറിസത്തിന്റെ പേരിൽ പരമ്പരാഗതമായി മത്സ്യം പിടിച്ച് ഉപജീവനം നടത്തുന്ന തൊഴിലാളികളെ തീരദേശത്തുനിന്ന് ആട്ടിയോടിക്കുകയാണ് കേന്ദ്രസർക്കാർ. ലക്ഷദ്വീപ് അതിന്റെ ആദ്യ പരീക്ഷണശാലയാണ്. കടലിൽ ഖനനം നടത്തുവാനുള്ള ലൈസൻസ് വൻകിട കോർപ്പേറ്റുകൾക്ക് നൽകിക്കഴിഞ്ഞു. കടലിന്റെ ആവാസവ്യവസ്ഥയെ തന്നെ ഇത് തകിടംമറിക്കും. കാലാവസ്ഥാവ്യതിയാനവും ആഗോളതാപനവും അടക്കമുള്ള വിഷയങ്ങൾ മൂലം മത്സ്യത്തിന്റെ ലഭ്യതയിൽ വൻ കുറവാണ് ഈ കാലയളവിൽ ഉണ്ടാക്കിക്കൊണ്ടിരിക്കുന്നത്. മത്സ്യബന്ധനം തന്നെ അസാധ്യമാക്കുകയാണ്. മനുഷ്യനെ വികാരപരമായി ഉത്തേജിപ്പിക്കുന്ന ഫാസിസ്റ്റ് അജണ്ടയിൽ ജനാധിപത്യ മര്യാദകളെ കാറ്റിൽ പറത്തി അഭിപ്രായ സ്വാതന്ത്ര്യം നിഷേധിച്ച് ഇവർ നമ്മുടെ രാജ്യത്തിന്റെ രണ്ടാം നിര കാവൽ ഭടൻമാർ കൂടിയായ മത്സ്യതൊഴിലാളികളുടെ ഉപജീവനം തടയുകയും ചെയ്യുന്നു.

തൊഴിലവകാശങ്ങളെ ഹനിക്കുകയും സംസ്ഥാനങ്ങളുടെ അവകാശങ്ങൾ കവർന്നെടുക്കുകയും കടലിന്റെ ആവാസവ്യവസ്ഥ തകർക്കുകയും ചെയ്യുന്ന നടപടികളെ കൈയും കെട്ടി നോക്കി നിൽക്കാനാവില്ല തന്നെ. തൊഴിലെടുക്കാനുള്ള കരുത്തും കടലുമുണ്ടെങ്കിൽ ആത്മാഭിമാനത്തോടെ ജീവിക്കാം എന്ന മത്സ്യതൊഴിലാളിയുടെ ചിന്തകളെ കോർപ്പറേറ്റുകളും അവർക്ക് ഒത്താശ പാടുന്ന കേന്ദ്ര ഭരണകൂടവും ചേർന്ന് തച്ച് തകർക്കുന്നു.

മത്സ്യത്തൊഴിലാളികളുടെ ജീവിത യാഥാർത്ഥ്യം തിരിച്ചറിയുന്ന കേരളത്തിലെ പിണറായി വിജയൻ സർക്കാർ ഒരു സംസ്ഥാനത്തിന്റെ പരിധിയിൽ നിന്നുകൊണ്ട് ആശ്വാസകരമായ നിരവധി പ്രവർത്തനങ്ങൾ നടത്തി വരുന്നു.കാലാവസ്ഥ മുന്നറിയിപ്പിനെ തുടർന്ന് മത്സ്യബന്ധനത്തിന് പോകാൻ കഴിയാതെ വന്ന മത്സ്യത്തൊഴിലാളികൾക്ക് കേരളത്തിന്റെ ചരിത്രത്തിലാദ്യമായി 3000 രൂപ വീതം ആശ്വാസ സഹായം നൽകുകയുണ്ടായി. ഇതോടൊപ്പം തീരസംരക്ഷണത്തിനായി കേന്ദ്രസർക്കാർ ഒന്നും തരാതിരുന്നിട്ടും കിഫ്ബി വഴി നിരവധി പദ്ധതികൾ നടപ്പിലാക്കി വരുന്നു. എല്ലാവർഷവും കണ്ണീരിന്റെ കഥ പറഞ്ഞുകൊണ്ടിരുന്ന 'ചെല്ലാനം' ഈ വർഷം കടലാക്രമണ കെടുതിയിൽ നിന്നും ഈ സർക്കാർ രക്ഷിച്ചു. 344 കോടി രൂപയുടെ ചെല്ലാനം പാക്കേജ് വിജയകരമായി നടപ്പിലാക്കി. പ്രധാനപ്പെട്ട കടലാക്രമണ കേന്ദ്രങ്ങളിലാകെ, തിരുവനന്തപുരത്തിന്റെ തീരപ്രദേശങ്ങൾ, ആറാട്ടുപുഴ, അമ്പലപ്പുഴ, കാട്ടൂർ, ഒറ്റമശ്ശേരി തുടങ്ങിയ കേന്ദ്രങ്ങളിലാകെ ടെട്രാപ്പോടുകൾ ഉപയോഗിച്ചുള്ള തീരസരക്ഷണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. പൂന്തുറ കടപ്പുറത്ത് ജിയോ ട്യൂബ് ഉപയോഗിച്ചുള്ള പ്രവർത്തനവും പരീക്ഷണാർത്ഥം നടക്കുകയാണ്. ഐക്യകേരളം രൂപം കൊണ്ടതിനു ശേഷം ഒരു സർക്കാരിന്റെ കാലത്തും ഇത്രയധികം തുക ചിലവഴിച്ച് തീരസംരക്ഷണ പ്രവർത്തനങ്ങൾ നടത്തിയിട്ടില്ല എന്നതാണ് വസ്തുത. കടലാക്രമണത്തിൽ നിന്ന് വീടും സ്ഥലവും നഷ്ടപ്പെട്ട് നിസ്സഹായരായി നോക്കി നിൽക്കേണ്ടി വന്ന ദുരവസ്ഥയിൽ നിന്നും അവരെ മോചിപ്പിച്ച് പലപ്പോഴും റിലീഫ് ക്യാമ്പുകളിൽ പതിറ്റാണ്ടുകൾ ഓളം ജീവിതം തള്ളിനീക്കേണ്ടി വന്ന ഹതഭാഗ്യരായ ഈ തൊഴിലാളികൾക്ക് ആത്മവിശ്വാസം പകർന്ന് ഒരു തുണ്ട് ഭൂമിയും വാസയോഗികമായ വീടും നൽകുന്ന പുനർഗേഹം പദ്ധതി, 10 ലക്ഷം രൂപയുടെ സഹായം നൽകുന്ന ഇത്തരമൊരു പ്രവർത്തനം ഇന്ത്യയിൽ ഒരു സംസ്ഥാനത്തും നടക്കുന്നില്ല. സാമൂഹികമായി ഏറെ പിന്നിൽ നിൽക്കുന്ന മത്സ്യത്തൊഴിലാളി സമൂഹത്തെ ബോധപൂർവം കൈപിടിച്ചു ഉയർത്തുവാൻ ദീർഘവീക്ഷണത്തോടെയുള്ള ഇടപെടലാണ് എൽഡിഎഫ് സർക്കാർ നടത്തിവരുന്നത്. ഉന്നത വിദ്യാഭ്യാസ മേഖലയിൽ അടക്കം മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് മത്സരിക്കാൻ കഴിയുന്ന സാഹചര്യം ഈ സർക്കാർ ഉറപ്പാക്കി. ഡോക്ടർമാരും എൻജിനീയർമാരും പ്രൊഫഷണൽ വിദഗ്ധരും ഈ വിഭാഗത്തിൽ സൃഷ്ടിക്കപ്പെടുകയാണ്. തീരദേശ ഗ്രാമങ്ങളിലാകെ അടിസ്ഥാനവികസനങ്ങൾ ഉറപ്പാക്കുന്നു. സ്കൂളുകൾ, ആശുപത്രികൾ, വൈദ്യുതി, കുടിവെള്ളം തുടങ്ങിയവ ഉറപ്പാക്കി കഴിഞ്ഞു. മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് കോസ്റ്റ്ഗാർഡിൽ നിയമനം ഉറപ്പാക്കി. കടുത്ത ചൂഷണത്തിൽ നിന്ന് മത്സ്യത്തൊഴിലാളികളെ സംരക്ഷിക്കുവാൻ പ്രത്യേക നിയമം തന്നെ ഈ സർക്കാർ പാസാക്കുകയുണ്ടായി. ഈ നിലയിൽ കേരളത്തിലെ മത്സ്യത്തൊഴിലാളി സമൂഹത്തിന് നെഞ്ചോട് ചേർക്കുന്ന പിണറായി സർക്കാരിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ടും കേന്ദ്രസർക്കാർ മത്സ്യമേഖലയോട് കാണിക്കുന്ന അനീതിക്കും അവഗണനക്കും പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ മത്സ്യബന്ധനം പോലും ഇല്ലാതാക്കുന്ന കേന്ദ്ര ഫിഷറീസ് ബില്ലിനും ബ്ലൂ എക്കണോമിക്കും എതിരെ വമ്പിച്ച പ്രതിരോധനിര സൃഷ്ടിക്കുകയാണ്. ഇതിന്റെ ഭാഗമായി ആഗസ്റ്റ് 13ന് കാൽ ലക്ഷം മത്സ്യത്തൊഴിലാളികൾ അണിനിരക്കുന്ന മത്സ്യത്തൊഴിലാളി സംഗമത്തിനും കൊല്ലം കടപ്പുറം വേദിയായിരിക്കുകയാണ്. •

NSC BANK
നെടുപുഴ സർവ്വീസ് സഹകരണ ബാങ്ക്
ക്ലിപ്തം നമ്പർ: 555, പി.ഒ. നെടുപുഴ, തൃശ്ശൂർ 680 007
E-mail : nscb123555@gmail.com
Ph: 815 68 68 555, 815 69 69 555

ആശംസകളോടെ...
എളവള്ളി സർവ്വീസ് സഹകരണ ബാങ്ക്
T - 1456

# കേന്ദ്ര തൊഴിൽ നിയമങ്ങൾ പ്രാബല്യത്തിലാക്കുന്നതിനെതിരെ സ്വീകരിക്കേണ്ട നടപടികൾ

**ടി.പി. രാമകൃഷ്ണൻ എം.എൽ.എ നിയമസഭയിൽ നടത്തിയ ശ്രദ്ധ ക്ഷണിക്കൽ പ്രമേയം**

കേന്ദ്ര ഗവൺമെന്റ് തുടരുന്ന ജനവിരുദ്ധ നയങ്ങളുടെ തുടർച്ചയായിട്ടാണ് തൊഴിൽ മേഖലയിൽ 29 നയങ്ങൾ റദ്ദ് ചെയ്ത് 2019, 2020 എന്നീ രണ്ട് വർഷങ്ങളിലായി 4 ലേബർ കോഡുകൾ നിയമമായത്. നാല് ലേബർ കോഡുകൾ ഇപ്പോൾ പ്രാവർത്തികമാക്കുന്നതിനുവേണ്ടിയുള്ള ശ്രമത്തിലാണ് കേന്ദ്ര ഗവൺമെന്റ്.

കോർപ്പറേറ്റുകളുടെ താൽപ്പര്യത്തെ മുൻനിർത്തിയാണ് നിയമങ്ങളിൽ ഇത്തരത്തിലുള്ള മാറ്റങ്ങൾ വരുത്തുവാൻ കേന്ദ്ര ഗവൺമെന്റ് ശ്രമിക്കുന്നത്. നാല് കോഡുകൾക്കും ചട്ടങ്ങൾ രൂപീകരിക്കാനുള്ള നടപടികൾ കേന്ദ്രഗവൺമെന്റ് സ്വീകരിച്ച് തുടങ്ങിയിട്ടുണ്ട്. തൊഴിൽ കൺകറന്റ് ലിസ്റ്റിൽപ്പെടുന്നു. കേന്ദ്രത്തിനും സംസ്ഥാനത്തിനും നിയമമുണ്ടാക്കാം. കോഡിലെ വ്യവസ്ഥകൾ പലതും ഇന്ന് സാർവദേശീയ തലത്തിൽ തൊഴിലാളികൾക്ക് അംഗീകാരം ലഭിക്കുന്ന ILO (international Labour Organization) ന്റെ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായിട്ടാണ് തയ്യാറാക്കിയിട്ടുള്ളത്. പാർലമെന്റിന്റെ ഭാഗമായ ലേബർ സ്റ്റാന്റിംഗ് കമ്മിറ്റി സർക്കാരിന്റെ അഭിപ്രായങ്ങൾ ചോദിച്ചിരുന്നു. നേരത്തെ തന്നെ 29 നിയമങ്ങൾ റദ്ദ് ചെയ്തതിനെതിരെ, ലേബർ കോഡിനെതിരായി കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ സമീപനം വ്യക്തമാക്കിയിട്ടുണ്ട്.

ഇത് റദ്ദ് ചെയ്യുന്നതിനുള്ള നിലപാടുകൾ സ്വീകരിക്കണമന്നുള്ളതാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് കേന്ദ്രത്തിനു മുമ്പിൽ ഉന്നയിച്ചിട്ടുള്ളത്. ട്രേഡ് യൂണിയൻ സംഘടനകൾ രൂപീകരിച്ച് പ്രവർത്തിക്കാൻ കഴിയാത്ത 'സാഹചര്യങ്ങളിലേക്കാണ് വരുന്നത്. കൂട്ടായി വിലപേശുന്നതിനുള്ള സ്വാതന്ത്ര്യം നിഷേധിക്കപ്പെടുന്നു. ഇന്ത്യയിലെ അസംഘടിത മേഖലയിലെ കോടിക്കണക്കായ തൊഴിലാളികൾക്ക് സാമൂഹ്യ സുരക്ഷ ഇപ്പോഴും ലഭ്യമല്ല. ഇതിനുള്ള അവകാശങ്ങളെല്ലാം നിഷേധിക്കുന്ന നിലയിലേക്കാണ് കാര്യങ്ങളെത്തിച്ചേരുന്നത്. ഇപ്പോൾ നൂറ് ജീവനക്കാർ വരെ ജോലി ചെയ്യുന്ന സ്ഥാപനം അടച്ചുപൂട്ടണമെന്നുണ്ടെങ്കിലോ ലേഓഫ് ചെയ്യുകയോ തൊഴിലാളികളെ ഒഴിവാക്കുകയോ ചെയ്യണമെന്നുണ്ടെങ്കിലോ ഗവൺമെന്റിന്റെ മുൻകൂർ അനുവാദം വാങ്ങണം. ഈ വ്യവസ്ഥ ഇല്ലാതാകുകയാണ്. 300 തൊഴിലാളിവരെ ഒഴിവാക്കുന്നതിനോ ലേഓഫ് ചെയ്യുന്നതിനോ ഒരു തരത്തിലും ഗവൺമെന്റിന്റെ അനുവാദം വേണ്ടതില്ല. ഉടമകൾക്ക് ഇഷ്ടാനുസരണം ഇക്കാര്യങ്ങൾ നിർവഹിക്കാമെന്നു



ടി.പി.രാമകൃഷ്ണൻ

**കേരളത്തിൽ 87 മേഖലകളിൽ മിനിമം വേജ് അനുവദനീയമാണ്. ഈ അവകാശങ്ങളെല്ലാം എടുത്ത് മാറ്റുന്ന നിലയിലേക്കാണ് കാര്യങ്ങൾ. അൺ സ്കിൽഡ്, സെമി സ്കിൽഡ്, സ്കിൽഡ്, ഹൈലി സ്കിൽഡ് എന്നിങ്ങനെ നാല് മേഖലകളിലായി തിരിച്ച് കൂലിവ്യവസ്ഥ കൊണ്ടു വരാനാണ് പോകുന്നത്. അനുവദനീയമായ 87 മേഖലകളിലെ മിനിമം കൂലിയുടെ അവകാശം പോലുമില്ലാതാകുന്ന കേരളത്തിലെ തൊഴിലാളികൾക്ക് ആശ്വാസമായി നിൽക്കുന്നത്, കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റാണ്.**

ള്ള നിലപാടാണ് ഈ നിയമത്തിന്റെ ഭാഗമായി വന്നു ചേരുന്നത്.

മേയ്ദിന പോരാട്ടത്തിന്റെ അടിസ്ഥാനം എട്ട് മണിക്കൂർ ജോലിയെന്നുള്ളതാണ്. അതൊക്കെ ഇന്ന് സാർവത്രികമായി തൊഴിലാളികൾ അംഗീകരിച്ചിട്ടുണ്ട്. തൊഴിൽ സമയം കുറച്ചുകൊണ്ടു വരുന്ന ആധുനിക യുഗത്തിൽ, അത്തരം നിലപാടുകളെ സ്വീകരിക്കേണ്ടതിനുപകരം തൊഴിൽ സമയം പന്ത്രണ്ട് മണിക്കൂറാക്കി വർദ്ധിപ്പിക്കുന്നതിനുള്ള നിലപാടുകൾ സ്വീകരിക്കുകയാണ് ചെയ്യുന്നത്. വ്യവസായങ്ങളുടെ നിലനിൽപ്പും ഉൽപ്പാദനക്ഷമതയും തൊഴിലാളികളുടെകൂടി ഭാഗമാണ്. അവരുടെ അവകാശവും താല്പര്യവുമാണെന്നുള്ളതുകൂടി പരിഗണിച്ചുകൊണ്ടുള്ള നിലപാടാണ് സ്വീകരിക്കേണ്ടത്. ഈ ഉത്തരവാദിത്തം നിറവേറ്റണമെങ്കിൽ സമാധാനപരമായ തൊഴിൽ അന്തരീക്ഷം നമ്മുടെ നാട്ടിൽ നിലനിർത്തേണ്ടതുണ്ട്. ഇന്ന് കേരളത്തിൽ 87 മേഖലകളിൽ മിനിമം വേജ് അനുവദനീയമാണ്. ഇതിനുള്ള അവകാശങ്ങളെല്ലാം എടുത്ത് മാറ്റുന്ന നിലയിലേക്കാണ് കാര്യങ്ങളെത്തുന്നത്. അൺ സ്കിൽഡ്, സെമി സ്കിൽഡ്, സ്കിൽഡ്, ഹൈലി സ്കിൽഡ് എന്നിങ്ങനെ നാല് മേഖലകളിലായി തിരിച്ച് കൂലിവ്യവസ്ഥ കൊണ്ടു വരുന്നതിനുള്ള നിലപാടിലേക്കാണ് പോകുന്നത്. ഇവിടെ അനുവദനീയമായ 87 മേഖലകളിലെ മിനിമം കൂലിയുടെ അവകാശം പോലുമില്ലാതാകുന്ന കേരളത്തിലെ തൊഴിലാളികൾക്ക് ആശ്വാസമായി നിൽക്കുന്നത്, കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റാണ്. കേന്ദ്രനിയമത്തിന്റെ ഭാഗമായി ഈ പ്രയാസകരമായ സ്ഥിതിയിൽ നിന്ന് കേരളത്തിലെ തൊഴിലാളികളെ രക്ഷിക്കുന്നതിന് കേരള ഗവൺമെന്റ് ഇടപെടേണ്ടതുണ്ട്. ഈ നിയമങ്ങളിൽ ചട്ടങ്ങൾ രൂപപ്പെടുത്തുന്ന സമയത്ത് തൊഴിലാളികൾക്ക് പരമാവധി സംരക്ഷണം ലഭിക്കത്തക്ക നിലയിലുള്ള നിലപാടുകളാണ് സ്വീകരിക്കേണ്ടത്. ▶





തൃശ്ശൂർ ടൗൺ കോ–ഓപ്പറേറ്റീവ് ക്രെഡിറ്റ് സൊസൈറ്റി
ക്ലിപ്തം നമ്പർ: 32
പാട്ടുരായ്ക്കൽ, തൃശ്ശൂർ – 22, ഫോൺ: 2334066
സഹകരണ ബാങ്കിംഗ് രംഗത്ത് പ്രശസ്ത സേവനം നൽകിവരുന്ന ജില്ലയിലെ ക്ലാസ്സ് 1 കമ്പ്യൂട്ടറൈസ്ഡ് സൊസൈറ്റി

നിയമസഭാ ശ്രദ്ധ ക്ഷണിക്കലിനുള്ള
തൊഴിൽ മന്ത്രിയുടെ മറുപടി

# തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ പരമാവധി ശ്രമിക്കും

രണ്ടാം ദേശീയ തൊഴിൽ കമ്മീഷന്റെ ശുപാർശയിന്മേൽ 29 തൊഴിൽ നിയമങ്ങൾ ക്രോഡീകരിച്ച് 4 ലേബർ കോഡുകളായി കേന്ദ്ര സർക്കാർ വിജ്ഞാപനം ചെയ്തിട്ടുണ്ട്. 2019 ആഗസ്റ്റ് 8ന് നിലവിൽ വന്ന Code on Wages 2020 സെപ്റ്റംബർ 21ന്നിലവിൽ വന്ന Industrial Relation Code 2020 സെപ്റ്റംബർ20ന് നിലവിൽ വന്ന Occupational Safety and Heath Code 2020 സെപ്റ്റംബർ 29ന് നിലവിൽ വന്ന Social Security Code എന്നിവയാണ് ടി 4 ലേബർ കോഡുകൾ. എല്ലാ കോഡുകളുടെയും കരട് ചട്ടങ്ങൾ രൂപീകരിച്ച് ആയതിന്മേൽ അക്ഷേപങ്ങളും അഭിപ്രായങ്ങളും തേടുന്നതിനായിസംസ്ഥാന സർക്കാർ 2021 അവസാനത്തോടെ കരട് ചട്ടങ്ങൾ വിജ്ഞാപനം ചെയ്തിട്ടുണ്ട്.

എന്നാൽ 2022 ജൂലൈ മാസത്തിൽ ടി കോഡുകൾ നിലവിൽ വരുമെന്ന് സംബന്ധിച്ച് കേന്ദ്ര സർക്കാരിൽ നിന്ന് ഔദ്യോഗിക അറിയിപ്പുകൾ ഒന്നും തന്നെ ലഭിച്ചിട്ടില്ല.



വി. ശിവൻകുട്ടി
(തൊഴിൽ - വിദ്യാഭ്യാസ മന്ത്രി)

ലേബർ കോഡുകളിലെ The Code of Wages, 2019 സെക്ഷൻ l(3), The IR Code, 2020 സെക്ഷൻ l(3),The Occupational Safety and Heath Code 2020 സെക്ഷൻ l(2), The Code on Social Security. 2020 സെക്ഷൻ l(3) എന്നീ സെക്ഷനുകൾ പ്രകാരം കേന്ദ്ര സർക്കാർ പ്രസിദ്ധപ്പെടുത്തുന്ന ഔദ്യോഗിക വിജ്ഞാപനത്തിലൂടെയാണ് 4 കോഡുകൾ ഇന്ത്യയിൽ നിലവിൽ വരുന്നത് എന്ന് പ്രതിപാദിച്ചിട്ടുണ്ട്.

The Code of Wages, 2019,വകുപ്പ് 67ൽ അപ്രോപ്രിയേറ്റ് ഗവൺമെന്റിന് ചട്ടങ്ങൾ നിർമ്മിക്കുന്നതിനുള്ള അധികാരത്തെപ്പറ്റി വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. ടി വകുപ്പുകൾ പ്രാകാരം ഏതൊക്കെ നിയമങ്ങളിലാണ് കേന്ദ്ര സർക്കാരിന് ചട്ടങ്ങൾ നിർമ്മിക്കാൻ അധികാരം ഉള്ളത് എന്നത് ഏതൊക്കെ നിയമങ്ങളിലാണ് സംസ്ഥാന സർക്കാരിന് ചട്ടങ്ങൾ നിർമ്മിക്കാൻ അധികാരം ഉള്ളത് എന്ന് കൃത്യമായി പ്രതിപാദിച്ചിട്ടുണ്ട്. അതേ പ്രകാരം Industrial RelationCodeന്റെവകുപ്പ് 99, Occupational Safety and Heath Codeന്റെ വകുപ്പ് 133, Social Security Codeന്റെ വകുപ്പ് 156, എന്നിവയിലൂടെ ടി കോഡുകൾ ഏതൊക്കെ നിയമങ്ങളിലാണ് സംസ്ഥാന സർക്കാരിനും കേന്ദ്ര സർക്കാരിനും ചട്ടങ്ങൾ നിർമ്മിക്കാൻ അധികാരം ഉള്ളത് എന്നും പ്രതിപാദിച്ചിട്ടുണ്ട്.

കേരളത്തിൽ നിലനിന്നിരുന്ന 29 തൊഴിൽ നിയമങ്ങളെ ക്രോഡീകരിച്ചും നിയമങ്ങളെ പിൻവലിച്ചുമാണ് 4 ലേബർ കോഡുകൾ രൂപീകരിച്ചത്.

കോഡുകളിൽ സംസ്ഥാന സർക്കാരുകൾക്ക് ചട്ടങ്ങൾ രൂപീകരിക്കുവാൻ അധികാരം ഉള്ള വിഷയങ്ങൾ കേന്ദ്ര സർക്കാരിന് ചട്ടങ്ങൾ രൂപീകരിക്കുവാൻ അധികാരമുള്ള വിഷയങ്ങൾ എന്നിവ വേർതിരിച്ച് ക്രമപ്പെടുത്തിയിട്ടുള്ളതിനാൽ നിലനിന്നിരുന്ന തൊഴിൽ നിയമങ്ങൾ സംരക്ഷിക്കുവാൻ സംസ്ഥാന സർക്കാരിന് പരിമിധികൾ ഉണ്ട്.ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 254 അനുസരിച്ച് കേന്ദ്രസർക്കാർ പാസ്സാക്കുന്ന ഒരു നിയമത്തിന്റെ ബദലായി സംസ്ഥാന സർക്കാരുകൾക്ക് നിയമനിർമ്മാണം നടത്തുവാൻ സാധിക്കുകയില്ല.കൂടാതെ തന്നെ ഇന്ത്യൻ ഭരണഘടനയുടെ 7th Shedule പ്രകാരം ലേബർ എന്നത് കൺകറന്റ് ലിസ്റ്റിൽ ഉൾപ്പെടുന്ന വിഷയവുമാണ്. ആയതിൽ ഏതൊക്കെ വിഷയങ്ങളിലാണ് കേന്ദ്ര സർക്കാരിന് നിയമ നിർമ്മാണം ചെയ്യാൻ കഴിയുന്നവ എന്ന് പ്രതിപാദിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ പരിമിതികൾ ഉണ്ടെങ്കിലും പരമാവധി തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും പരമാവധി തൊഴിലാളി സൗഹൃദമായി ചട്ടങ്ങൾ ഉണ്ടാക്കുവാനും സംസ്ഥാന സർക്കാർ ശ്രമിച്ചിട്ടുണ്ട്. ആയതിലേക്കായി സംസ്ഥാന തലത്തിൽ തൊഴിലാളി പ്രതിനിധികളെയും തൊഴിലുടമ പ്രതിനിധികളെയും നിയമ വിദഗ്ധരേയും ഉൾപ്പെടുത്തി ലേബർ കോഡുകളിന്മേൽ ചർച്ച ചെയ്യുന്നതിനായി ഒരു ശില്പശാല സംഘടിപ്പിച്ചിട്ടുണ്ട് . ആയതിൽ വിവിധ തൊഴിലാളി സംഘടനാ പ്രതിനിധികൾ കോഡുകളെ സംബന്ധിച്ചും അയതിന്റെ അടിസ്ഥാനത്തിലുള്ള കരട് സംസ്ഥാന ചട്ടങ്ങളെ സംബന്ധിച്ചുമുള്ള അഭിപ്രായം വ്യകതമാക്കിയിട്ടുണ്ട് ഇതോടൊപ്പം വിവിധ StakeHolders മീറ്റിംഗുകൾ സംഘടിപ്പിച്ച് കോഡുകളിന്മേലുള്ള അഭിപ്രായം സമന്വയിപ്പിക്കുവാൻ ശ്രമിച്ചുവരുന്നു.•

# സെപ്റ്റംബർ 1

# സമാധാനത്തിനുവേണ്ടിയുള്ള അന്തർദേശീയ കർമ്മ ദിനം




തൊഴിലാളി സംഘടനകളുടെ ലോക ഫെഡറേഷന്റെ (WFTU) 18ാമത് കോൺഗ്രസ്, 2022 സെപ്റ്റംബർ 1ന് സമാധാനത്തിനുവേണ്ടിയുള്ള തൊഴിലാളി സംഘടനകളുടെ അന്തർദ്ദേശീയ കർമ്മദിനമായി ആചരിക്കണമെന്ന മുൻതീരുമാനം നടപ്പിലാക്കുവാൻ ആഹ്വാനം ചെയ്തിരിക്കുകയാണ്. ലോകസമാധാനത്തിനു നേരെ ഇന്ന് ഉണ്ടായിക്കൊണ്ടിരിക്കുന്ന വലിയ അപകടങ്ങളുടെയും ഭീഷണികളുടെയും പശ്ചാത്തലത്തിൽ, ഇതാകട്ടെ ഉക്രൈൻ യുദ്ധത്തിനുശേഷം കൂടുതൽ രൂക്ഷമായിരിക്കുകയുമാണ്, ഇക്കൊല്ലത്തെ അന്തർദ്ദേശീയ കർമ്മദിനത്തിന് ഏറെ പ്രസക്തിയാണുള്ളത്.

ഉക്രൈനിന്റെ മണ്ണിലാണ് നടക്കുന്നത് എങ്കിലും യുദ്ധം യഥാർത്ഥത്തിൽ അമേരിക്കയും റഷ്യയും തമ്മിലാണ്. കഴിഞ്ഞ മൂന്നു മാസങ്ങളിൽ യുഎസ് കോൺഗ്രസ് 54 ബില്യൺ ഡോളറാണ് ഉക്രൈനുള്ള സഹായധനമായി അംഗീകരിച്ചത്. ഇത് റഷ്യയുടെ സൈനിക ബജറ്റിന്റെ 80%ത്തോളം വരും.

സോവിയറ്റ് യൂണിയന്റെ പതനത്തിന്റെ സമയത്തുള്ള, പിന്നീട് പരസ്യമാക്കപ്പെട്ട ഔദ്യോഗിക രേഖകൾ, അന്നത്തെ അമേരിക്കൻ സ്റ്റേറ്റ് സെക്രട്ടറിയായ ജെയിംസ് ബേക്കർ അപ്പോൾ സോവിയറ്റ് യൂണിയന്റെ ജനറൽ സെക്രട്ടറിയായിരുന്ന മിഖയിൽ ഗോർബചേവിന് നാറ്റോയുടെ കിഴക്കോട്ടുള്ള വ്യാപനം ഉണ്ടാകില്ല എന്ന് ഉറപ്പുനൽകിയിരുന്നതായി വെളിപ്പെടുത്തുന്നുണ്ട്. എന്നാൽ പിന്നീട് നടന്ന നാറ്റോയുടെ സാമ്രാജ്യത്ത വികസനം ഈ ഉറപ്പിനെ അവഗണിച്ചുകൊണ്ട് മുൻപ് സോവിയറ്റ് യൂണിയന്റെ ഭാഗമായിരുന്നു സംസ്ഥാനങ്ങളെയും അതിന്റ പരിധിയിൽ കൊണ്ടുവരുന്നതിലേക്കാണ് നയിച്ചത്. അതിനുശേഷം അഞ്ച് ഘട്ടങ്ങളിൽ നടന്ന നാറ്റോയുടെ വ്യാപനത്തിൽ കിഴക്കൻ യൂറോപ്പ് പൂർണ്ണമായും, അതിനോടൊപ്പം സോവിയറ്റ് യൂണിയന്റെ കീഴിലായിരുന്ന മൂന്നു ബാൾട്ടിക് സംസ്ഥാനങ്ങളും, അതിന്റെ ഭാഗമായിത്തീർന്നു. 2008ൽ നാറ്റോ ജോർജ്ജിയക്കും ഉക്രൈനും അംഗത്വം വാഗ്ദാനം ചെയ്യുകയുണ്ടായി. ഇത് റഷ്യയെ സംബന്ധിച്ചിടത്തോളം വരാനിരിക്കുന്ന വലിയൊരു അപകടത്തിന്റെ സൂചനയായിരുന്നു. നാറ്റോയുടെ ഭാഗമായുള്ള ഉക്രൈൻ റഷ്യയുടെ ഹൃദയത്തെ ഉന്നം വയ്ക്കുന്ന കഠാരയ്ക്ക് സമാനമായിരിക്കും. ഇതിനോടൊപ്പം തന്നെ ദശകങ്ങളായി 'നിഷ്പക്ഷ' രാഷ്ട്രങ്ങളായി ചിത്രീകരിക്കപ്പെട്ടുവന്നിരുന്ന സ്വീഡൻ, ഫിൻലൻഡ് തുടങ്ങിയ രാജ്യങ്ങളെയും നാറ്റോ അതിന്റെ പരിധിയിൽ കൊണ്ടുവരുവാൻ പരിശ്രമിക്കുകയുമായിരുന്നു.

അമേരിക്കൻ സാമ്രാജ്യത്തിന്റെ അടിത്തറക്കു പിന്നിലെ ഒരു പ്രധാന ഘടകം ലോകത്താകെയുള്ള രാജ്യങ്ങളെ യു എസ് ഡോളർ ഉപയോഗിച്ച് അന്തർദേശീയ വ്യാപാരം ചെയ്യുന്നതിന് നിർബന്ധിക്കുന്ന തരത്തിൽ ആ നാണയത്തിനുള്ള മേധാവിത്വമാണ്. ഡോളറിനെ ആയുധമാക്കികൊണ്ട് അമേരിക്ക സാമ്പത്തികയുദ്ധം അഴിച്ചുവിട്ടിരിക്കുകയാണ്. ബൂർഷ്വാസി സാമ്പത്തിക ശാസ്ത്രജ്ഞന്മാർ പോലും ഇതിനെ 'സാമ്പത്തിക കൂട്ട നശീകരണ ആയുധം' എന്നാണ് വിശേഷിപ്പിക്കുന്നത്. അന്താരാഷ്ട്ര നാണയ നിധിയുടെ ഒരു പഠനമനുസരിച്ച്, വെല്ലുവിളി ഉയർത്തുന്ന രാജ്യങ്ങളുടെ ഡോളർ ശേഖരം കണ്ടുകെട്ടുന്നതിന് അമേരിക്ക നടപടികൾ എടുക്കുവാൻ ആരംഭിച്ചതിനുശേഷം, കഴിഞ്ഞ രണ്ട് ദശകങ്ങളായി അന്തർദേശീയ കരുതൽ ധനത്തിൽ ഡോളറിനെ പങ്ക് കുറഞ്ഞുവരികയാണ്. ഉക്രൈൻ യുദ്ധത്തിനോട് അനുബന്ധിച്ച്, അമേരിക്ക റഷ്യയുടെ മേൽ ഉപരോധം ഏർപ്പെടുത്തിയതുകൂടാതെ, അതിന്റ ബാങ്ക് അക്കൗണ്ടുകൾ മരവിപ്പിക്കുകയും 639 ബില്യൺ ഡോളർ വിദേശ നാണയശേഖരം കണ്ടുകെട്ടുകയും ചെയ്തിരിക്കുകയാണ്.

നമുക്ക് അറിയാവുന്നതുപോലെ യുഎസ്എയും, ജി 7 രാജ്യങ്ങളും, യൂറോപ്യൻ യൂണിയനും റഷ്യക്കുമേൽ കടുത്ത നിരോധനങ്ങൾ ഏർപ്പെടുത്തിയിരിക്കുകയാണ്. വിവിധ രാജ്യങ്ങളുമായുള്ള എണ്ണ വിൽപ്പന ഇടപാടുകളിൽ യുഎസ് ഡോളറിനു പകരം റൂബിളിനെ കൈമാറ്റ നാണയമായി ഉപയോഗിച്ചുകൊണ്ടാണ് റഷ്യ തിരിച്ചടിക്കുന്നത്.

സ്വന്തം ആഗോള മേധാവിത്വ

ത്തിന് വലിയ ഭീഷണി ഉയർത്തിക്കൊണ്ട് ചൈനയുടെ സ്വാധീനം ലോകത്താകെ വർധിക്കുന്നതും അമേരിക്കയെ ചെറുതായല്ല അലോസരപ്പെടുത്തുന്നത്. ജനാധിപത്യത്തിന്റെ കുറവ്, മനുഷ്യാവകാശ ലംഘനങ്ങൾ, സൈബർ യുദ്ധം എന്നിവ ആരോപിച്ചുകൊണ്ട് ചൈനയുടെ സമ്പദ്ഘടനയെ ദുർബലപ്പെടുത്തുന്നതിന് ലക്ഷ്യമിടുന്ന നിരവധി സാമ്പത്തിക/വ്യാപാര നടപടികൾ അമേരിക്ക കൈക്കൊള്ളുകയാണ്. ഒരു ചൈന നയത്തെ അട്ടിമറിക്കുന്നതിനായി അത് തായ്‌വാനെ ആയുധമണിയിക്കുകയാണ്. തെക്കൻ ചൈനാ കടലിൽ അനിയന്ത്രിതമായ പ്രവേശന സ്വാതന്ത്ര്യമാണ് അമേരിക്ക ആവശ്യപ്പെടുന്നത്. സൈനികവും തന്ത്ര പരവുമായ QUAD എന്ന കൂട്ടായ്മയുടെ (യുഎസ്എ, ജപ്പാൻ, ആസ്ട്രേലിയ, ഇന്ത്യ) രൂപീകരണത്തിന് ശേഷം, അമേരിക്ക ഇപ്പോൾ ഇൻഡോപസഫിക് സമുദ്ര മേഖലയിൽ, പ്രത്യേകിച്ച് ഇന്ത്യൻ മഹാസമുദ്രത്തിൽ, ചൈനയുടെ സ്വാധീനം കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ AIKUS (ഓസ്ട്രേലിയ, യുകെ യുഎസ്എ) എന്ന ഒരു പുതിയ പ്രതിരോധ സഖ്യത്തിന് തുടക്കം കുറിച്ചിരിക്കുകയാണ്. ചൈനയെ ഒറ്റപ്പെടുത്തുന്നതിനായുള്ള ആഗോള പരിശ്രമങ്ങളുടെ ഭാഗമായി യു എസ് എ അതിന്റെ ജി7, യൂറോപ്യൻ യൂണിയൻ, നാറ്റോ എന്നിവയിലെ കൂട്ടാളികളെ സംഘടിപ്പിക്കുകയാണ്.

QUAD, AIKUS മുതലായ കൂട്ടായ്മകളെ കൂടാതെ, 2022 ജൂൺ 24ന്, തീർച്ചയായും ചൈന അടുത്തിടെ സോളമൻ ദ്വീപുകളുമായി ഉണ്ടാക്കിയ പ്രതിരോധ കരാറിന് പ്രതികരണമായി, ന്യൂസിലൻഡ്, ഓസ്ട്രേലിയ, യുകെ എന്നിവയുമായി ചേർന്നുള്ള നീല പസഫിക്കിലെ പങ്കാളികൾ എന്ന സഖ്യത്തിന്റെ രൂപീകരണം അമേരിക്ക പ്രഖ്യാപിക്കുകയുണ്ടായി. പുതിയൊരു QUAD എന്നോ പടിഞ്ഞാറൻ ഏഷ്യയിലെ നാറ്റോ എന്നോ വിശേഷിപ്പിക്കാവുന്ന, ഇന്ത്യയും ഇസ്രയേലും യുഎസ്എയും യുഎഇയും അടങ്ങുന്ന ഒരു കൂട്ടായ്മ പടിഞ്ഞാറൻ ഏഷ്യയിൽ രൂപപ്പെട്ടുവരുകയാണ്. I2U2 എന്ന പേരിലറിയപ്പെടുന്ന ഈ കൂട്ടായ്മ ചൈന, സിറിയ, ഇറാൻ ഉൾപ്പെടെയുള്ള പടിഞ്ഞാറൻ ശക്തികളെ എതിർക്കുന്ന രാജ്യങ്ങളെയാണ് ഉന്നം വയ്ക്കുന്നത്.

ഇന്ത്യ ഭരിക്കുന്ന മോദിസർക്കാർ അമേരിക്കൻ സാമ്രാജ്യത്വത്തിന് പൂർണമായും കീഴടങ്ങിയിരിക്കുകയാണ്. അമേരിക്കയുടെ അനുസരണയുള്ള യഥാർത്ഥ ജൂനിയർ പങ്കാളിയെപ്പോലെയാണ് ഇന്ത്യ പ്രവർത്തിക്കുന്നത്. ഏഷ്യയിൽ അമേരിക്ക മെനയുന്ന തന്ത്രങ്ങൾക്ക്, പ്രത്യേകിച്ച് ഇന്ത്യപസഫിക് മേഖലയിൽ ചൈനയെ ഒറ്റപ്പെടുത്തുന്നതിനായുള്ള ശ്രമങ്ങൾക്ക്, എല്ലാ ഒത്താശകളും ചെയ്തുകൊടുക്കുന്ന അമേരിക്കൻ സർക്കാരിന്റെ കയ്യിലെ പാവയായി ഇന്ത്യ മാറിയിരിക്കുകയാണ്.

സാധാരണ ജനങ്ങൾക്ക് ആശ്വാസം പകർന്നു നൽകുന്നതിന് യാതൊരു നടപടികളും എടുക്കാതിരിക്കുകയും, അതേസമയം യുദ്ധങ്ങൾക്ക് തിരികൊളുത്തുന്ന പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടിക്കൊണ്ട് വൻ ആയുധ നിർമ്മാണ കുത്തകകൾക്ക് ലാഭം കുന്നുകൂട്ടാൻ അവസരമൊരുക്കുകയും ചെയ്യുന്ന അമേരിക്കൻ സാമ്രാജ്യത്വവും, മുതലാളിത്ത വ്യവസ്ഥിതി തന്നെയും, അവയുടെ പരാജയങ്ങൾ മറച്ചുവെക്കുവാൻ ദയനീയമായി ശ്രമിക്കുന്ന പശ്ചാത്തലത്തിൽ, സമാധാനത്തിനുവേണ്ടിയുള്ള തൊഴിലാളി സംഘടനകളുടെ അന്തർദേശീയ കർമ്മദിനം ആചരിക്കുന്നതിനുള്ള ആഹ്വാനത്തിന് വലിയ പ്രധാനമാണുള്ളത്. ലോക ജനതക്കും ആഗോള സമാധാനത്തിനും വിനാശകരമായി തീർന്ന രണ്ടാം ലോകമഹായുദ്ധത്തിന് തുടക്കം കുറിച്ചുകൊണ്ട് നാസി ജർമനി പോളണ്ടിൽ അതിക്രമിച്ചു കടന്നത് 1939 സെപ്റ്റംബർ 1നാണ് എന്ന കാര്യം ഇത്തരുണത്തിൽ സ്മരണീയമാണ്.

ഭീമമായ സൈനിക ചിലവുകൾ വെട്ടിക്കുറക്കണമെന്ന ആവശ്യമുയർത്തുന്നതിൽ തൊഴിലാളി വർഗ്ഗം മുൻകൈ എടുക്കണം. നാറ്റോ പോലുള്ള ആക്രമോൽസുകമായ സൈനിക കൂട്ടായ്മകൾ പിരിച്ചുവിടുന്നതിനും ആണവോർജ്ജത്തിന്റെ ഉപയോഗം സമാധാനപരമായ ആവശ്യങ്ങൾക്ക് മാത്രമായി പരിമിതപ്പെടുത്തുന്നതിനും തൊഴിലാളികൾ ആവശ്യപ്പെടണം. WFTUവിൽ അഫിലിയേറ്റ് ചെയ്ത സംഘടന എന്ന നിലയിൽ CITU അതിന്റെ ആഹ്വാനം 2022 സെപ്റ്റംബർ 1ന് സാമ്രാജ്യത്വത്തിനെയും അതിന്റെ അതിക്രമണങ്ങളെയും യുദ്ധവെറിയെയും തുറന്നുകാട്ടിക്കൊണ്ട് 2022 ആചരിക്കുവാൻ തീരുമാനിച്ചിരിക്കുകയാണ്.●



ആശംസകളോടെ...
കായിക്കാട്
സർവ്വീസ് സഹകരണ ബാങ്ക്

## അന്തർദേശീയ സമ്പദ് രംഗം

# പ്രതിസന്ധിയുടെ നീർച്ചുഴിയിൽ

**നവലിബറൽ നയങ്ങളാണ് ലോകത്തെ ഇന്ന് ഈ നിലയിൽ എത്തിച്ചത്. സാമ്പത്തിക രംഗം കലുഷിതമാകുമ്പോൾ എല്ലാകാലത്തും സാമ്രാജ്യത്വം സ്വീകരിക്കുന്ന ഒരു മാർഗ്ഗമാണ് സംഘർഷങ്ങൾ സൃഷ്ടിക്കലും യുദ്ധത്തിലേക്ക് നീങ്ങുന്നതും. യുക്രൈൻ സംഭവങ്ങളും നാൻസിപെലോസിയുടെ തായ് വാൻ സന്ദർശനവും എല്ലാം ഇതിനോട് ചേർത്ത് വായിക്കണം.**



അന്തർദേശീയ സാമ്പത്തിക രംഗത്തെ ചലനങ്ങൾ സൂക്ഷ്മമായി നിരീക്ഷിക്കുന്ന ഏതൊരാൾക്കും ഇന്നിപ്പോൾ കാണാൻ കഴിയുന്നത് ശുഭവാർത്തകളല്ല. സാമ്പത്തിക രംഗത്തെ സ്ഥാപനങ്ങളായ ഐ.എം.എഫ്, ലോക ബാങ്ക്, UNCTAD, ലോക വ്യാപാര സംഘടന (WTO) എന്നിവ പുറത്തുവിടുന്ന റിപ്പോർട്ടുകൾ സാമ്പത്തിക വിദഗ്ദ്ധരുടെ ലേഖനങ്ങൾ എന്നിവയെല്ലാം വരച്ചുകാട്ടുന്ന ചിത്രം അങ്കലാപ്പുളവാക്കുന്നവയാണ്. പിടിച്ചുനിർത്താൻ കഴിയാത്ത വിലക്കയറ്റം, ഉൽപ്പാദനരംഗത്തെ മുരടിപ്പ്, ഉപഭോഗത്തിലെ ഇടിവ്, അനന്തമായി ഉയർന്നുകൊണ്ടിരിക്കുന്ന പൊതുകടങ്ങളും സ്വകാര്യ കടങ്ങളും എല്ലാം വലിയ വിഷമസന്ധിയാണ് സമ്പദ് രംഗത്ത് സൃഷ്ടിച്ചിരിക്കുന്നത്. 2008ലെ സാമ്പത്തിക പ്രതിസന്ധിയിൽ നിന്നും പൂർണ്ണമായി കരകയറുന്നതിന് മുൻപ് പടർന്നുപിടിച്ച കോവിഡ് 19 മഹാമാരി, കോവിഡ് കുറച്ചൊന്ന് കെട്ടടങ്ങി തുടങ്ങിയപ്പോൾ പൊട്ടിപ്പുറപ്പെട്ട റഷ്യയുക്രൈൻ സംഘർഷം, ചൈന കോവിഡിനെ നേരിടാൻ ഏർപ്പെടുത്തിയ കർശന നിയന്ത്രണങ്ങൾ, എണ്ണയുടെ വിലക്കയറ്റം, അമേരിക്കയും ചൈനയുമായുള്ള വ്യാപാര തർക്കങ്ങൾ എല്ലാം സാമ്പത്തിക രംഗത്തെ സ്ഥിതി വഷളാകാൻ കാരണമായി.

സാമ്പത്തികരംഗം പ്രതിസന്ധിയിലാകുമ്പോൾ സ്വാഭാവികമായിത്തന്നെ സാമൂഹിക സംഘർഷങ്ങളും ഉടലെടുക്കും. അത് ഭരണകൂടങ്ങളെയും പ്രതിസന്ധിയിലാക്കും. അതാണിപ്പോൾ ശ്രീലങ്കയിൽ നാം കണ്ടുകൊണ്ടിരിക്കുന്നത്. വികസ്വര പിന്നോക്ക രാജ്യങ്ങളിലാണ് ഈ പ്രതിസന്ധി ആദ്യം രൂപപ്പെടുക. സാമ്രാജ്യത്വ രാജ്യങ്ങൾ ഇത്തരം സാമ്പത്തിക പ്രതിസന്ധിയെ നേരിടുന്നത് ലോകമാകെ സംഘർഷങ്ങളും യുദ്ധം തന്നെയും സൃഷ്ടിച്ചുകൊണ്ടാണ് എന്ന് ചരിത്രം നോക്കിയാൽ കാണാം.



**ജോസ് ടി എബ്രഹാം**

### 53 വികസ്വര രാജ്യങ്ങൾ പൊട്ടിത്തെറിയുടെ വക്കിൽ - ഇക്കണോമിസ്റ്റ്

2022 ജൂലൈ 23ലെ 'ദി ഇക്കണോമിസ്റ്റ് ' മാഗസിനിലെ ഒരു ലേഖനത്തിന്റെ തലക്കെട്ടാണ് 53 വികസ്വര രാജ്യങ്ങൾ പൊട്ടിത്തെറിയുടെ വക്കിൽ എന്നത്. ഇക്കണോമിസ്റ്റ് അവരുടെ ലേഖനം തുടങ്ങുന്നത് ശ്രീലങ്കയിലെ സ്ഥിതിഗതികളും സാമ്പത്തിക പ്രതിസന്ധിയും വിശദീകരിച്ചുകൊണ്ടാണ്. 2022 ഏപ്രിൽ മാസമായപ്പോൾ ശ്രീലങ്കയ്ക്ക് അവരുടെ കടങ്ങൾ തിരിച്ചടയ്ക്കാൻ കഴിയാതെയായി, വിദേശനാണ്യശേഖരം ഏതാണ്ട് ഇല്ലാതെയായി. ജൂണിലെ വിലക്കയറ്റം 55 ശതമാനത്തോളമായി. ഈ വർഷം ശ്രീലങ്കൻ സമ്പദ് രംഗം വലിയതോതിൽ ഇടിയുകയും ചെയ്യും. അവശ്യവസ്തുക്കളും അവശ്യസർവ്വീസുകളും ഇല്ലാതായതോടെ ജനങ്ങൾ രോഷാകുലരായി. പ്രസിഡന്റിന്റെ കൊട്ടാരം തന്നെ കയ്യടക്കി. പ്രസിഡന്റ് രാജ്യംവിട്ട് ഓടുകയും ചെയ്തു.

ശ്രീലങ്കയിൽ കാണുന്ന പ്രതിസന്ധി മറ്റ് പലരാജ്യങ്ങളിലും വരാൻ പോകുന്ന പ്രതിസന്ധിയുടെ സൂചനയാണെന്ന് ഇക്കണോമിസ്റ്റ് പറയു

ന്നു. പല ദരിദ്ര രാജ്യങ്ങളുടെയും കടം പതിറ്റാണ്ടുകളിലെ ഏറ്റവും ഉയർന്ന നിലയിലാണ്. ഭക്ഷണത്തിന്റെയും ഊർജ്ജത്തിന്റെയും വില ഉച്ചസ്ഥായിയിലാണ്. ലോക സമ്പദ് രംഗം പിന്നോട്ടടിയിലാണ്. ലോകമാകെ പലിശനിരക്കുകൾ ഉയർന്നുകൊണ്ടിരിക്കുകയാണ്. ഇതെല്ലാം പിന്നോക്ക രാജ്യങ്ങളെ വലിയ സാമ്പത്തിക പ്രതിസന്ധിയിലാക്കും. പല പിന്നോക്ക രാജ്യങ്ങളുടെയും വളർച്ച കഴിഞ്ഞ കുറെ വർഷങ്ങളായി വളരെ ക്ഷീണിതമാണ്. ഈ സ്ഥിതിയിൽ അവയിൽ പലതും സാമ്പത്തികവും രാഷ്ട്രീയവുമായ കടുത്ത പ്രതിസന്ധിയിലെത്തിച്ചേരും. അതിൽ തന്നെ 53 രാജ്യങ്ങളുടെ സ്ഥിതി അതീവ ഗുരുതരമാണ്. ഈ രാജ്യങ്ങൾക്ക് ഇപ്പോൾ തന്നെ അവരുടെ കടം തിരിച്ചടയ്ക്കാൻ കഴിയാത്ത സ്ഥിതിയോ, സമീപകാലത്ത് ആ നിലയിലേക്ക് എത്തുന്ന അവസ്ഥയോ ആണ്. ഇപ്പോഴത്തെ ലോക സാമ്പത്തികനിലയെ ഇക്കണോമിസ്റ്റ് താരതമ്യപ്പെടുത്തുന്നത് 1980–90കളിലെ സ്ഥിതിയുമായാണ്. അക്കാലത്തും പല പിന്നോക്ക രാജ്യങ്ങളുടെയും കടം വളരെ ഉയർന്ന നിലയിലായി. വികസിത രാജ്യങ്ങൾ പലിശനിരക്ക് ഉയർത്തിയതോടെ പല പിന്നോക്ക രാജ്യങ്ങളും കടം തിരിച്ചടയ്ക്കാൻ കഴിയാതെ പ്രതിസന്ധിയിലായി. വിലക്കയറ്റം വളരെ ഉയർന്ന നിലയിലായി. 1982 ആഗസ്റ്റിൽ മെക്സിക്കോ അവരുടെ കടം തിരിച്ചടയ്ക്കാൻ കഴിയാത്ത സ്ഥിതിയിലായി. പിന്നാലെ ഒരു ഡസനിലധികം രാജ്യങ്ങളും കടം തിരിച്ചടയ്ക്കാൻ കഴിയാതെ പ്രതിസന്ധിയിലായി. ഈ അവസരം ഉപയോഗിച്ചാണ് ലോകബാങ്കും ഐ.എം.എഫും നവലിബറൽ നയങ്ങൾ ലോകത്ത് കെട്ടഴിച്ചുവിടുന്നത്.

നവലിബറൽ നയങ്ങൾ തുടങ്ങിയ കാലത്ത് ചില പിന്നോക്ക രാജ്യങ്ങളുടെ സ്ഥിതി കുറച്ചൊന്നു മെച്ചപ്പെട്ട പ്രതീതിയുണ്ടാക്കി. എന്നാൽ ഈ പ്രതീതിയിൽപ്പെട്ട് പല രാജ്യങ്ങളും വലിയതോതിൽ വിദേശകടമെടുത്തു. 2008ലെ സാമ്പത്തിക പ്രതിസന്ധി തുടങ്ങിയ കാലത്ത് പിന്നോക്ക രാജ്യങ്ങളുടെ പൊതു കടം പൊതുവായി എടുത്താൽ ജി.ഡി.പിയുടെ 33 ശതമാനം ആയിരുന്നു. 2019ൽ കോവിഡ് മഹാമാരി പൊട്ടിപ്പുറപ്പെടുന്നതിനു മുമ്പ് ഈ രാജ്യങ്ങളുടെ പൊതുകടം ജി.ഡി.പിയുടെ 54 ശതമാനം എന്ന നിലയിലായിരുന്നു. മഹാമാരി കാലത്ത് കടമെടുപ്പ് വലിയ തോതിൽ ഉയരുകയും ചെയ്തു. 2020 ഓടെ വികസ്വര രാജ്യങ്ങളുടെ ബജറ്റ് കമ്മി ശരാശരി ജി.ഡി. പിയുടെ 9.3 ശതമാനം എന്ന നിലയിലേക്കെത്തി. 2021ൽ സ്ഥിതയൊന്ന് അൽപം മെച്ചപ്പെട്ടു. എന്നാൽ റഷ്യ യുക്രൈൻ സംഘർഷം 2022ൽ സ്ഥിതി കൂടുതൽ വഷളാക്കി. ഭക്ഷ്യ വസ്തുക്കളുടെയും ഊർജ്ജത്തിന്റെയും വില വലിയ രൂപത്തിൽ കുതിച്ചുയർന്നു. ഇത് എല്ലാ രാജ്യങ്ങളുടെയും വളർച്ചയെ പ്രതികൂലമായി ബാധിച്ചു. അവരുടെ കടം പൂർവ്വാധികം വർദ്ധിച്ചു. ഇറക്കുമതി ചെലവുകൾ ഉയർന്നതോടെ വിദേശ നാണയ ശേഖരത്തിൽ കുത്തനെ ഇടിവുണ്ടായി. ശ്രീലങ്ക ഉൾപ്പടെയുള്ള പല രാജ്യങ്ങളും വിദേശ നാണയ ശേഖരം ഇടിഞ്ഞതോടെ വിദേശ കടത്തിന്റെ മുതലും പലിശയും അടയ്ക്കാൻ കഴിയാത്ത അവസ്ഥയിലായി. അമേരിക്കൻ ഫെഡറൽ റിസർവ്വും യൂറോപ്യൻ കേന്ദ്രബാങ്കും ഉൾപ്പടെ ലോകത്തെ പ്രധാനപ്പെട്ട കേന്ദ്രബാങ്കുകളെല്ലാം പലിശനിരക്ക് ഉയർത്തിക്കൊണ്ടിരിക്കുകയാണ്. ഇത് വികസ്വര രാജ്യങ്ങളുടെ കടബാധ്യത വീണ്ടും ഉയരാൻ കാരണമാക്കും. അതുകൂടാതെ വികസിത രാജ്യങ്ങളിൽ പ്രത്യേകിച്ച് അമേരിക്ക പലിശനിരക്ക് ഉയർത്തുന്നതോടെ വികസ്വര രാജ്യങ്ങളിൽ നിന്നുള്ള ഡോളർ പിൻവലിച്ച് അമേരിക്കയിൽ തന്നെ നിക്ഷേപിക്കുന്ന നിലയുണ്ടാകും. ഇതും വികസ്വര രാജ്യങ്ങളിലെ വിദേശ നിക്ഷേപം ഇടിയാൻ കാരണമാകും. അമേരിക്കൻ ഫെഡറൽ റിസർവ്വ് (ഫെഡ്) ന്റെ പലിശനിരക്ക് അടുത്തകാലം വരെ 0.25 ശതമാനമായിരുന്നു. വിലക്കയറ്റം കുതിച്ചുയർന്നതോടെ ഫെഡ് പലിശനിരക്ക് ഉയർത്താൻ നിർബന്ധിതമായി. ഇപ്പോൾ 2.5 ശതമാനത്തിൽ എത്തിയിരിക്കുകയാണ്. വർഷാവസാനത്തോടെ 3.5 ശതമാനത്തിലെത്തുമെന്നാണ് അനുമാനം. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്റർനാഷണൽ ഫിനാൻസ് ആന്റ് ഇൻഡസ്ട്രീസ് ഗ്രൂപ്പിന്റെ അനുമാനത്തിലും വികസ്വര രാജ്യങ്ങളിൽ നിന്നും മൂലധനം കാര്യമായി പിൻവലിക്കപ്പെടും. ഡോളറിന്റെ വില വർഷാദ്യം മുതൽ എടുത്താൽ ഏതാണ്ട് 12 ശതമാനത്തോളം ശരാശരി ഉയർന്നു. ഇത് പല രാജ്യങ്ങളുടെ ഇറക്കുമതി ചെലവ് കുത്തനെ ഉയരാൻ കാരണമായി.

ഉയർന്നു നിൽക്കുന്ന പൊതു കടം, ഇടിഞ്ഞുകൊണ്ടിരിക്കുന്ന വളർച്ചാ നിരക്ക്, പലിശനിരക്ക് ഉയരുന്നതുമൂലമുള്ള സാമ്പത്തിക ഞെരുക്കം, വിലക്കയറ്റം എല്ലാം മിക്ക രാജ്യങ്ങളെയും ബാധിക്കുന്നുണ്ടെങ്കിലും ഈ സ്ഥിതിയുടെ ഏറ്റവും വലിയ ഇരയാകുന്നത് ദരിദ്ര രാജ്യങ്ങളാണ്. ദരിദ്ര രാജ്യങ്ങൾക്ക് അവരുടെ നാണയത്തിൽ ഒരു അന്തർദേശീയ ഇടപാടും നടത്താൻ കഴിയില്ല. അവർക്ക് ഡോളർ പോലെയുള്ള വിദേശ നാണയങ്ങളെ ആശ്രയിച്ചുമാത്രമേ അന്തർദേശീയ ഇടപാടുകൾ നടത്താൻ കഴിയൂ. 73 ദരിദ്ര രാജ്യങ്ങളുടെ സ്ഥിതി മോശമാണ്. അവർക്ക് കടത്തിൽ ഇളവു നൽകാൻ ജി 20 രാജ്യങ്ങൾ ചില നീക്കങ്ങൾ നടത്തുന്നുമുണ്ട്. അതിൽ 8 രാജ്യങ്ങളുടെ കടം ഒരു തരത്തിലും താങ്ങാൻ കഴിയാത്ത അവസ്ഥയിലാണ്. 30 രാജ്യങ്ങൾ ആ സ്ഥിതിയിലേക്ക് എത്തിക്കൊണ്ടിരിക്കുകയാണ്. ഇത്തരത്തിൽ ഏറ്റവും ദരിദ്രമായ 38 രാജ്യങ്ങളിലെ സ്ഥിതി വളരെ മോശമായതിനോടൊപ്പം ശ്രീലങ്ക പോലെ കുറച്ചൊന്നു പുരോഗതി നേടിയ 15 വികസ്വര രാജ്യങ്ങളി

ലെ സ്ഥിതിയും ഗുരുതരമായി ക്കൊണ്ടിരിക്കുകയാണ്. അവർക്ക് അവരുടെ കടം തിരിച്ചടയ്ക്കാൻ കഴിയാത്ത അവസ്ഥയും അവരുടെ ബോണ്ട് കമ്പോളത്തിൽ വിറ്റ് കടമെടുക്കാൻ കഴിയാത്ത അവസ്ഥയുമുണ്ട്. ഈജിപ്റ്റ്, എൽ സാൽവദോർ, പാകിസ്ഥാൻ, ടുണീഷ്യ തുടങ്ങിയ രാജ്യങ്ങൾ ഈ ഗണത്തിൽ വരും. ബ്രസീലും ടർക്കിയും പോലെയുള്ള രാജ്യങ്ങളിലെ സ്ഥിതിയും ശുഭകരമല്ല. മൊത്തത്തിൽ 38 ദരിദ്രരാജ്യങ്ങളും 18 വികസ്വര രാജ്യങ്ങളും ഉൾപ്പടെ 53 രാജ്യങ്ങളുടെ സ്ഥിതി പരുങ്ങലിലാണെന്ന് ഇക്കണോമിസ്റ്റ് പറയുന്നു. രാജ്യങ്ങൾ മാത്രമല്ല, അതിലെ 100 കോടിയോളം ജനങ്ങളാണ് ഇത്തരത്തിൽ വലിയ ദുരിതത്തിലേക്ക് നീങ്ങിക്കൊണ്ടി രിക്കുന്നത്.

### ഐ.എം.എഫ് വേൾഡ് ഇക്കണോമിക് ഔട്ട്ലുക്ക്

ഐ.എം.എഫ് ഓരോ മൂന്നു മാസത്തിലും അവരുടെ വേൾഡ് ഇക്കണോമിക് ഔട്ട്ലുക്ക് റിപ്പോർട്ടിന്റെ പുതുക്കിയ കണക്കുകൾ പ്രസിദ്ധീകരിക്കാറുണ്ട്. 2022 ജൂലൈ മാസം ഏപ്രിൽ മാസത്തെ തുടർന്നുള്ള റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ട്. 2022ലെ സാമ്പത്തിക വളർച്ച 2021ലെ 6.1 ശതമാനത്തിൽ നിന്നും ഇടിഞ്ഞ് 3.2 ശതമാനമായിരിക്കുമെന്നാണ് ജൂലൈ റിപ്പോർട്ട്. ഇത് ഏപ്രിലിൽ കണക്കാക്കിയതിൽ നിന്നും 0.4 ശതമാനം കുറവാണ്. അമേരിക്കയിലെയും യൂറോപ്പിലെയും വിലക്കയറ്റം, ചൈന പ്രതീക്ഷിച്ചതിലും വളരെ കുറഞ്ഞ വളർച്ചാ നിരക്ക് രേഖപ്പെടുത്തിയത്. യുക്രൈൻ യുദ്ധത്തിന്റെ പ്രത്യാഘാതങ്ങൾ എല്ലാമാണ് ഐ.എം.എഫ് വളർച്ചാനിരക്ക് അനുമാനം കുറയ്ക്കാൻ കാരണം.

വിസ്താര ഭയത്താൽ കൂടുതൽ വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. വിലക്കയറ്റം എല്ലാ രാജ്യങ്ങളിലും രൂക്ഷമാണ്. അമേരിക്കൻ ഫെഡറൽ റിസർവ്വ് വലിയരീതിയിൽ പലിശനിരക്ക് ഉയർത്തിയിട്ടും ജൂണിൽ വിലക്കയറ്റം 9.1 ശതമാനത്തിലെത്തി. മെയിൽ 8.6 ശതമാനമായിരുന്നു. പല രാജ്യങ്ങളും അവരുടെ ഇടപാടുകൾ ഡോളറിൽ നിന്നും മറ്റു കറൻസികളിലേക്കു മാറ്റുന്ന സ്ഥിതിയുണ്ട്.

നവലിബറൽ നയങ്ങളാണ് ലോകത്തെ ഇന്ന് ഈ നിലയിൽ എത്തിച്ചത്. സാമ്പത്തിക രംഗം കലുഷിതമാകുമ്പോൾ എല്ലാകാലത്തും സാമ്രാജ്യത്വം സ്വീകരിക്കുന്ന ഒരു മാർഗ്ഗമാണ് സംഘർഷങ്ങൾ സൃഷ്ടിക്കലും യുദ്ധത്തിലേക്ക് നീങ്ങുന്നതും. യുക്രൈൻ സംഭവങ്ങളും നാൻസിപെലോസിയുടെ തായ് വാൻ സന്ദർശനവും എല്ലാം ഇതിനോട് ചേർത്ത് വായിക്കണം.

ആത്യന്തികമായി എല്ലാറ്റിന്റെയും ആഘാതം ദരിദ്രരുടെ മേലും തൊഴിലാളികളുടെ മേലുമാണ് പതിക്കുക. പ്രതിരോധവും ജനങ്ങളിൽ നിന്നുതന്നെ ഉയരണം. •




പൊൽപ്പുള്ളി സർവ്വീസ് സഹകരണ ബാങ്ക്

ക്ലിപ്തം നമ്പർ എഫ് 1198, പൊൽപ്പുള്ളി, പാലക്കാട് 678552
ഹെഡ്ഓഫീസ് : കല്ലുകുട്ടിയാൽ, പൊൽപ്പുള്ളി
ഫോൺ: 9446581698, 8281599916, 04923– 296029, 8281599912, 9400067992
e-mail : pscbply.pgt@gmail.com

നിക്ഷേപം 209 കോടി, വായ്പ 141 കോടി

സേവനമാണ് ഞങ്ങളുടെ ലക്ഷ്യം

എം.എ.അരുൺകുമാർ
പ്രസിഡന്റ്
94479 46158

ബ്രാഞ്ചുകൾ
കൊടുമ്പ് : 0491 2960095, 8281 599913, 9400062993
പനയൂർ, അത്തിക്കോട് : 04932 295262, 8281599914, 9400 067994
ഇരട്ടയാൽ പിരിവുശാല : 04912 952833, 8281599915, 9400 067995

ജി.ജെസ്സി
സെക്രട്ടറി
94465 81698

സഹകരണ നീതി കാർഷിക സേവന കേന്ദ്രം വേ ബ്രിഡ്ജ് കല്ലുകുട്ടിയാൽ : 0492 3296053, 9400067996
നീതി സ്റ്റോർ പനയൂർ, അത്തിക്കോട് : 9400067997

# വൈദ്യുതി വിതരണവും കോർപ്പറേറ്റുകൾക്ക്

**വൈദ്യുതി നിയമ ഭേദഗതി ബിൽ 2022 ഊർജ്ജ മേഖലയുടെ സമ്പൂർണ്ണ സ്വകാര്യവൽക്കരണം ലക്ഷ്യം വയ്ക്കുന്നതാണ്. നിലവിലെ നിയമത്തിനകത്തു നിന്നു തന്നെ കേരളം ജനപക്ഷ ബദൽ ഉയർത്തി വൈദ്യുതി ബോർഡിനെ വിഭജിക്കാതെ ഒറ്റ പൊതുമേഖല കമ്പനിയായി കേരളത്തിൽ മുന്നോട്ടുപോകുന്നു.**





എസ്.ഹരിലാൽ

വൈദ്യുതി വിതരണ മേഖലയുടെ സമ്പൂർണ്ണ സ്വകാര്യവൽക്കരണത്തിനിടയാക്കുന്ന വൈദ്യുതി നിയമ ഭേദഗതി ബിൽ 2022 ആഗസ്റ്റ് 8ന് കേന്ദ്ര ഊർജ്ജ മന്ത്രി ആർ.കെ സിങ്ങ് ലോക്സഭയിൽ അവതരിപ്പിക്കുകയുണ്ടായി. ബില്ലവതരണ സമയത്ത് ഇടതുപക്ഷ എം.പിമാരും കോൺഗ്രസും, തൃണമൂൽ കോൺഗ്രസ്, ഡിഎംകെ എംപിമാരും ശക്തമായ പ്രതിഷേധം ഉയർത്തി. ലോക്സഭയിലും രാജ്യത്താകെയും ശക്തമായ പ്രതിഷേധം ഉയർന്ന സാഹചര്യത്തിൽ ബിൽ സ്റ്റാൻഡിങ് കമ്മിറ്റിക്ക് വിട്ടിരിക്കുകയാണ് കേന്ദ്രസർക്കാർ. 2021ൽ സംയുക്ത കിസാൻ മോർച്ചയ്ക്ക് കേന്ദ്രസർക്കാർ വൈദ്യുതി നിയമ ഭേദഗതി ബിൽ വിശദമായ ചർച്ചയ്ക്കുശേഷമേ നടപ്പിലാക്കൂ എന്ന് രേഖാമൂലം ഉറപ്പുനൽകിയിരുന്നു. വൈദ്യുതി സ്വകാര്യവൽക്കരണത്തിനെതിരെ നാഷണൽ കോ ഓർഡിനേഷൻ കമ്മിറ്റി ഓഫ് ഇലക്ട്രിസിറ്റി എംപ്ലോയീസ് & എഞ്ചിനീയേഴ്സ് മുൻകാലങ്ങളിൽ നടത്തിയ പ്രക്ഷോഭത്തിലും കേന്ദ്രസർക്കാർ സമവായത്തിലൂടെ മാത്രമേ നടപ്പിലാക്കൂ എന്ന് ഉറപ്പുനൽകിയിരുന്നതാണ്. ബിൽ സംസ്ഥാന അധികാരത്തിൻമേലുള്ള കടന്നുകയറ്റമാണെന്നതിനാൽ ബംഗാൾ, രാജസ്ഥാൻ, പഞ്ചാബ്, തമിഴ്നാട്, കേരളം തുടങ്ങിയ സംസ്ഥാനങ്ങൾ ശക്തമായ എതിർപ്പ് 2021ൽ രേഖപ്പെടുത്തുകയുണ്ടായി. വൈദ്യുതി നിയമ ഭേദഗതി ബിൽ 2021 നെതിരെ കേരള നിയമസഭ ഐക്യകണ്ഠേന പ്രമേയം പാസാക്കുകയും ചെയ്തിരുന്നു. എന്നാൽ ഈ എതിർപ്പുകളെയൊന്നും മാനിക്കാതെ തികഞ്ഞ കോർപ്പറേറ്റ് താല്പര്യത്തോടെയാണ് കേന്ദ്രസർക്കാർ ഇപ്പോൾ ബിൽ അവതരിപ്പിച്ചിട്ടുള്ളത്.

### ലക്ഷ്യം ഊർജ്ജ മേഖലയുടെ സ്വകാര്യവൽക്കരണം

വൈദ്യുതി നിയമ ഭേദഗതി ബിൽ 2022 ഊർജ്ജ മേഖലയുടെ സമ്പൂർണ്ണ സ്വകാര്യവൽക്കരണം ലക്ഷ്യം വയ്ക്കുന്നതാണ്. 2003 വൈദ്യുതി നിയമം തന്നെ കേന്ദ്രസർക്കാർ നടപ്പിലാക്കിയത് വൈദ്യുതി രംഗം ഒന്നാകെ സ്വകാര്യവൽക്കരിക്കാനാണ്. കാര്യക്ഷമതയും, സേവനമികവും, കുറഞ്ഞ താരിഫും വാഗ്ദാനം ചെയ്ത് നടപ്പിലാക്കിയതാണ് പ്രസ്തുത നിയമം. എന്നാൽ നാളിതുവരെ സ്വകാര്യവൽക്കരിക്കപ്പെട്ട സംസ്ഥാനങ്ങളിൽ ഇതൊന്നും യാഥാർത്ഥ്യമായില്ല. മുംബൈ പ്രളയത്തിലും ഒറീസ്സാ ചുഴലിക്കാറ്റിലും അതാത് സ്ഥലത്തെ സ്വകാര്യ വൈദ്യുതി കമ്പനികൾ പരാജയമാണെന്ന് തെളിയിച്ചു. താരിഫ് വർധന മൂലം സ്വകാര്യവൽക്കരിക്കപ്പെട്ട സ്ഥലങ്ങളിൽ ജനങ്ങൾ തീരാദുരിതത്തിലായി. കേന്ദ്ര സർക്കാരിന്റെ കുത്തക പ്രീണന നയങ്ങൾക്കെതിരെയുള്ള പ്രക്ഷോഭങ്ങൾ പരിഗണിക്കാതെ പൂർണ്ണ സ്വകാര്യവൽക്കരണം ലക്ഷ്യംവച്ചാണ് 2022 നിയമഭേദഗതി ബിൽ അവതരിപ്പിക്കപ്പെട്ടത്. നിലവിലെ നിയമത്തിനകത്തു നിന്നു തന്നെ കേരളം ജനപക്ഷ ബദൽ ഉയർത്തി വൈദ്യുതി ബോർഡിനെ വിഭജിക്കാതെ ഒറ്റ പൊതുമേഖല കമ്പനിയായി കേരളത്തിൽ മുന്നോട്ടുപോകുന്നു. സംസ്ഥാനത്ത് സമ്പൂർണ വൈദ്യുതീകരണം നടപ്പിലാക്കാനും ക്രോസ് സബ്സിഡി നിലനിർത്തി ദുർബല ജനവിഭാഗങ്ങൾക്കാശ്വാസമേകാനും സംസ്ഥാനത്തിനായി. ഓഖിയിലും 2018, 2019 പ്രളയകാലത്തും കെഎസ്ഇബി മികച്ച പ്രവർത്തനമാണ് നടത്തിയത്. കോവിഡ് മഹാമാരി കാലത്തും ഈ പൊതുമേഖലാ സ്ഥാപനം മികവാർന്ന പ്രവർത്തനങ്ങൾ നടത്തി. എന്നാൽ

പുതിയ നിയമ ഭേദഗതി നടപ്പിലായാൽ കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെ പ്രവർത്തനങ്ങളെ ഇത്പ്രതികൂലമായി ബാധിക്കും.

## ഭേദഗതികൾ പ്രത്യാഘാതങ്ങൾ

ഒരു പ്രദേശത്ത് ഒന്നിൽ കൂടുതൽ വിതരണ ലൈസൻസികൾക്ക് പ്രവർത്തനാനുമതി നൽകുന്നതാണ് സുപ്രധാന ഭേദഗതി. ഇത് യാതൊരു മുതൽ മുടക്കുമില്ലാതെ പൊതുമേഖലയിൽ പടുത്തുയർത്തിയ സൗകര്യങ്ങൾ ഉപയോഗിച്ച് സ്വകാര്യ ഏജൻസികളുടെ പ്രവേശനത്തിനു വഴിയൊരുക്കും. പൊതുമേഖല വിതരണശൃംഖല വഴിയാണ് സ്വകാര്യ ലൈസൻസികൾ വൈദ്യുതി വിതരണം നടത്തുക. താഴ്ന്ന താരിഫും ഉയർന്ന താരിഫും നിശ്ചയിച്ച് അതിനിടയിൽ വൈദ്യുതി ചാർജ്ജ് നിശ്ചയിക്കുവാൻ കമ്പനികൾക്ക് സ്വാതന്ത്ര്യം നൽകുന്നതാണ് നിർദ്ദിഷ്ട ഭേദഗതി. നിലവിൽ കെഎസ്ഇബി ഉൾപ്പെടെ പൊതുമേഖലാ കമ്പനികൾ ക്രോസ് സബ്സിഡി സമ്പ്രദായത്തിലാണ് താരിഫ് നിർണയിക്കുന്നത്. കർഷകർ, ദുർബല ജനവിഭാഗങ്ങൾ, ഗുരുതര രോഗം ബാധിച്ചവർ, ചെറുകിട വ്യവസായം, വാണിജ്യം, ഗ്രന്ഥശാലകൾ, ധർമ്മ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയ്ക്കെല്ലാം വിവിധ നിരക്കിൽ സബ്സിഡി നൽകുന്നു. കാർഷിക സബ്സിഡി ഇതിൽ പ്രധാനപ്പെട്ടതാണ്. ഇത് മൂലം ഉണ്ടാകുന്ന നഷ്ടം നികത്തുന്നത് വൻകിട ഉപഭോക്താക്കളുടെ താരിഫിൽ നിന്നുള്ള വരുമാനത്തിലാണ്. ഒരേ പ്രവർത്തന മേഖലയിൽ പൊതുമേഖലാ കമ്പനിയും സ്വകാര്യ ലൈസൻസികളും പ്രവർത്തനമാരംഭിക്കുമ്പോൾ സ്വകാര്യ കമ്പനികൾ വൻകിടക്കാർക്ക് ഇളവു നൽകുകയും അവരെ വരുതിയിലാക്കുകയും ചെയ്യും. വൻകിടക്കാർ സ്വകാര്യമേഖലയിലേക്ക് പോകുമ്പോൾ പൊതുമേഖല കമ്പനി സാമ്പത്തിക പ്രതിസന്ധിയിലാകും. മറികടക്കണമെങ്കിൽ അവർക്കും താരിഫ് വർദ്ധിപ്പിക്കേണ്ടിവരും. ഫലത്തിൽ കാർഷിക മേഖലയിലും ചെറുകിട സംരംഭങ്ങളിലും ദുർബലവിഭാഗങ്ങളിലും ഇതുണ്ടാക്കുന്ന പ്രത്യാഘാതം ഭീകരമായിരിക്കും. കാർഷിക മേഖലയിലെ പ്രശ്നങ്ങൾ രാജ്യത്ത് ഭക്ഷ്യക്ഷാമവും വിലക്കയറ്റവും സൃഷ്ടിക്കും.

## കാര്യക്ഷമത

കേവലം വിതരണ കമ്പനികളാണ് ഈ ഭേദഗതി പ്രകാരം രംഗത്ത് വരുക. പ്രതിഷ്ഠാപനത്തിന്റെ സംരക്ഷണം, പരിപാലനം, വ്യാപനം എന്നിവ പൊതുമേഖലയുടെ ചുമതലയാണ്. പൊതുമേഖല വിതരണ ശൃംഖല ഉപയോഗിച്ച് കടത്തിക്കൊണ്ടു വരുന്ന വൈദ്യുതി ഉപഭോക്താക്കൾക്ക് നൽകുക മാത്രമാണ് സ്വകാര്യലൈസൻസികൾ ചെയ്യുക. വൻകിട ഉപഭോക്താക്കൾ നഷ്ടപ്പെട്ട് സാമ്പത്തിക പ്രതിസന്ധിയിലാകുന്ന പൊതുമേഖലാ കമ്പനിക്ക് പ്രതിഷ്ഠാപനത്തിന്റെ പരിപാലനം നിർവഹിക്കുവാൻ പ്രയാസം വരും. ഫലത്തിൽ മത്സരത്തിന്റെ ഭാഗമായി കാര്യക്ഷമത വർധിക്കുകയല്ല കുറയാനാണ് സാധ്യത. സ്വകാര്യനിക്ഷേപം ഈ മേഖലയിലേക്ക് കടന്നു വരാതിരിക്കുകയും പൊതുമേഖലാ നിക്ഷേപത്തിൽ നിന്ന് ലാഭം കൊയ്തെടുക്കുകയും ചെയ്യും.

## ഫെഡറലിസത്തിൻമേൽ കടന്നാക്രമണം

വൈദ്യുതി സമവർത്തി പട്ടികയിൽ നിലനിൽക്കുന്ന വിഷയമാണ്. ഈ വിഷയത്തിൽ ഏകപക്ഷീയ നിയമ നിർമ്മാണമാണ് കേന്ദ്രം നടത്തുന്നത്. 2003 നിയമത്തിന്റെ ഭാഗമായിത്തന്നെ സംസ്ഥാന അധികാരങ്ങൾ പരിമിതപ്പെടുത്തുകയുണ്ടായി. സംസ്ഥാനങ്ങളുടെ അധികാരം കവരുന്ന സമീപകാല പ്രവണത ഇക്കാര്യത്തിലും പ്രകടമാണ്. റെഗുലേറ്ററി കമ്മീഷൻ നിയമനത്തിൽ കേന്ദ്രസർക്കാർ പിടിമുറുക്കുകയാണ്. അന്തർ സംസ്ഥാന ലൈസൻസികൾക്ക് വൈദ്യുതി വിതരണത്തിന് അവകാശം നൽകുക വഴി സംസ്ഥാന സർക്കാരുകൾക്ക് ഈ രംഗത്ത് നയപരമായി ഇടപെടാൻ കഴിയാതെ വരും.

പാർലമെന്റിൽ ബിൽ അവതരിപ്പിച്ച ദിവസം രാജ്യത്ത് 27 ലക്ഷത്തോളം വരുന്ന ജീവനക്കാരും ഓഫീസർമാരും ജോലി ഉപേക്ഷിച്ച് സമരരംഗത്തിറങ്ങി. നാഷണൽ കോഓർഡിനേഷൻ കമ്മിറ്റി ഓഫ് ഇലക്ട്രിസിറ്റി എംപ്ലോയീസ് & എഞ്ചിനീയേഴ്സിന്റെ നേതൃത്വത്തിലായിരുന്നു പ്രക്ഷോഭം. സംയുക്ത കിസാൻ മോർച്ചയും സംയുക്ത ട്രേഡ് യൂണിയനും എൻ.സി.സി.ഒ.ഇ.ഇ.ഇ പ്രക്ഷോഭത്തിന് പിന്തുണ പ്രഖ്യാപിച്ചിട്ടുണ്ട്. ആഗസ്റ്റ് 2ന് ഡൽഹിയിൽ ചേർന്ന എൻ.സി.സി.ഒ.ഇ.ഇ.ഇ ദേശീയ കൺവെൻഷനിൽ സ.എളമരം കരീം എം.പി, സ.തപൻ സെൻ, ഹനൻമൊള്ള തുടങ്ങിയ സി.ഐ.ടി.യു, കർഷകസംഘം, നേതാക്കൾ പങ്കെടുക്കുകയുണ്ടായി.സി.പി.ഐ(എം), സി.പി.ഐ, തൃണമൂൽ കോൺഗ്രസ്, ആം ആദ്മി പാർട്ടി, ഡി.എം.കെ തുടങ്ങിയ പാർടികൾ പ്രക്ഷോഭത്തിന് പിന്തുണ പ്രഖ്യാപിച്ചു. രാജ്യത്തെ ഇരുട്ടിൽ നിന്ന് രക്ഷിക്കാൻ വിപുലമായ പ്രക്ഷോഭങ്ങൾ ഉയർന്നുവരേണ്ടതുണ്ട്. പൊതുമേഖലകളെ സ്വകാര്യ മേഖല വിഴുങ്ങുമ്പോൾ സംവരണ മടക്കമുള്ള ആനുകൂല്യങ്ങൾ പരോക്ഷമായി നിഷേധിക്കപ്പെടുന്നു. പാർശ്വവൽക്കരിക്കപ്പെട്ടവരുടെ ഉന്നമനത്തിനുള്ള സാധ്യതകൾ നിഷേധിക്കപ്പെടും. പൊതുമേഖലയിലെ മെച്ചപ്പെട്ട തൊഴിൽ സാധ്യതകൾ യുവാക്കൾക്ക് നിഷേധിക്കപ്പെടുകയും സ്വകാര്യമേഖലയുടെ ചൂഷണത്തിന് യുവത്വം വിധേയമാകുകയും ചെയ്യും. ബഹുഭൂരിപക്ഷത്തിന് ദോഷകരവും ന്യൂനപക്ഷം സമ്പന്നർക്ക് ഹിതകരവുമാണ് നിർദിഷ്ട വൈദ്യുതി നിയമഭേദഗതി ബിൽ 2022 ●

# സഹകരണമേഖല നാടിന്റെ നട്ടെല്ല് അത് തകർക്കരുത്



**കെ.ടി.അനിൽ കുമാർ**
(ജനറൽ സെക്രട്ടറി, കേരളാ ബാങ്ക് എംപ്ലോയീസ് ഫെഡറേഷൻ)

**സഹകരണ നിയമം ഭേദഗതി ചെയ്തും കേന്ദ്രത്തിൽ സഹകരണ മന്ത്രാലയം രൂപീകരിച്ചും ബാങ്കിംഗ് റഗുലേഷൻ ആക്ടിൽ ഭേദഗതി വരുത്തിയും സഹകരണ ബാങ്കിംഗ് സ്ഥാപനങ്ങളെ വരുതിയിലാക്കി സാധാരണക്കാരായ അംഗങ്ങളുടെ നിക്ഷേപം കുത്തകകളുടെ കൈകളിലെത്തിക്കാൻ ആസൂത്രിതമായ ശ്രമങ്ങൾ നടത്തുകയാണ് കേന്ദ്ര സർക്കാർ.**

കേരളത്തിലെ സഹകരണ ബാങ്കിംഗ് മേഖലയെ കൂച്ചുവിലങ്ങിട്ട് നിയന്ത്രിച്ച് സ്വതന്ത്ര പ്രവർത്തനത്തെ ഇല്ലാതാക്കുന്ന തരത്തിലുള്ള നടപടികളാണ് കേന്ദ്ര ഗവണ്മെന്റ് സ്വീകരിച്ച് വരുന്നത്. ഇതിനൊപ്പം ചേർന്നു നിന്നുകൊണ്ട് കേരളത്തിലെ മുഖ്യധാരാ മാധ്യമങ്ങൾ സഹകരണ മേഖലയിലെ ചില സ്ഥാപനങ്ങളിൽ നടന്ന ഒറ്റപ്പെട്ട വിഷയങ്ങളെ പർവ്വതീകരിക്കുകയും സാമാന്യവൽക്കരിക്കുകയും ചെയ്ത് മേഖലയുടെ വിശ്വാസ്യത ഇല്ലാതാക്കുന്നവിധം അർദ്ധസത്യങ്ങളെ കൂട്ടുപിടിച്ച് കുപ്രചരണങ്ങൾ പടച്ചു വിടുകയാണ്. ഏതൊരു സാമ്പത്തിക സ്ഥാപനവും എന്നതുപോലെ സഹകരണ സ്ഥാപനങ്ങളുടെയും നിലനില്പ് ജനങ്ങളുടെ വിശ്വാസ്യതയിലാണ്. വിശ്വാസ്യത ഇല്ലാതാക്കിയാൽ എത്ര വലിയ സ്ഥാപനമായാലും പിടിച്ചു നിൽക്കാൻ കഴിയില്ല. കുപ്രചരണങ്ങളിലൂടെ വിശ്വാസ്യതയിൽ വിള്ളൽ വീഴ്ത്തി സാധാരണക്കാരുടെ അത്താണിയായ സഹകരണ മേഖലയുടെ സമ്പത്ത് കുത്തകകൾക്ക് എത്തിച്ചു നൽകുന്നതിനുള്ള വിടുവേലയാണ് മുഖ്യധാരാ മാധ്യമങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത്.

സഹകരണ നിയമം ഭേദഗതി ചെയ്തും കേന്ദ്രത്തിലൊരു പുതിയ സഹകരണ മന്ത്രാലയം രൂപീകരിച്ച് കേന്ദ്ര ആഭ്യന്തര മന്ത്രിക്കു തന്നെ ചുമതല നൽകിയും ബാങ്കിംഗ് റഗുലേഷൻ ആക്ടിൽ ഭേദഗതി വരുത്തിയും സഹകരണ ബാങ്കിംഗ് സ്ഥാപനങ്ങളെ വരുതിയിലാക്കി അവിടുത്തെ സാധാരണക്കാരായ അംഗങ്ങളുടെ കോടിക്കണക്കായ നിക്ഷേപം കുത്തകകളുടെ കൈകളിലെത്തിക്കാൻ കഴിഞ്ഞ കുറച്ചു കാലങ്ങളായി ആസൂത്രിതമായ ശ്രമങ്ങൾ നടന്നു വരികയാണ്. 2016ൽ നോട്ട് നിരോധന വേളയിൽ സഹകരണ ബാങ്കുകളോട് കേന്ദ്ര സർക്കാർ സ്വീകരിച്ച നിലപാട് ഏറെ ചർച്ച ചെയ്യപ്പെട്ടതാണ്. യാതൊരു നിയന്ത്രണവുമില്ലാതെ നിധി കമ്പനികൾ ആരംഭിക്കുന്നതിന് അനുമതി നൽകിയും അന്തർ സംസ്ഥാന സഹകരണ സ്ഥാപനങ്ങൾ യഥേഷ്ടം ആരംഭിച്ചും പ്രാഥമിക സഹകരണ സംഘങ്ങളുടെ പ്രവർത്തന മേഖലയിലേക്ക് കടന്നു കയറാനുള്ള പാതയൊരുക്കുകയാണ് കേന്ദ്ര സർക്കാർ.

ദിവസവും ശരാശരി 100 കോടി രൂപക്ക് മുകളിൽ എന്ന നിലയിൽ രാജ്യത്ത് കഴിഞ്ഞ കുറച്ച് വർഷങ്ങളിൽ ബാങ്കിംഗ് മേഖലയിൽ 2.5 ലക്ഷം കോടി രൂപയുടെ ക്രമക്കേടും തട്ടിപ്പും നടന്നിട്ടുണ്ടെന്നാണ് സ്ഥിതിവിവര കണക്കുകൾ സൂചിപ്പിക്കുന്നത്. ഇതിൽ സഹകരണ മേഖലയുടെ പങ്ക് 2%ത്തിൽ താഴെയാണ്. സ്വാതന്ത്ര്യത്തിന് ശേഷം 800ൽ അധികം വാണിജ്യ ബാങ്കുകൾ പല കാരണങ്ങൾ കൊണ്ടും തകർന്നിട്ടുണ്ട്. ബാങ്ക് ദേശസാൽക്കരണത്തിന് മുൻപ് തകർന്ന ബാങ്കുകളിലെ ഇടപാടുകാർക്ക് അവരുടെ നിക്ഷേപം നഷ്ടപ്പെടുകയാണ് ഉണ്ടായിട്ടുള്ളത്. 1969ലെ ബാങ്ക് ദേശസാൽക്കരണത്തിന് ശേഷം, തകർന്ന ബാങ്കുകളിൽ റിസർവ്വ് ബാങ്ക് ഇടപെട്ട് പ്രവർത്തനങ്ങളിൽ ക്രമീകരണങ്ങൾ വരുത്തിക്കൊണ്ട് പൊതുമേഖലാ ബാങ്കുകളെ കൊണ്ട് ഏറ്റെടുപ്പിച്ച് സംരക്ഷിക്കുകയാണ് ഉണ്ടായിട്ടുള്ളത്. കേരളത്തിലെ പഴയ നെടുങ്ങാടി ബാങ്ക്, പറവൂർ സെൻട്രൽ ബാങ്ക്, ബാങ്ക് ഓഫ് കൊച്ചിൻ എന്നിവയൊക്കെ ചില ഉദാഹരണങ്ങൾ മാത്രമാണ്. നവ ഉദാരവൽക്കരണ കാലത്ത് കൊട്ടിഘോഷിച്ച് കൊണ്ട് ആരംഭിച്ച 'യെസ് ബാങ്കിൽ' സാമ്പത്തിക പ്രതിസന്ധിയെ തുടർന്ന് 2020ൽ ഇടപാടുകൾക്ക് മൊറോട്ടോറിയം പ്രഖ്യാപിച്ചപ്പോൾ കേന്ദ്ര ഭരണാധികാരികളുടെ ഇടപെടലിന്റെ ഭാഗമായി 10000 കോടി രൂപ സ്റ്റേറ്റ്

ബാങ്ക് ഓഫ് ഇന്ത്യയിൽ നിന്നും നൽകി സംരക്ഷിക്കുകയാണ് ചെയ്തിട്ടുള്ളത്.

കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ രാജ്യത്തെ സ്വകാര്യ, വാണിജ്യ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നായി ഏകദേശം 10 ലക്ഷം കോടി രൂപയുടെ വായ്പകളാണ് എഴുതി തള്ളിയിട്ടുള്ളത്. ഇതിന്റെ പ്രയോജനം മുഴുവനായും ലഭിച്ചത് ബാങ്കിൽ നിന്നും വായ്പ എടുത്ത കുത്തകകൾക്കാണ്. എഴുതി തള്ളിയ തുകയുടെ 90%വും ഉപയോഗിച്ചത് 5 കോടിക്ക് മുകളിൽ നൽകിയ വായ്പകൾക്ക് വേണ്ടിയാണ്. യഥാർത്ഥത്തിൽ സാധാരണക്കാരായ ഇടപാടുകാരുടെ നിക്ഷേപത്തിന്റെ ബലത്തിൽ നിന്നുകൊണ്ടാണ് ബാങ്കുകളുടെ ഫണ്ട് കുത്തിച്ചോർത്തി കുത്തകകൾക്ക് ദാനം നൽകിയിട്ടുള്ളത്.

കേരളത്തിലെ 17500ൽ അധികം സഹകരണ സ്ഥാപനങ്ങളിലൂടെ 2.5 ലക്ഷം കോടി രൂപയുടെ സാമ്പത്തിക ഇടപാടാണ് നടക്കുന്നത്. കേരളത്തിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർ ബാങ്കിംഗ് ആവശ്യങ്ങൾക്ക് വാണിജ്യ ബാങ്കുകളേക്കാൾ ആശ്രയിക്കുന്നത് സഹകരണ ബാങ്കുകളേയാണ്. കേരളത്തിൽ ആകെ വിതരണം ചെയ്ത കാർഷിക വായ്പകളുടെ 15% സഹകരണ ബാങ്കുകളിൽ നിന്നാണ്. കാർഷിക മേഖലയിലെ വൻകിട വായ്പകൾ ഒഴിവാക്കിയാൽ മഹാഭൂരിപക്ഷം വരുന്ന സാധാരണക്കാരായ കർഷകർ കാർഷിക വായ്പകൾക്ക് ആശ്രയിക്കുന്നത് സഹകരണ ബാങ്കുകളെയാണ്. വിവിധ സഹകരണ സ്ഥാപനങ്ങളിലായി 5.8 കോടി അംഗങ്ങളുള്ള ജനകീയ പ്രസ്ഥാനമാണ് കേരളത്തിലെ സഹകരണ മേഖല.

ഈ ബഹുജന അടിത്തറയിലാണ് കേന്ദ്ര ഗവൺമെന്റ് കുത്തകകൾക്ക് വേണ്ടി നോട്ടമിട്ടിരിക്കുന്നത്. വൈദ്യനാഥൻ കമ്മിറ്റി, പ്രകാശ് ബക്ഷി കമ്മിറ്റി മുതൽ അർബൻ ബാങ്കുകളുടെ പ്രവർത്തനം സംബന്ധിച്ച് കൊണ്ടുവന്ന റിപ്പോർട്ടുകൾ വരെ സഹകരണ മേഖലയെ ശക്തിപ്പെടുത്താൻ എന്ന വ്യാജേന സഹകരണ ബാങ്കുകളുടെ സ്വതന്ത്രമായ പ്രവർത്തനത്തെ കൂച്ചുവിലങ്ങിടുന്നതും, സഹകരണ മേഖലയുടെ അടിസ്ഥാന ശിലയായ സഹകരണ ജനാധിപത്യത്തെ കശാപ്പ് ചെയ്യുന്നതുമാണ്. ഇത്തരത്തിൽ കൊണ്ടുവന്ന പ്രതിലോമ നയങ്ങളെ ജനകീയ പ്രതിരോധം കൊണ്ട് മറികടക്കുമ്പോഴാണ് വരുതിയിലാക്കാൻ കഴിഞ്ഞില്ലെങ്കിൽ വെടക്കാക്കി തനിക്കാക്കുക എന്ന പുതിയ അജണ്ട സെറ്റ് ചെയ്തിട്ടുള്ളത്.

മേഖലയിൽ അടുത്ത കാലത്ത് നടന്ന ക്രമക്കേടുകൾ തീർത്തും അപലപനീയവും യാതൊരു കാരണവശാലും സംഭവിക്കാൻ പാടില്ലാത്തതുമാണ്. കുറ്റവാളികളെ മാതൃകാപരമായി ശിക്ഷിക്കേണ്ടതും ജനങ്ങളുടെ നിക്ഷേപം തിരിച്ച് പിടിക്കേണ്ടതുമാണ്. അതിന് ആവശ്യമായ സത്വര നടപടികൾ കേരള സർക്കാർ സ്വീകരിച്ച് വരുന്നുണ്ട്. ക്രമക്കേട് ശ്രദ്ധയിൽപ്പെട്ട ഉടൻ തന്നെ ഭരണ സമിതിയെ പിരിച്ച് വിടുകയും, സഹകരണ വകുപ്പ് സമഗ്രമായ അന്വേഷണം നടത്തുകയും മുൻകാലങ്ങളിൽ ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരെ അടക്കം ബന്ധപ്പെട്ട മുഴുവൻ ജീവനക്കാരെയും അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്യുകയും ക്രമക്കേടിലൂടെ വിതരണം ചെയ്ത വായ്പ തിരിച്ച് പിടിക്കുന്നതിനാവശ്യമായ നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി 40 കോടി രൂപയോളം വായ്പാ തുക തിരിച്ചു പിടിക്കുന്നതിന് ബാങ്കിന് കഴിഞ്ഞിട്ടുണ്ട്. നിക്ഷേപകർക്ക് പണം തിരിച്ച് നൽകുന്നതിനാവശ്യമായ ഇടപെടലുകളുടെ ഭാഗമായി കേരള ബാങ്ക് നിക്ഷേപ ഗ്യാരന്റി ബോർഡ്, റിസ്ക് ഫണ്ട് ബോർഡ് എന്നിവയിൽ നിന്ന് 35 കോടി രൂപയുടെ വായ്പ/ഫണ്ട് സ്വരൂപിച്ച് നിക്ഷേപകർക്ക് നിക്ഷേപം തിരിച്ചു നൽകാനുള്ള നടപടികളും, ബാങ്കിന്റെ പ്രവർത്തനം സാധാരണ ഗതിയിലേക്ക് എത്തിക്കുന്നതിനുള്ള നടപടികളും ഏറ്റെടുത്തു നടത്തുകയും ചെയ്തിട്ടുണ്ട്. ഒറ്റപ്പെട്ടതാണെങ്കിലും മേഖലയിൽ അടുത്ത കാലത്ത് നടന്ന ക്രമക്കേടുകളുടെ അടിസ്ഥാനത്തിൽ സഹകരണ ചട്ടത്തിൽ ഭേദഗതി കൊണ്ടുവന്ന്, ഏതെങ്കിലും രീതിയിൽ പ്രതിസന്ധിയിലാകുന്ന സഹകരണ സ്ഥാപനങ്ങളെ സംരക്ഷിച്ച് നിലനിർത്തുന്നതിനും സഹായിക്കുന്നതിനും, സഹകരണ മേഖലയുടെ വികസനത്തിനും വേണ്ടി സഹകരണ സംരക്ഷണ നിധി രൂപീകരിക്കുന്നതിനും കൂടാതെ ഇത്തരം തട്ടിപ്പുകളിൽ ഉൾപ്പെടുന്നവരെ ക്രിമിനൽ കുറ്റത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്. സഹകരണ നിക്ഷേപ ഗാരന്റി പരിധി നിലവിലുണ്ടായിരുന്ന 2 ലക്ഷം രൂപയിൽ നിന്നും 5 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

കേരളത്തിലെ സഹകരണ മേഖലയുടെ വികാസത്തിന് ചരിത്രപരമായ ഒരു പശ്ചാത്തലമുണ്ട്. കേരളത്തിലെ നവോത്ഥാന പ്രസ്ഥാനത്തിന് തുടർച്ചയായി വന്ന തൊഴിലാളി-കർഷക മുന്നേറ്റങ്ങളും ഇടതുപക്ഷ സർക്കാരുകളുമാണ് ഇതിന് ചാലക ശക്തിയായി നിന്നിട്ടുള്ളത്. അതുകൊണ്ട് തന്നെ മുൻകാലങ്ങളിൽ സഹകരണ മേഖലക്കെതിരായി വന്നിട്ടുള്ള ആക്രമണങ്ങളെ ജനകീയ പ്രതിരോധം ഉയർത്തിക്കൊണ്ട് തടഞ്ഞു നിർത്താൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റേയും മുഖ്യധാരാ മാധ്യമങ്ങളുടേയും പിൻബലത്തിൽ മേഖലക്കെതിരെ നടക്കുന്ന ശക്തമായ ആക്രമണങ്ങളെ കേരള സർക്കാരിന്റെ നേതൃത്വത്തിൽ ജനകീയ പ്രതിരോധം ഉയർത്തിക്കൊണ്ട് ചെറുത്ത് തോൽപ്പിക്കുന്നതിന് മുഴുവൻ സഹകാരികളും സഹകരണ ജീവനക്കാരും പൊതുസമൂഹവും ഒറ്റക്കെട്ടായി നിലകൊള്ളണം.●

# മെഡിസെപ്

# ജനപക്ഷ സർക്കാരിന്റെ കരുതൽ



എം.എ. അജിത്കുമാർ

**സംസ്ഥാനത്തെ ജീവനക്കാരും അധ്യാപകരും പെൻഷൻ കാരും, അവരുടെ കുടും ബാംഗങ്ങളും ഉൾപ്പെടുന്ന 40 ലക്ഷത്തോളം പേർക്ക് സമഗ്ര ആരോഗ്യ പരിരക്ഷ ഉറപ്പാക്കുന്ന മെഡിക്കൽ ഇൻഷ്വറൻസ് ഫോർ സ്റ്റേറ്റ് എംപ്ലോയീസ് ആന്റ് പെൻഷ നേഴ്സ് (മെഡിസെപ്) പദ്ധതി കേരളത്തിലെ ഇടതുപക്ഷ സർക്കാരിന്റെ ജനപക്ഷ നടപടിയുടെ മഹനീയ ഉദാഹരണമാകുന്നു.**




സംസ്ഥാനത്തെ 11 ലക്ഷത്തോളം വരുന്ന ജീവനക്കാരും അധ്യാപകരും പെൻഷൻകാരും, അവരുടെ കുടുംബാംഗങ്ങളും ഉൾപ്പെടുന്ന 40 ലക്ഷത്തോളം പേർക്ക് സമഗ്ര ആരോഗ്യപരിരക്ഷ ഉറപ്പാക്കുന്ന മെഡിക്കൽ ഇൻഷ്വറൻസ് ഫോർ സ്റ്റേറ്റ് എംപ്ലോയീസ് ആന്റ് പെൻഷനേഴ്സ് (മെഡിസെപ്) പദ്ധതി 2022 ജൂലൈ 1 ന് ബഹു.മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തിരിക്കുന്നു. പ്രതിബന്ധങ്ങളെയും വെല്ലുവിളികളെയും അതിജീവിച്ച് മെഡിസെപ് യാഥാർത്ഥ്യമായതിനു പിന്നിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ പ്രതിബദ്ധതയും ഇച്ഛാശക്തിയുമാണ്.

ജീവനക്കാർക്കും പെൻഷൻകാർക്കും അവരുടെ ആശ്രിതരായ കുടുംബാംഗങ്ങൾക്കും പ്രതിവർഷം 3 ലക്ഷം രൂപയുടെ പണമടക്കാതെയുള്ള ചികിത്സ (Cashless Treatment) ഉറപ്പാക്കുന്ന പദ്ധതിയുടെ നിർവ്വഹണം പൊതുമേഖലാ സ്ഥാപനമായ ഓറിയന്റൽ ഇൻഷുറൻസ് കമ്പനിക്കാണ്. വാർഷിക കവറേജ് മൂന്ന് ലക്ഷം രൂപയുടേതാണെങ്കിലും ആദ്യവർഷം തുക വിനിയോഗിച്ചില്ലെങ്കിൽ അതിൽ നിന്നും ഒന്നര ലക്ഷം രൂപ കൂടി അടുത്ത വർഷത്തേക്ക് കൂട്ടിച്ചേർത്തകൂട്ടിച്ചേർത്ത് നാലരലക്ഷം രൂപയുടെ ആനുകൂല്യവും രണ്ടാം വർഷവും വിനിയോഗിച്ചില്ലെങ്കിൽ ഒന്നര ലക്ഷം കൂടി വീണ്ടും കൂട്ടിച്ചേർത്ത് മൂന്നാം വർഷം ആറു ലക്ഷം രൂപയുടെ ആനുകൂല്യം ലഭിക്കും. പ്രതിമാസം 500 രൂപ നിരക്കിൽ ഒരുവർഷം 6000 രൂപയാണ് പ്രീമിയമായി ഈടാക്കുന്നത്. മറ്റ് ഇൻഷുറൻസ് കമ്പനികൾ മൂന്ന് ലക്ഷം രൂപയുടെ ഇൻഷുറൻസ് കവറേജിന് 15000 മുതൽ 25000 രൂപ വരെയാണ് വാർഷിക പ്രീമിയം ഈടാക്കുന്നത്. 60 വയസ്സുകഴിഞ്ഞവരെ പ്രത്യേക മെഡിക്കൽ പരിശോധനയ്ക്ക് വിധേയമാക്കിയ ശേഷവും 80 വയസ്സുകഴിഞ്ഞവരെ പരമാവധി ഒഴിവാക്കിയുമാണ് സ്വകാര്യ ആരോഗ്യ ഇൻഷുറൻസ് കമ്പനികൾ ആരോഗ്യ ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കുന്നത്. നിലവിലുള്ള രോഗങ്ങൾക്ക് പരിരക്ഷ നൽകില്ലയെന്നതും സ്വകാര്യ കമ്പനികളുടെ പോരായ്മയാണ്. എന്നാൽ പ്രായം പരിഗണിക്കാതെയും യാതൊരു മെഡിക്കൽ പരിശോധനയ്ക്കു വിധേയമാക്കാതെയുമാണ് മെഡിസെപ് പദ്ധതിയിൽ ജീവനക്കാരെയും പെൻഷൻകാരെയും ഉൾപ്പെടുത്തുന്നത്. നിലവിലുള്ള രോഗങ്ങൾക്കും കവറേജ് നൽകുന്ന പദ്ധതിയിൽ ഒരുരോഗത്തിനും കാത്തിരുപ്പ് കാലാവധിയില്ല. പ്രായംമേറുംതോറും പ്രീമിയം വർദ്ധിപ്പിക്കുന്നില്ലായെന്നത് പ്രധാനപ്പെട്ടൊരു മേന്മയാണ്.

1920 അസുഖങ്ങൾക്കുപുറമേ അവയവമാറ്റത്തിനും 12 മാരക രോഗങ്ങൾക്കും ക്യാഷ്‌ലെസ് ചികിത്സ ഉറപ്പാക്കുന്ന പദ്ധതിയാണിത്. ചികിത്സാ ചെലവിനുപുറമേ മരുന്നുവില, ഡോക്ടർ/അറ്റൻഡന്റ് ഫീസ്, മുറിവാടക, പരിശോധനാ ചാർജ്ജുകൾ, ഭക്ഷണച്ചെലവ് എന്നിവയ്ക്കും കവറേജ് ലഭിക്കും. കിടത്തി ചികിത്സ ആരംഭിക്കുന്നതിന് 15 ദിവസം മുമ്പും ആശുപത്രി വിട്ടശേഷം 15 ദിവസം വരെയുമുള്ള ചെലവുകൾക്കും കവറേജ് ലഭിക്കും. ഹൃദയം, വൃക്ക, മുട്ട്, ഇടുപ്പ്, അസ്ഥി, മജ്ജ എന്നീ അവയവങ്ങൾ മാറ്റിവയ്ക്കൽ, കോക്ലിയർ ഇംപ്ലാന്റേഷൻ എന്നിങ്ങനെ മൂന്ന് ലക്ഷം രൂപയിലേറെ ആവശ്യമുള്ള ചികിത്സകളും ഇതിലൂടെ നിർവ്വഹിക്കാനാകും. അതിനായി 35 കോടി രൂപയുടെ കോർപ്പസ് ഫണ്ടിന് രൂപം നൽകി. ഇതിനെക്കാൾ അധികരിച്ചുവരുന്നത് ജീവനക്കാർ അടയ്ക്കുന്ന പ്രീമിയത്തിൽ അധികമുള്ള തുകയിൽ നിന്നും സർക്കാർ കണ്ടെത്തും. നിലവിൽ എല്ലാതാലൂക്കിലും ചികിത്സ ഉറപ്പാക്കാനാകും വിധം 396 ആശുപത്രികളെയാണ് എംപാനൽ ചെയ്തിരിക്കുന്നത്. കേരളത്തിനുപുറത്ത്, ഡൽഹി, മുംബൈ, ചെന്നൈ, ബംഗ്ലൂരു, മംഗലാപുരം, കോയമ്പത്തൂർ എന്നിവിടങ്ങളിലെ ആശുപത്രികളും പദ്ധതിയുമായി സഹകരിക്കാൻ സന്നദ്ധത അറിയിച്ചിട്ടുണ്ട് എന്നത് ശ്രദ്ധേയമാണ്. തുടക്കത്തിൽ ചില ആശുപത്രികൾ പദ്ധതിയുടെ ഭാഗമാകാൻ സന്നദ്ധമാകാത്ത സ്ഥിതിയുണ്ടെങ്കിലും ചർച്ചചെയ്ത് അവയേയും ഉൾപ്പെടുത്താനുള്ള ശ്രമം സർക്കാർ തുടരുകയാണ്.

സംസ്ഥാനസർക്കാർ ജീവനക്കാരുടെ ആരോഗ്യപരിരക്ഷയ്ക്ക് 1960 ലെ കേരളാ ഗവൺമെന്റ് സർവ്വന്റ്സ് മെഡിക്കൽ അറ്റൻഡൻസ് റൂൾസ് അനുസരിച്ച് ചികിത്സാ ചെലവുകൾ റീഇംബേഴ്സ് ചെയ്യുന്ന രീതിയാണ് നിലവിലുള്ളത്. ആദ്യകാലത്ത് പ്രതിമാസ ശമ്പളബിൽ മാറുന്നതിന് സമാനമായ നടപടിക്രമങ്ങളോടെ മെഡിക്കൽ റീ ഇംബേഴ്സ് മെന്റ് സാധിച്ചിരുന്നെങ്കിൽ പിന്നീടുവന്ന വലതുപക്ഷ സർക്കാരുകൾ ഇതിൽ പലവിധ നിയന്ത്രണങ്ങളും ഏർപ്പെടുത്തി. 2002 ജനുവരി 16 ന്റെ പ്രതിലോമ ഉത്തരവിലൂടെ യുഡിഎഫ് സർക്കാർ ജീവനക്കാരുടെ പ്രധാന ആനുകൂല്യങ്ങളെല്ലാം കവർന്നെടുത്തപ്പോൾ മെഡിക്കൽ റീഇംബേഴ്സ്മെന്റും അവസാനിപ്പിച്ചു. ഐതിഹാസിക പ്രക്ഷോഭത്തെ തുടർന്നാണ് അവ പുനഃസ്ഥാപിച്ചത്. നടപടിക്രമങ്ങളിലെ സങ്കീർണ്ണതകളും സാങ്കേതിക നൂലാമാലകളുംകൊണ്ട് മെഡിക്കൽ റീഇംബേഴ്സമെന്റ് സൗകര്യം ജീവനക്കാരിൽ നല്ലൊരുശതമാനവും പ്രയോജനപ്പെടുത്താത്ത സ്ഥിതിയാണ് നിലവിലുണ്ടായിരുന്നത്. പാർടൈം ജീവനക്കാർക്ക് മെഡിക്കൽ റീഇംബേഴ്സ്മെന്റ് സൗകര്യം ഇല്ല. പെൻഷൻകാർക്ക് പ്രതിമാസ പെൻഷനോടൊപ്പം സർക്കാർ അനുവദിക്കുന്ന 500 രൂപയുടെ മെഡിക്കൽ അലവൻസുമൊഴികെ മറ്റൊരു ചികിത്സാനുകൂല്യവും ലഭ്യമല്ല.

കേരളത്തിൽ രോഗാതുരത വൻതോതിൽ വർദ്ധിക്കുകയും ചികിത്സാചെലവ് ക്ലിപ്ത വരുമാനക്കാരുടെപോലും കുടുംബ ബഡ്ജറ്റിന്റെ താളംതെറ്റിക്കുകയും ചെയ്യുന്ന സാഹചര്യത്തിലാണ് ജീവനക്കാർക്കും പെൻഷൻകാർക്കും സമഗ്ര ആരോഗ്യ ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തണമെന്ന ആവശ്യം ഉയർന്നുവന്നത്. സംസ്ഥാന ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളുടെ പരിഷ്കരണത്തിനായി നിയമിക്കപ്പെട്ട പത്താം ശമ്പളക്കമ്മീഷൻ ആവശ്യങ്ങൾ പരിഗണിച്ച് സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കണമെന്ന നിർദ്ദേശം മുന്നോട്ടു വച്ചു. എന്നാൽ ശുപാർശ നടപ്പിലാക്കുന്നതിനുള്ള യാതൊരു നടപടിയും സ്വീകരിക്കാൻ ഉമ്മൻചാണ്ടിയുടെ നേതൃത്വത്തിലുള്ള അന്നത്തെ യുഡിഎഫ് സർക്കാർ തയ്യാറായില്ല. 2016 ൽ അധികാരമേറ്റ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ 2017 18 ലെ വാർഷിക ബഡ്ജറ്റിൽ ഇത് സംബന്ധിച്ച് പ്രഖ്യാപിക്കുകയും 2017 ഏപ്രിൽ 24 ന് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. അംഗങ്ങൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങളേയും ചികിത്സാ രീതികളേയും കുറിച്ച് സർക്കാർ തീരുമാനിക്കുകയും പദ്ധതിയുടെ നടത്തിപ്പിനായി ഇൻഷുറൻസ് കമ്പനികളിൽ നിന്ന് ക്വട്ടേഷൻ ക്ഷണിക്കുകയും ചെയ്തു. പൊതുസ്വകാര്യമേഖലയിലെ 5 കമ്പനികൾ സമർപ്പിച്ച ക്വട്ടേഷനിൽ ഏറ്റവും കുറഞ്ഞ തുക ക്വോട്ട് ചെയ്ത റിലയൻസ് ഇൻഷുറൻസ് കമ്പനിക്ക് പദ്ധതി നടത്തിപ്പിനുള്ള കരാർ നൽകി. മറ്റ് കമ്പനികളെല്ലാം റിലൻസിനെക്കാൾ ഏതാണ്ട് ഇരട്ടിയോളം വരുന്ന തുകയാണ് വാർഷിക പ്രീമിയമായി നിർദ്ദേശിച്ചിരുന്നത്. ചികിത്സാ സൗകര്യങ്ങൾ, എംപാനൽ ചെയ്യപ്പെട്ട ആശുപത്രികൾ എന്നിവയുടെ കാര്യത്തിൽ റിലൻസ് കമ്പനി സർക്കാരുമായുള്ള കരാറിന്റെ അടിസ്ഥാനത്തിൽ സേവനങ്ങൾ ഒരുക്കാൻ സന്നദ്ധമായില്ല. ഈ സാഹചര്യത്തിൽ സർക്കാരിന്റെ പ്രത്യേക അധികാരം ഉപയോഗിച്ച് റിലൻസുമായുണ്ടാക്കിയ കരാർ റദ്ദാക്കി.

പുതിയ ടെണ്ടർ ക്ഷണിക്കുന്നതിനുള്ള നടപടികളുമായി സർക്കാർ മുന്നോട്ടു പോയപ്പോൾ റിലയൻസ് കമ്പനി പദ്ധതി നടത്തിപ്പിനെതിരെ കോടതിയെ സമീപിച്ചു. കരാർ റദ്ദാക്കാനിടയായ സാഹചര്യത്തെക്കുറിച്ച് കോടതിയെ ബോധ്യപ്പെടുത്താൻ എൽഡിഎഫ് സർക്കാരിന് കഴിഞ്ഞതിനാൽ ടെണ്ടർ നടപടികളുമായി മുന്നോട്ടുപോകാൻ കോടതി അനുമതി നല്കി. അങ്ങിനെയാണ് പൊതുമേഖലാ സ്ഥാപനമായ ഓറിയന്റൽ ഇൻഷുറൻസ് കമ്പനിയുമായിട്ടാണ് കരാറിലേർപ്പെട്ടിരിക്കുന്നത്.

മറ്റെല്ലായിടത്തുമെന്നപോലെ

ചികിത്സാരംഗവും നിഷ്ഠൂരമായ ലാഭതാല്പര്യങ്ങളുടെയും കഴുത്തറുപ്പൻ മത്സരങ്ങളുടെയും രംഗവേദിയാണ്. മെഡിസെപ് പദ്ധതി ഈ രംഗത്തെ ചൂഷണത്തിൽ നിന്നും ജീവനക്കാരെയും പെൻഷൻകാരെയും രക്ഷപ്പെടുത്താൻ സഹായകമാകും. അതിനാൽ ഈ പദ്ധതിയെ തുരങ്കം വയ്ക്കാനും അട്ടിമറിയ്ക്കാനുമുള്ള പ്രവർത്തനങ്ങൾ നിക്ഷിപ്ത താല്പര്യക്കാർ നിരന്തരം നടത്തിവരുകയാണ്. സ്വകാര്യ ആരോഗ്യ ഇൻഷുറൻസ് കമ്പനികളുടെ പ്രധാനപ്പെട്ടൊരു ലാഭകേന്ദ്രമായിരുന്നു ജീവനക്കാരുടെ മേഖല. അവിടേയ്ക്ക് കുറഞ്ഞ പ്രീമിയം നിരക്കിൽ മെഡിസെപ് നടപ്പിലാക്കുന്നതോടെ അവരും ഈ സംരംഭത്തെ തകർക്കാനുള്ള പരിശ്രമത്തിലാണ്.

എല്ലാത്തരം വെല്ലുവിളികളെയും അതിജീവിച്ച് മെഡിസെപ് പദ്ധതി വിജയകരമായി മുന്നോട്ടു പോകുന്നതിന്റെ അനുഭവസാക്ഷ്യമാണ് കഴിഞ്ഞ ഒരുമാസക്കാലത്തെ ക്ലയിം സെറ്റിൽമെന്റ് സംബന്ധിച്ച കണക്കുകൾ. 2022 ജൂലൈ 1 മുതൽ 30 വരെ 9,9,66 പേർക്ക് ചികിത്സാ ആനുകൂല്യ നൽകിക്കഴിഞ്ഞു. ആകെ 21,79,44,716 രൂപയുടെ ക്ലയിം അംഗീകരിച്ചുകഴിഞ്ഞു. മെഡിക്കൽ റീഇംബേഴ്സ്മെന്റ് ഇനത്തിൽ ഒരു വർഷം ശരാശരി 50 കോടി രൂപയുടെ ആനുകൂല്യം അനുവദിക്കുമ്പോഴാണ് മെഡിസെപ് വഴി ഒരു മാസത്തിനുള്ളിൽ 22 കോടിയോളം രൂപ അനുവദിച്ചിരിക്കുന്നത്.

ആശുപത്രികളുടെ അടിസ്ഥാനസൗകര്യ വികസനത്തിന് 2000 കോടിയിലേറെ രൂപ ചെലവഴിച്ചു. ആയിരക്കണക്കിന് പുതിയ തസ്തികകൾ സൃഷ്ടിച്ചു. പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ മുതൽ മെഡിക്കൽ കോളേജുകൾ വരെ വൻ വികസനം യാഥാർഥ്യമാക്കി. ഇതിനെല്ലാംപുറമെ 41.8 ലക്ഷം കുടുംബങ്ങൾക്ക് ആരോഗ്യ സുരക്ഷ ഉറപ്പാക്കാൻ കാരുണ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി. 11 ലക്ഷം കുടുംബങ്ങൾക്ക് പ്രയോജനം ലഭിക്കുന്ന മെഡിസെപ് കൂടിവരുന്നതോടെ സംസ്ഥാനത്തെ ഭൂരിപക്ഷം കുടുംബങ്ങളും ഇടതുപക്ഷ സർക്കാരിന്റെ ആരോഗ്യ ഇൻഷ്വറൻസ് പരിരക്ഷാ സംവിധാനത്തിന്റെ പരിധിയിലാകും. ആരോഗ്യരംഗത്ത് ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ നടപ്പിലാക്കിയ ജനപക്ഷ ബദൽ നയങ്ങളുടെ കരുത്തിലാണ് നിപ്പയും കോവിഡും അടക്കമുള്ള പകർച്ചവ്യാധികളെ കേരളം ഫലപ്രദമായി നേരിട്ടത്.

ബദൽ നയങ്ങളുയർത്തി ജനപക്ഷത്ത് നില്ക്കുന്ന ഇടതുപക്ഷജനാധിപത്യ മുന്നണി സർക്കാർ ഏവർക്കും ആരോഗ്യപരിരക്ഷ ഉറപ്പാക്കുന്നതിന് ജീവനക്കാരുടേയും പെൻഷൻകാരുടേയും മേഖലയിൽ ഒരു ജനകീയപദ്ധതിക്ക് കൂടി രൂപം കൊടുത്തിരിക്കുന്നു. മെഡിസെപ് ഇടതുപക്ഷ സർക്കാരിന്റെ ജനപക്ഷ നടപടിയുടെ മറ്റൊരുദാഹരണമാകുന്നു.•


VENKITANGU FARMERS CO-OPERATIVE BANK LTD. NO.R.187
P.O. Venkitangu, PIN- 680510, Thrissur Dt - Kerala,
PHONE: 0487 - 2260263, Email: vfcbank@gmail.com

| | |
|---|---|
| ഹെഡ്ഡാഫീസ് മേച്ചേരിപ്പടി | 2260263 |
| വെങ്കിടങ്ങ് ബ്രാഞ്ച് | 2260388 |
| പാടൂർ ബ്രാഞ്ച് | 2262587 |
| തൊയക്കാവ് ബ്രാഞ്ച് | 2260108 |
| ഏനാമാക്കൽ EXT. COUNTER | 2264921 |
| നീതി മെഡിക്കൽസ് | 2265163 |

4 % മുതൽ 40 % വരെ വിലക്കുറവിൽ
ഇംഗ്ലീഷ് മരുന്നുകൾ വിൽപ്പന നടത്തുന്ന നീതി മെഡിക്കൽസ്.
കൂടാതെ ഡോക്ടർമാരുടെ സേവനം ലഭ്യമാണ്.

പ്രസിഡണ്ട്
വി കെ ഷറഫുദ്ദീൻ

വൈസ് പ്രസിഡണ്ട്
കൊച്ചപ്പൻ വടക്കൻ

മാനേജിങ്ങ് ഡയറക്ടർ I/C
എയ്ഞ്ചൽ ജോൺ എ



Sitaram
AYURVEDA

100 YEARS OF HEALING LEGACY

കർക്കിടകത്തിലെ ആരോഗ്യസംരക്ഷണത്തിന്....
• ദഹനശേഷി വർദ്ധിപ്പിക്കുന്നു
• രോഗപ്രതിരോധ ശേഷി ത്വരിതപ്പെടുത്തുന്നു
• വാതരോഗങ്ങൾക്ക് ഉത്തമം

ഔഷധ
കർക്കിടക കഞ്ഞിക്കൂട്ട്



7 ദിവസത്തേക്ക്
7 പായ്ക്കറ്റുകൾ

Sitaram Ayurveda (P) Limited
Corporate Office: 4th Floor, Pathayapura Building,
Round South, Thrissur, Kerala - 680 001
+91 81378 99899
support@sitaramayurveda.com www.sitaramayurveda.com

₹ 220/-



# ഫാസിസത്തിനെതിരായ തൊഴിലാളി ജനകീയ പോരാട്ടം

ഫാസിസത്തെ തടയുന്നതിനും തകർക്കുന്നതിനുമായി കമ്മ്യൂണിസ്റ്റുകാർ മുമ്പോട്ടു വച്ച രണ്ടാമത്തെ നടപടി ജനകീയ മുന്നണി ആയിരുന്നു. 1935 ജൂലൈ ആഗസ്റ്റ് കാലത്ത് ചേർന്ന കമ്മ്യൂണിസ്റ്റ് ഇന്റർനാഷണലിന്റെ 7ാം കോൺഗ്രസ്സ് ആയിരുന്നു ഈ നയത്തിനു രൂപം നൽകിയത്. സമാധാനത്തിനു വേണ്ടിയും ഫാസിസത്തിനെതിരായും പൊരുതാൻ തയ്യാറുള്ള തൊഴിലാളികൾ, കർഷകർ, ബുദ്ധിജീവികൾ, വ്യാപാരികൾ, എല്ലാ രാഷ്ട്രീയ പാർട്ടികളിലും പെടുന്ന മറ്റ് ഇതര ജനവിഭാഗങ്ങൾ എന്നിവരെല്ലാം ഉൾക്കൊള്ളുന്ന ജനകീയ മുന്നണികൾ (കോളനി രാജ്യങ്ങളിൽ ദേശീയ മുന്നണികൾ) എല്ലായിടത്തും രൂപീകരിച്ചുകൊണ്ട് ഫാസിസത്തിന്റെ അടിവേരറുക്കണമെന്നതായിരുന്നു ഈ വിപ്ലവനയം, മഹാഭൂരിപക്ഷം ജനങ്ങളെ പ്രതിനിധീകരിക്കുന്ന ഈ പ്രസ്ഥാനം അതാത് രാജ്യങ്ങളിൽ ജനകീയ മുന്നണി ഗവൺമെന്റുകൾക്ക് രൂപം നൽകുന്നതിന് ജാഗ്രതയോട് നീക്കം നടത്തി.



എൻ.പത്മലോചനൻ

മാർക്സിസ്റ്റ് ലെനിനിസ്റ്റുകളുടെ മൂന്നാമത്തെ പ്രധാന ഫാസിസ്റ്റ് വിരുദ്ധ നടപടി, അനിവാര്യമായി ഉണ്ടാകേണ്ട സ്വാഭാവികവും സുസംഘടിതവുമായ ലോകട്രേഡ് യൂണിയൻ ഐക്യം കെട്ടിപ്പടുക്കുന്നതിനുള്ള നീക്കമായിരുന്നു ഫാസിസത്തിനെതിരായ ഗൗരവപൂർവമായ ഒരു പോരാട്ടത്തിന് ഒരു സംയുക്തമായ തൊഴിലാളി മുന്നണി അനുപേക്ഷണീയമായിരുന്നു. ആർ.ഐ.എൽ.യുവിൽ അഫ്‌ലിയേറ്റ് ചെയ്തിട്ടുള്ള വിവിധ രാജ്യങ്ങളിലെ യൂണിയനുകൾ ആസ്റ്റംർ ഡാം ഇന്റർനാഷണലുമായി അഫ്‌ലിയേറ്റ് ചെയ്തിട്ടുള്ള യൂണിയനുകളുമായി ലയിക്കാൻ തുടങ്ങി. അമേരിക്കയിലെ പോലെ പലേടത്തും കൂടിആലോചനകളിലൂടെ യൂണിയനുകളുടെ ഐക്യം നിലവിൽ വന്നു. ഇന്ത്യയിൽ എഐടിയുസിയിൽ നിന്ന് ഭിന്നിച്ചു നിന്ന റെഡ് ട്രേഡ് യൂണിയൻസ് വീണ്ടും അതിൽ തന്നെ ചേർന്നു. തന്നിഷ്ടക്കാരായ ഐഎഫ്ടിയു ബ്യൂറോക്രാറ്റുകൾക്ക് അത് തടയാനുള്ള ശേഷിയും ഉണ്ടായിരുന്നില്ല. സ്വാഭാവികമായും ആർഐഎൽയു പിരിച്ചുവിടപ്പെട്ടു.

1933 ൽ 1.80 കോടി അംഗങ്ങളുണ്ടായിരുന്ന സോവിയറ്റ് ട്രേഡ്

യൂണിയനുകൾ സ്വതന്ത്രമായി നിന്നു. ആർ.ഐ.എൽ.യുവിന്റെ പിരിഞ്ഞു പോക്കൽ പ്രക്രിയ 1935 ൽ ആരംഭിക്കുകയും 1937 ൽ പൂർത്തിയാവുകയും ചെയ്തു.

## ഫ്രാൻസിലെ ജനകീയ മുന്നണി

ഫാസിസ്റ്റുകളുടെ നീക്കം ലോകത്തിലെ എല്ലാ മുതലാളിത്ത രാജ്യങ്ങളേയും ഏറിയോ കുറഞ്ഞോ ബാധിച്ചിരുന്നു. ജർമ്മനിയിൽ 'ഹിറ്റ്ലർ' വിജയകരമായി അധികാരം പിടിച്ചെടുക്കുകയും യൂറോപ്പുകളിലാകെ ഈ ഫാസിസ്റ്റ് മനോഭാവം പടർന്നു



പിടിച്ചു. ശക്തമായ അറുപിന്തിരിപ്പൻ പ്രസ്ഥാനങ്ങൾ വളർന്നു വന്നു. ഏഷ്യയിലും അമേരിക്കയിലും ആഫ്രിക്കയിലും ആസ്ട്രേലിയായിലുമെല്ലാം അത് വ്യാപിച്ചു.

ഹിറ്റ്ലറുടെ വിജയത്തെ തുടർന്ന് ഫ്രഞ്ച് റിപ്പബ്ലിക്കിനെ അട്ടിമറിക്കാൻ 1934 ഫെബ്രുവരി 6 ന് ഫ്രഞ്ച് ഫാസിസ്റ്റുകൾ വികലമായ ഒരു നീക്കം നടത്തി. എന്നാൽ ആ അട്ടിമിറി നീക്കം പരാജയപ്പെടുത്തപ്പെട്ടു. ഫ്രഞ്ച് തൊഴിലാളി വർഗ്ഗ ചരിത്രത്തിലെ ആദ്യത്തെ വിജയത്തെതുടർന്ന് അടുത്ത മൂന്നുവർഷക്കാലം തുടർച്ചയായി ഫ്രാൻസിലെ തൊഴിലാളികളും സഖ്യശക്തികളും ശക്തമായ പ്രത്യാക്രമണം നടത്തി. ഈ നിലപാട് ഫാസിസത്തെ തടഞ്ഞു എന്നു മാത്രമല്ല ഫ്രഞ്ച് തൊഴിലാളിവർഗ്ഗ പ്രസ്ഥാനത്തെ കൂടുതൽ കരുത്തുറ്റതാക്കി, എക്കാലത്തെയും വലിയ വിജയം കൈവരിക്കാൻ ഇടയാക്കുകയും ചെയ്തു.

ഇറ്റലിയിലേക്കും ജർമ്മനിയിലേക്കും ആസ്ട്രിയായിലും കിഴക്കൻ റോമിലും മദ്ധ്യയൂറോപ്പിലും ഉള്ള നിരവധി മറ്റ് രാജ്യങ്ങളിലേയും തൊഴിലാളികളെ ഫാസിസ്റ്റ് വിപത്ത് കീഴ്പ്പെടുത്തിയപ്പോൾ ഫ്രഞ്ച് തൊഴിലാളികൾ ഫാസിസത്തെ പരാജയപ്പെടുത്തിയ അസാധാരണ സാഹചര്യത്തിനുള്ള പ്രധാന കാരണം, ഫാസിസം കീഴ്പ്പെടുത്തിയ രാജ്യങ്ങളിൽ ഉണ്ടായിരുന്നതിനേക്കാൾ വളരെ കുറച്ചു സ്വാധീനം മാത്രമേ വലതുപക്ഷ സോഷ്യൽ ഡെമോക്രാറ്റിക്കുകൾക്ക് ഫ്രാൻസിൽ ഉണ്ടായിരുന്നുള്ളൂ എന്നതാണ്.

ഫ്രഞ്ച് ജനകീയ മുന്നണിയുടെ രാഷട്രീയ നേതൃത്വം കമ്മ്യൂണിസ്റ്റ് പാർട്ടിക്കായിരുന്നു. പ്രസിദ്ധമായ ജനകീയ മുന്നണി എന്ന മുദ്രാവാക്യം മുന്നോട്ടു വച്ചത് കമ്മ്യൂണിസ്റ്റ് പാർട്ടി ആയിരുന്നു. ഫാസിസത്തിനും യുദ്ധത്തിനും എതിരെ തൊഴിലാളികളെയും കർഷകരെയും ബുദ്ധിജീവികളെയും കച്ചവടക്കാരെയുമെല്ലാം ഉൾപ്പെടുത്തിയ ജനകീയ മുന്നണി എന്ന ആശയം അംഗീകരിക്കാൻ സോഷ്യലിസ്റ്റ് പാർട്ടിയുടെ വലതുപക്ഷ നേതൃത്വത്തെ നിർബന്ധിതരാക്കാൻ കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് കഴിഞ്ഞു. കമ്മ്യൂണിസ്റ്റ് പാർട്ടിയും സോഷ്യലിസ്റ്റ് പാർട്ടിയും റാഡിക്കിൾ പാർട്ടികളും സിജിഡിയും മറ്റ് തൊഴിലാളി സംഘടനകളും ചേർന്ന കൂട്ടുകെട്ട് 1936 ഏപ്രിലിൽ ഫ്രാൻസിൽ നടന്ന തെരഞ്ഞെടുപ്പിൽ വമ്പിച്ച വിജയം കരസ്ഥമാക്കി വലതുപക്ഷ സോഷ്യൽ ഡെമോക്രാറ്റായ ലിയോൺ ബ്ലൂമിന്റെ നേതൃത്വത്തിൽ രൂപീകരിച്ച ഗവൺമെന്റിൽ യഥാർത്ഥത്തിൽ കമ്മ്യൂണിസ്റ്റുകാർ പങ്കെടുക്കുകയുണ്ടായില്ല.

ഈ മഹാപ്രസ്ഥാനത്തിൽ ഇടതുപക്ഷ ട്രേഡ് യൂണിയനുകൾ നിർണായകമായ പങ്ക് വഹിക്കുകയുണ്ടായി. 15 വർഷക്കാലം ട്രേഡ് യൂണിയൻ പ്രസ്ഥാനത്തെ പുനരേകീകരിക്കാൻ ഇടതുപക്ഷം നിരന്തരം പരിശ്രമിച്ചിട്ടും രണ്ട് ദേശീയ സംഘടനകളും തമ്മിൽ രൂക്ഷമായ ആശയസംഘടനം നടന്നു. തൊഴിലാളികൾക്കിടയിൽ വളർന്നു വന്ന ഫാസിസ്റ്റ് വിരുദ്ധ വികാരത്തിന്റെ ഘട്ടത്തിൽ സിജിയുടിയു ഐക്യത്തിനുള്ള നീക്കങ്ങൾക്ക് ശക്തി കൂട്ടി. 1934 ഫെബ്രുവരി 12 ന് രണ്ട് ഫെഡറേഷനുകളും ചേർന്ന് 24 മണിക്കൂർ ദേശീയ പണിമുടക്ക് നടത്താനുള്ള അടിസ്ഥാനപരമായ പ്രചോദനം സൃഷ്ടിച്ചത് സിജിടിയു ആയിരുന്നു.

ഫാസിസ്റ്റ് വെല്ലുവിളി നേരിടുന്നതിനു സഹായകരമായി ട്രേഡ് യൂണിയൻ ഐക്യപ്രസ്ഥാനം കെട്ടിപ്പടുക്കുക എന്ന ആർഐഎൽയുവിന്റെ പൊതു നയത്തിനനുസരണമായി രണ്ട് ദേശീയ തൊഴിലാളി ഫെഡറേഷനുകളെയും അവയുടെ ഘടകയൂണിയനുകളെയും ലയിപ്പിക്കുന്നതിന് സിജിടിയു ഊർജ്ജസ്വലമായ നീക്കങ്ങൾ നടത്തി.

1936 മാർച്ചിൽ ട്രേഡ് യൂണിയൻ ഐക്യം യാഥാർത്ഥ്യം ആകുകയും ഏപ്രിൽ മാസത്തിൽ തെരഞ്ഞെടുപ്പിൽ ജനകീയ മുന്നണി വിജയിക്കുകയും ചെയ്തതിനു പിന്നാലെ, മേയ്, ജൂൺ മാസങ്ങളിൽ ഫ്രാൻസിലാ





കെ പണിമുടക്കുകളുടെ വേലി യേറ്റം തന്നെ ഉയർന്നു വന്നു. ഈ കാലത്ത് 20 ലക്ഷത്തിലേറെ തൊഴിലാളികൾ പണിമുടക്കുക ളിൽ പങ്കെടുത്തു. പണിമുടക്ക് ഗംഭീര വിജയത്തിലാണു കലാ ശിച്ചത് പൊതുവിൽ 12% കൂലി കൂടുതൽ, കൂട്ടായ വിലപേശൽ അവകാശം, എല്ലാം തൊഴി ലാളികൾക്കും ട്രേഡ് യൂണിയ നിൽ ചേരാനുള്ള അവകാശം എന്നിവയെല്ലാം ഉറപ്പാക്കാൻ കഴിഞ്ഞു. ശക്തമായ ജനകീയ സമ്മർദ്ദത്തെ തുടർന്ന് ബാങ്ക് ഓഫ് ഫ്രാൻസും റെയിൽവേയും ആയുധനിർമാണവും ദേശ സാൽക്കരിക്കാൻ ഗവൺമെന്റ് തയ്യാറായി. തുടർന്ന് ആഴ്ചയിൽ 40 മണിക്കൂർ ജോലി എന്ന് നിജപ്പെടുത്തിയുള്ള നിയമവും, തൊഴിലാളികൾക്ക് ശമ്പളത്തോ ടുകൂടിയുള്ള അവധി ദിവസവും നൽകുന്നതിനുള്ള നിയമവും ജനകീയ മുന്നണി ഗവൺമെന്റ് അംഗീകരിച്ചു. ഈ വിജയപശ്ചാ ത്തലത്തിൽ ട്രേഡ് യൂണിയനു കൾ അതിവേഗം വളർന്നു. ഒരു വർഷം കൊണ്ട് സിജിടിയുടെ മെമ്പർഷിപ്പ് 10 ലക്ഷത്തിൽ നിന്നും 53 ലക്ഷമായി വർദ്ധിച്ചു. കത്തോലിക്കാ യൂണിയനുകളും ഒരു ലക്ഷത്തിൽ നിന്നും 4 ലക്ഷ മായി വളർന്നു.

രണ്ടാം ലോകമഹായുദ്ധം പൊട്ടിപുറപ്പെട്ടതോടെ, വല തുപക്ഷ സോഷ്യലിസ്റ്റുകളുടെ ഭിന്നിപ്പിക്കൽ നയം സിജിടിയെ വീണ്ടും ശിഥിലവും ദുർബലവു മാക്കാൻ തുടങ്ങി. 1938 നവംബ റിലെ മ്യൂണിച്ച് വിരുദ്ധ പൊതു പണിമുടക്കിനെ പൊളിച്ചതാ യിരുന്നു ഏറെ വിനാശകരമായ നടപടി. 1937 ൽ 53 ലക്ഷം അംഗ ങ്ങൾ ഉണ്ടായിരുന്ന സിജിടിയിൽ 1939 ൽ 20 ലക്ഷം അംഗങ്ങളായി ചുരുങ്ങി.

## സ്പാനിഷ് ഫാസിസ്റ്റ് വിരുദ്ധ യുദ്ധവും അതിൽ ട്രേഡ് യൂണിയനുകൾ വഹിച്ച പങ്കും.

സ്പാനിഷ് തകർക്കപ്പെട്ടതിന്റെ അടിസ്ഥാന കാരണം കമ്മ്യൂ ണിസ്റ്റ് മാതൃക പിൻതുടരാൻ ലോകജനാധിപത്യ ശക്തികൾ തയ്യാറാകാതിരുന്നതായിരുന്നു. ജർമ്മനിയിലേക്കും ഇറ്റലിയിലേ ക്കും ഫാസിസ്റ്റുകളിൽ നിന്നും ഫ്രാങ്കോയിക്കും കൂട്ടർക്കും ലഭി ച്ചിരുന്ന സഹായത്തിനോട് കിട പിടിക്കാൻ ആളും ആയുധവും റിപ്പബ്ലിക്കൻ ചേരിക്ക് ആവശ്യ ത്തിന് എത്തിച്ചുകൊടുക്കണ മെന്നതായിരുന്നു കമ്മ്യൂണിസ്റ്റു കാർ മുന്നോട്ടു വച്ച നിർദ്ദേശം. എന്നാൽ യൂറോപ്യൻ സോഷ്യൽ ഡമോക്രാറ്റിക് പാർട്ടികൾ അതിന് അനുകൂലമായിരുന്നില്ല. ഇതിനേക്കാൾ ഏറെ വിനാശക രമായത് ഫ്രാൻസിലെ ജനകീയ മുന്നണി ഗവൺമെന്റിന്റെ പ്രധാ നമന്ത്രി വലതുപക്ഷ സോഷ്യൽ ഡെമോക്രാറ്റായ 'ബ്ലൂമിന്റെ' ബാഹ്യഇടപെടൽ പാടില്ല എന്ന നയമായിരുന്നു. ഈ നയം മൂലം വിദേശങ്ങളിൽ നിന്നും ആവശ്യ മായ ആയുധങ്ങൾ വാങ്ങാനുള്ള റിപ്പബ്ലിക്കൻ സ്പെയിനിന്റ ന്യായമായ അവകാശം പോലും നിഷേധിക്കപ്പെട്ടു. ഫ്രാൻസിലും ബ്രിട്ടണിലും അമേരിക്കയിലും സോഷ്യൽ ഡെമോക്രാറ്റുകളും വലതുപക്ഷട്രേഡ് യൂണിയൻ നേതാക്കളും ഈ നിലപാട് സ്വീകരിച്ചു. പാശ്ചാത്യ ബൂർഷ്വാ ഗവൺമെന്റുകൾക്കും ഇതേ അഭിപ്രായമായിരുന്നു ഉണ്ടായി രുന്നത്. സോവിയറ്റ് യൂണിയൻ മാത്രമായിരുന്നു സ്പെയിനിലെ റിപ്പബ്ലിക്കൻ ഗവൺമെന്റിന് ആയുധങ്ങളും മറ്റു സഹായങ്ങ ളും എത്തിച്ചുകൊടുത്തത്.

സ്പെയിലെ തൊഴിലാളി കൾക്കിടയിൽ നിലനിന്നിരുന്ന അരാജകവാദത്തിന്റെ സ്വാധീനം കമ്മ്യൂണിസ്റ്റ് പാർട്ടിയുടേയും മാർക്സിസ്റ്റ് കാഴ്ചപ്പാടുള്ള ട്രേഡ് യൂണിയനുകളുടെയും വളർച്ച യ്ക്ക് വിഘാതം സൃഷ്ടിച്ചിരുന്നു. തൽഫലമായി യുദ്ധത്തിന്റെ തുടക്കത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടി വളരെ ചെറുതായിരു ന്നു. എന്നാൽ യുദ്ധം നീണ്ടു നിൽക്കുകയും കഠിനമായ പോരാട്ടത്തിൽ കമ്മ്യൂണിസ്റ്റ് നയ ങ്ങളുടെ സാധ്യത അംഗീകരിക്ക പ്പെടുകയും ചെയ്തതോടെ പാർട്ടി അതിവേഗം വളരുകയും ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിൽ അതിന്റെ സ്വാധീനം വ്യാപിക്കുക യും ചെയ്തു.

സോഷ്യലിസ്റ്റ് പാർട്ടിയിലെ വലതുപക്ഷം ഒഴികെയുള്ള വിഭാ ഗങ്ങളുമായി കമ്മ്യൂണിസ്റ്റുകാർ നല്ല ബന്ധവും സഹകരണവും ഉറപ്പിച്ചിരുന്നു. കാറ്റലോണിയാ യിൽ രണ്ടു പാർട്ടികളും തമ്മിൽ ലയിക്കുകയും ചെയ്തു. 1937 ആഗസ്റ്റിൽ ദേശീയമായി ഈ രണ്ടു പാർട്ടികളും ഒരു സംയുക്ത പ്രക്ഷോഭപരിപാടിയിൽ ഒപ്പു വയ്ക്കുകയും ചെയ്തു. രണ്ട് യുവ

ജനസംഘടനകളും യോജിച്ചു നീങ്ങി. എന്നാൽ ഐക്യത്തിനായുള്ള ഈ നീക്കങ്ങളൊന്നും രണ്ടാം ഇന്റർനാഷണലിന്റെ മേലാളന്മാർക്ക് ഇഷ്ടപ്പെട്ടില്ല.

ട്രേഡ് യൂണിയൻ രംഗത്ത് ആർഐഎൽയു അഫിലിയേഷൻ ഉണ്ടായിരുന്ന സിജിടിയെ, യുജിടിയിൽ ലയിച്ചു. യുജിടിയെയും സിഎൻടിയെയും ഒരുമിപ്പിക്കുന്ന കാര്യത്തിലും കുറെഏറെ മുന്നോട്ടു പോയി. യുദ്ധത്തിൽ പരാജയപ്പെടുകയും ഫാസിസം ഭരണത്തിലെത്തുകയും ചെയ്യതോടെ യുജിടിയുടെയും സിഎൻടിയുടെയും മെമ്പർഷിപ്പ് ആകെ ഇടിയുകയും രണ്ട് സംഘടന നേതാക്കളും ഒളിവിൽ പോകുകയും ചെയ്തു.

## അമേരിക്കൻ തൊഴിലാളികൾ പിൻതിരിപ്പത്തിനെതിരെ

1932 നും 1944 നും ഇടയ്ക്ക് തുടർച്ചയായി നാല് തവണ അമേരിക്കയിലെ പ്രസിഡന്റായി 'റൂസ്‌വെൽറ്റ്' തെരഞ്ഞെടുക്കപ്പെട്ടത് വിശാലമായ ജനകീയ പ്രസ്ഥാനത്തിന്റെ പശ്ചാത്തലത്തിലായിരുന്നു. സമ്പന്നനും സാമ്രാജ്യത്വവാദിയുമായിരുന്ന റൂസ്‌വെൽറ്റ് ആയിരുന്നു ആ പ്രസ്ഥാനത്തിന്റെ തലപ്പത്ത് നിന്നിരുന്നതെങ്കിലും (വിശിഷ്യ, അതിന്റെ തുടക്കത്തിൽ) സൂസിലിന് ഒട്ടേറെ പിൻതിരിപ്പൻ സ്വഭാവം ഉണ്ടായിരുന്നെങ്കിലും ആദ്യത്തെ ഏതാനും വർഷങ്ങളിൽ കുത്തക മൂലധനത്തിലെ വലിയ വിഭാഗത്തിന്റെ പിൻതുണ അതിനുണ്ടായിരുന്നെങ്കിലും ജനാധിപത്യ വിശ്വാസികളായ സാധാരണ ജനങ്ങൾ അതിൽ അതിപ്രധാന പങ്ക് വഹിച്ചിരുന്നു. ഫാസിസ്റ്റ് വിരുദ്ധ ബഹുജനപ്രസ്ഥാനത്തിന്റെ ഒട്ടേറെ സവിശേഷതകൾ ഉള്ളതായിരുന്നു. "ന്യൂഡിൽ." ഈ അർത്ഥത്തിൽ ഫാസിസത്തിനെതിരായി ലോകവ്യാപകമായ പോരാട്ടത്തിന്റെ വ്യക്തമായ പ്രതിഫലനമായിരുന്നു അത്. റൂസ്‌വെൽറ്റിന്റെ സാമൂഹ്യ പരിഷ്കരണങ്ങളിൽ പ്രധാനമായവ എല്ലാം നടപ്പാക്കിയത് തൊഴിലാളികളും കർഷകരും ഇടത്തരക്കാരുമായ ജനസാമാന്യമായിരുന്നു. കുത്തകകൾ പൊതുവേ അതിനെ വെറുത്തിരുന്നു.

താരതമ്യേന അമേരിക്കൻ കമ്മ്യൂണിസ്റ്റ് പാർട്ടി ചെറുതായിരുന്നതിനാൽ അക്കാലത്ത് 3000 മുതൽ 7000 വരെയായിരുന്നു പാർട്ടി മെമ്പർഷിപ്പ് . പാർട്ടിയുടെയും മറ്റുള്ള ജനവിഭാഗങ്ങളുടെയും സ്വാധീനം തൊഴിലാളി വർഗ്ഗ പ്രസ്ഥാനത്തിന്റെ മുന്നേറ്റത്തിൽ അത്ര ശക്തമായിരുന്നില്ല. ആർഎഫ്എൽയുവിന്റെ പൊതുവായ തൊഴിലാളി ഐക്യം എന്ന നയമനുസരിച്ച് ഒരു ലക്ഷത്തിലേറെ അംഗങ്ങൾ ഉണ്ടായിരുന്ന സിഐഒയും കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഈ ഫലപ്രദമായ ഇടപെടലിനെ




സ്വാഗതം ചെയ്തു. സിഐഒ കെട്ടിപ്പടുക്കുന്നതിൽ കമ്മ്യൂണിസ്റ്റ്കാർ മുൻനിരയിൽ ഉണ്ടായിരുന്ന കാര്യവും പ്രത്യേകിച്ച് അസംഘടിത വിഭാഗങ്ങളെ സംഘടിപ്പിക്കുന്നതിൽ പരക്കെ അറിയപ്പെട്ടതായിരുന്നു. റൂസ്‌വെൽറ്റിന്റെ ലിബറൽ കാലഘട്ടത്തിൽ ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിന് മൗലികമായ ചില കടമകൾ നിറവേറ്റേണ്ടതുണ്ടായിരുന്നു. (1) ട്രസ്റ്റ്വൽ കൃതവ്യവസായങ്ങളിലെ സംഘടന, (2) കറുത്തവംശ തൊഴിലാളികളെ ട്രെയിഡ് യൂണിയനുകളിൽ ചേർക്കൽ (3) വ്യാവസായാടിസ്ഥാനത്തിലുള്ള ട്രെയിഡ് യൂണിയൻ കെട്ടിപ്പടുക്കൽ (4) ഒരു ബഹുജന പാർട്ടി സംഘടിപ്പിക്കൽ (5) സാമൂഹ്യ സുരക്ഷ പരിപാടിക്കായി നിയമ നിർമ്മാണം (6) ഉയർന്ന നിലവാരത്തിലുള്ള ട്രേഡ് യൂണിയൻ നേതൃത്വത്തെ വളർത്തിക്കൊണ്ടുവരൽ, ഈ കാര്യങ്ങളിലെല്ലാം തന്നെ ഈ ഘട്ടത്തിൽ ഗണ്യമായ പുരോഗതി കൈവരിക്കാൻ അമേരിക്കൻ ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിന് കഴിഞ്ഞു.●

ESTD: 1947
PH: 2421483, 2445087
Email: moospetscb682@gmail.com
മൂസ്പെറ്റ് സർവ്വീസ് സഹകരണ ബാങ്ക്
ക്ലാസ്സ്–സ്പെഷ്യൽ ഗ്രേഡ് ബാങ്ക്
ക്ലിപ്തം നമ്പ്ര് 682
മൂസ്പെറ്റ് റോഡ്, തൃശൂർ
മെയിൻ ബ്രാഞ്ച് : 2421483
നെല്ലിക്കുന്ന് ബ്രാഞ്ച് : 2429591
അഞ്ചേരി ബ്രാഞ്ച് : 2421483
കിഴക്കുംപാട്ടുകര എക്സ്റ്റൻഷൻ കൗണ്ടർ: 2336476
ജോസഫ് മാളിയേക്കൽ
പ്രസിഡന്റ്
ലിസ ബാബു
സെക്രട്ടറി ഇൻ ചാർജ്ജ്

ഐഎൽഒ ആഭിമുഖ്യത്തിൽ

# സംയുക്ത ദേശീയ ട്രേഡ് യൂണിയൻ പ്രമേയം



ഞങ്ങൾ, ഇന്ത്യയിലെ ദേശീയ ട്രേഡ് യൂണിയനുകൾ, അന്തർദേശീയ തൊഴിൽ സംഘടനയെയും (ILO) അതിന്റെ ഘടകങ്ങളെയും, 2022 മെയ് 29 മുതൽ ജൂൺ 11 വരെ നടന്ന 110ാമത് അന്തർദേശീയ തൊഴിൽ സമ്മേളനത്തിൽ (ILC) വച്ച്, 'സുരക്ഷിതവും ആരോഗ്യകരവുമായ തൊഴിൽ സാഹചര്യം' എന്ന തത്വം തൊഴിലുമായി ബന്ധപ്പെട്ട ILOയുടെ അടിസ്ഥാനപരമായ പ്രമാണങ്ങളുടെയും അവകാശങ്ങളുടെയും ഭാഗമായി ഉൾക്കൊള്ളിക്കുന്നതി നായുള്ള പ്രമേയം പാസാക്കുന്നതിന് വേണ്ടിയുള്ള ചരിത്രപരമായ നടപടി കൈക്കൊണ്ടതിന് അഭിനന്ദിക്കുകയാണ്. തൊഴിലിടങ്ങളിലെ സുരക്ഷയും ആരോഗ്യ പരിരക്ഷയുമായി (OS&H) ബന്ധപ്പെട്ട രണ്ട് ഉടമ്പടികളും, 1981ലെ 'തൊഴിൽ പരമായ സുരക്ഷയെയും ആരോഗ്യ പരിരക്ഷയേയും സംബന്ധിച്ചുള്ള ഉടമ്പടിയും' (No.155), 2006ലെ 'സുരക്ഷിതവും ആരോഗ്യകരവുമായ തൊഴിലിന് വേണ്ടിയുള്ള ചട്ടക്കൂടിന്റെ പ്രോത്സാഹനത്തിനായുള്ള' ഉടമ്പടിയും, അടിസ്ഥാന ഉടമ്പടികളായി നിലവിലുള്ള 8 ഉടമ്പടികളോടൊപ്പം ഉൾപ്പെടുത്തപ്പെട്ടിരിക്കുകയാണ്. ഈ നടപടികൾ സുരക്ഷിതവും ആരോഗ്യകരവുമായ തൊഴിൽ സാഹചര്യങ്ങൾക്ക് വഴിയൊരുക്കിക്കൊണ്ടും, സ്വതന്ത്ര്യവും അന്തസ്സുള്ളതുമായ ചുറ്റുപാടിൽ മാന്യമായ തൊഴിൽ എല്ലാവർക്കും ഉറപ്പാക്കികൊണ്ടും, തൊഴിൽ മേഖലയിൽ വിപ്ലവകരമായ മാറ്റങ്ങളുണ്ടാക്കും എന്നാണ് ഞങ്ങൾ പ്രതീക്ഷിക്കുന്നത്.

തൊഴിലെടുക്കുന്നവരുടെ സുരക്ഷയും ആരോഗ്യപരിരക്ഷയുമായി ബന്ധപ്പെട്ട് ഇന്ന് ഇന്ത്യയിൽ നിലനിൽക്കുന്ന നിയമപരമായ ചട്ടക്കൂടുകൾക്ക് പരിമിതമായ സാധ്യതകളും വ്യാപ്തിയുമാണുള്ളത്. ഭൂരിപക്ഷം തൊഴിലാളികളും ഈ ചട്ടക്കൂടിന് പുറത്താണ്. നിലവിലുള്ള തീർത്തും അപര്യാപ്തമായ നിയമങ്ങൾപോലും വളരെ വിരളമായിട്ടാണ് നടപ്പിലാക്കപ്പെടുന്നത്. 2020ൽ കേന്ദ്രസർക്കാർ പാസാക്കിയ തൊഴിൽ സുരക്ഷ, ആരോഗ്യം, തൊഴിൽ സാഹചര്യം എന്നിവയെ സബന്ധിച്ചുള്ള കോഡ് സ്വഭാവത്തിലും ഉള്ളടക്കത്തിലും പിന്തിരിപ്പനും തൊഴിലാളികളുടെ അരക്ഷിതാവസ്ഥയെ രൂക്ഷമാക്കുന്നതുമാണ്. ഈ പശ്ചാത്തലത്തിൽ ഇന്ത്യയിലെ തൊഴിലിടങ്ങളിൽ ഇപ്പോഴുള്ള സുരക്ഷാ/ആരോഗ്യ സംവിധാനങ്ങളെ പുനപരിശോധനക്ക് വിധേയമാക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യേണ്ടതുണ്ട്.

ഈ പുതിയ കാലഘട്ടത്തിലും, പരിക്കിലേക്കും തൊഴിൽപരമായ അസുഖങ്ങളിലേക്കും നയിക്കുന്ന തൊഴിലിടങ്ങളിലെ അപകടങ്ങളെക്കുറിച്ചും ആരോഗ്യത്തിന് ഉണ്ടാകുന്ന ആപത്തുകളെ കുറിച്ചും ഉള്ള വാർത്തകൾ നാം പതിവായി കേൾക്കുകയാണ്. ഇതുകൂടാതെ കൃഷി, വ്യവസായം, സേവനം എന്നിവ ഉൾപ്പെടെയുള്ള ഔപചാരിക മേഖലയിലും അനൗപചാരിക മേഖലയിലും നടക്കുന്ന അനേകം അനിഷ്ട സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടാതെ പോകുന്നുണ്ട്. ഉദാഹരണത്തിന് എലിമാടത്തിന്റെ വലിപ്പം മാത്രമുള്ള ഖനികളിൽ ജീവനോടെ കുഴിച്ചുമൂടപ്പെടുന്ന തൊഴിലാളികളുടെ ദുരന്തകഥകൾ. അതുപോലെതന്നെ നഗരങ്ങളിലെ ഓടകളിലെ അഴുക്കുവെള്ളത്തിലും ഡ്രെയിനേജ് കുഴികളിലും മരിക്കുന്ന അതിഥി തൊഴിലാ

ളികൾ. ആളുകൾ തിങ്ങി നിറഞ്ഞ വ്യവസായ പ്രദേശങ്ങളിൽ ഉണ്ടാകുന്ന അഗ്നിബാധയിലും, വിഷമയമായ വാതകങ്ങളുടെ ചോർച്ചയിലും, സമാനമായ നിരവധി സംഭവങ്ങളിലും പൊലിയുന്ന എണ്ണമറ്റ ജീവനുകൾ. തൊഴിലെടുക്കുന്ന സ്ത്രീകളുടെ സവിശേഷമായ സുരക്ഷാ/ആരോഗ്യ ആവശ്യങ്ങളാകട്ടെ തിരിച്ചറിയപ്പെടാതെയും, റിപ്പോർട്ട് ചെയ്യപ്പെടാതെയും, പരിഹരിക്കപ്പെടാതെയും തമസ്കരിക്കപ്പെടുന്ന അവസ്ഥയാണ് രാജ്യത്ത് നിലനിൽക്കുന്നത്.

തൊഴിൽ സുരക്ഷയും തൊഴിലുമായി ബന്ധപ്പെട്ട ആരോഗ്യ പരിരക്ഷയും ഉറപ്പാക്കുന്നതിന് ഇന്ത്യയിൽ നിയമങ്ങളും നയങ്ങളും നിലവിലുണ്ട്. എന്നാൽ ഇവ അപര്യാപ്തവും പരിമിതമായ വ്യാപ്തിയുള്ളവയുമാണ്. ഈ അവസ്ഥയാകട്ടെ നിലവിൽ തൊഴിൽ നിയമങ്ങളുടെ പരിധിയിൽ വരുന്നവരുടെ സംരക്ഷണത്തിന് പോലും പര്യാപ്തമല്ലാത്ത ദുർബലമായ നിയമ/നയ നിർവാഹണ സംവിധാനങ്ങൾ കാരണം കൂടുതൽ മോശമാകുകയുമാണ്. മാത്രവുമല്ല വളരെയധികം തൊഴിലാളികൾ, പ്രത്യേകിച്ച് ഔപചാരികമായ തൊഴിൽ ബന്ധങ്ങളില്ലാതെ അനൗപചാരിക സമ്പദ്ഘടനയിൽ പണിയെടുക്കുന്നവർ, നിലവിലുള്ള തൊഴിൽ നിയമങ്ങൾക്ക് പുറത്താണ്. ഇവരിൽ, പരിരക്ഷ ഏറ്റവുമധികം അർഹിക്കുന്ന സ്ത്രീകൾ, ഭിന്നലിംഗർ, യുവാക്കൾ, കുടിയേറ്റക്കാർ, ഗിഗ്, പ്ലാറ്റ്ഫോം സമ്പദ്ഘടനകളിൽ പണിയെടുക്കുന്നവർ മുതലായ വളരെ മോശമായ സാഹചര്യങ്ങളെയും അരക്ഷിതാവസ്ഥയെയും നേരിടുന്ന തൊഴിലാളി വിഭാഗങ്ങൾ ഉൾപ്പെടുന്നു.

പരിസ്ഥിതി/കാലാവസ്ഥ എന്നിവയിൽ ഉണ്ടാകുന്ന വ്യതിയാനങ്ങളുടെയും സാങ്കേതികവിദ്യയിൽ സംഭവിക്കുന്ന മാറ്റങ്ങളുടെയും പുതിയ രാസവസ്തുക്കൾ, ജൈവ വിപത്തുകൾ എന്നിവ സൃഷ്ടിക്കുന്ന അപകടങ്ങളുടെയും പശ്ചാത്തലത്തിൽ തെഴിലാളികളെയും അവരുടെ അവകാശങ്ങളേയും സംരക്ഷിക്കുന്നതിന് സുരക്ഷിതമായും ആരോഗ്യകരമായും തൊഴിലെടുക്കാനാകുന്ന സാഹചര്യം ഉറപ്പാക്കുന്ന സമഗ്രമായൊരു സംവിധാനം അനിവാര്യമായിത്തീർന്നിരിക്കുകയാണ്. സുരക്ഷിതവും ആരോഗ്യകരവുമായ തൊഴിലിന് എല്ലാവർക്കും അവകാശമുണ്ടായിരിക്കണം.

തൊഴിലിടങ്ങളിലെ ചുറ്റുപാടുകൾ, സുരക്ഷ, ആരോഗ്യപരിരക്ഷ, എന്നിവയെ സംബന്ധിച്ചുള്ള 2009 ലെ ദേശീയനയത്തിൽ, സുരക്ഷിതവും വൃത്തിയുള്ളതുമായ ചുറ്റുപാടിന്റെയും ആരോഗ്യപരമായ തൊഴിൽ സാഹചര്യത്തിന്റെയും അഭാവത്തിൽ സാമൂഹ്യ നീതിയും സാമ്പത്തിക പുരോഗതിയും കൈവരിക്കുവാൻ സാധ്യമല്ല എന്നും, സുരക്ഷിതവും ആരോഗ്യകരവുമായ തൊഴിൽസാഹചര്യം ഒരു മൗലിക അവകാശമാണെന്നും, കേന്ദ്രസർക്കാർ അംഗീകരിച്ചിട്ടുണ്ട്.

അന്തർദേശീയ തൊഴിൽ സംഘടനയുടെ (ILO) ഒരു സ്ഥാപക/സ്ഥിര അംഗമെന്ന നിലയിൽ ഇന്ത്യക്ക്, ILO യുടെ തൊഴിലിടങ്ങളുമായും തൊഴിലാളികളുടെ അവകാശങ്ങളുമായും ബന്ധപ്പെട്ട അടിസ്ഥാന പ്രമാണങ്ങളിൽ സുരക്ഷിതവും ആരോഗ്യപരവുമായ തൊഴിൽ സാഹചര്യം എന്ന തത്വം ഉൾക്കൊള്ളിക്കണം എന്ന് ആവശ്യപ്പെട്ടുകൊണ്ട്, 110ാമത് അന്തർദേശീയ തൊഴിൽ സമിതി (ILC) 2022 ജൂൺ 10ന് പാസാക്കിയ പ്രമേയത്തെ ആദരിക്കുകയും, C155, C187 എന്നീ മൗലികമായ ഉടമ്പടികൾ അംഗീകരിച്ച് നടപ്പിലാക്കുകയും ചെയ്യേണ്ട ഉത്തരവാദിത്വമുണ്ട്.

തൊഴിലിടങ്ങളിലെ സുരക്ഷയും ആരോഗ്യപരിപാലനവും ഉറപ്പാക്കുന്നത്തിനായുള്ള ദേശീയ സംവിധാനങ്ങൾ ശക്തിപ്പെടുത്തണമെന്നും നാം കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുകയാണ്. ഇതിനായി ഉത്തരവാദപ്പെട്ട സമിതികൾ/ സ്ഥാപനങ്ങൾ, മേൽനോട്ട സമ്പ്രദായം എന്നിവയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തിക്കൊണ്ട് എല്ലാ പങ്കാളികൾ തമ്മിലുമുള്ള ഏകോപനവും സഹകരണവും ദൃഢമാക്കണം. നിലവിലുള്ള സംവിധാനം എല്ലാവരെയും ഉൾക്കൊള്ളാത്തതും അപര്യാപ്തവും അനൗപചാരികമേഖലയെ ഒഴിവാക്കുന്നതും ആയതിനാൽ അങ്ങേയറ്റത്തെ അരക്ഷിതാവസ്ഥയെ നേരിടുന്ന തൊഴിലാളികളിൽ എത്തിച്ചേരുന്നത്തിനായി നൂതനമായ സമീപനങ്ങൾ അടിയന്തരമായി സ്വീകരിക്കണം. ഇതിന്റെ ഭാഗമായി ബാധിക്കപ്പെട്ടവർക്ക് നിയമപരമായ സംരക്ഷണം ലഭ്യമാക്കിക്കൊണ്ട് പരിശോധന/നിയമനടപടികൾ എന്നിവയിൽ കൂടുതൽ ജാഗ്രതയോടുകൂടി ഇടപെടുന്നതിന് തൊഴിലാളികൾ മുന്നോട്ടുവരണം.

വ്യത്യസ്ത മേഖലകളും തൊഴിലുകളും നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്ന രീതിയിൽ, ഓരോ മേഖലകൾക്കും അനുയോജ്യമായി നിലവിലുള്ള നിയമങ്ങൾ ശക്തിപ്പെടുത്തികൊണ്ടും ആവശ്യമുള്ള അവസരങ്ങളിൽ പുതിയവ നിർമ്മിച്ചുകൊണ്ടും, ത്രികക്ഷി സംവിധാനത്തിലൂടെയായിരിക്കണം തൊഴിലിടങ്ങളിലെ സുരക്ഷയും ആരോഗ്യ പരിരക്ഷയും സാർവത്രികമാക്കേണ്ടത്.

നിലവിലുള്ള തൊഴിലാളി നഷ്ടപരിഹാര നിയമം 1923നെ കൂടുതൽ ശക്തിപ്പെടുത്തിക്കൊണ്ട്, ഔപചാരികവും അനൗപചാരികവുമായ സമ്പദ്ഘടനകളിലെ എല്ലാ തൊഴിലാളികൾക്കും നഷ്ടപരിഹാരം നൽകുന്നതിനുള്ള സമഗ്രമായൊരു സംവിധാനം വികസിപ്പിച്ചെടുക്കണമെന്നും, കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുകയാണ്.

C155, C187 ഉൾപ്പെടെയുള്ള ഉടമ്പടികൾ അംഗീകരിച്ചുകൊണ്ട്, 'സുരക്ഷിതവും ആരോഗ്യകരവുമായ തൊഴിൽ സാഹചര്യം 'യാഥാർത്ഥ്യമാക്കുന്നതിനായി, ILOയിലും മറ്റ് അന്തർദേശീയവേദികളിലും നൽകിയ വാഗ്ദാനങ്ങൾ പാലിക്കണമെന്ന് കേന്ദ്രസർക്കാറിനോട് ഞങ്ങൾ ആവശ്യപ്പെടുന്നു. ഇതിനായി ത്രികക്ഷി ദൗത്യ സമിതി രൂപീകരിക്കണം. ഇക്കാര്യങ്ങൾ ഞങ്ങളുമായി ചർച്ച ചെയ്യുന്നതിനായി ഒരു ത്രികക്ഷി യോഗം അടിയന്തരമായി വിളിച്ചുചേർക്കണമെന്നും കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുന്നു.●

## നാൻസി പെലോസിയുടെ തയ്‌വാൻ സന്ദർശനം

# അന്താരാഷ്ട്രധാരണകളുടെ ലംഘനം



2022 ആഗസ്റ്റ് മൂന്നാം തീയതി അമേരിക്കൻ പ്രതിനിധി സഭയുടെ സ്പീക്കർ നാൻസി പെലോസി തായ്‌വാൻ സന്ദർശിക്കുകയുണ്ടായി. ചൈനയുടെ അതിശക്തമായ എതിർപ്പിനെ അവഗണിച്ചാണ് പെലോസി തയ്‌വാൻ സന്ദർശനം നടത്തിയത്. തായ്‌വാൻ ഔദ്യോഗികമായി ചൈനയുടെ ഭാഗമാണ്. 1949 മുതൽ ചൈനയുടെ ഭാഗമാണെന്നാണ് ചൈന പ്രഖ്യാപിച്ചിട്ടുള്ളത്. 1949 ന് മുമ്പുള്ള ചരിത്രവും തായ്‌വാൻ ചൈന ബന്ധത്തിലുണ്ട്. ലോകത്തെ 193 രാജ്യങ്ങളിൽ 13 രാജ്യങ്ങൾ മാത്രമാണ് തായ്‌വാനെ പ്രത്യേക രാജ്യമായി കണക്കാക്കുന്നത്. അമേരിക്ക ഉൾപ്പെടെ പ്രധാനപ്പെട്ട ഒരു രാജ്യവും തായ്‌വാനെ പ്രത്യേക രാജ്യമായി അംഗീകരിച്ചിട്ടില്ല. ചൈനയുടെ ഭാഗമായ ഒരു പ്രദേശത്തേക്ക് ചൈനയുടെ അനുവാദമില്ലാതെ അമേരിക്കൻ പ്രതിനിധി സഭയുടെ സ്പീക്കർക്ക് കടന്നു ചെല്ലാൻ അവകാശമില്ല. അത് അന്തർദേശീയമായ എല്ലാ ധാരണകളുടെയും ലംഘനമാണ്. ചൈനയെ പ്രകോപിപ്പിച്ച് ഏഷ്യപസഫിക് പ്രദേശത്തെ സമാധാനം തകർക്കുക എന്ന ഗൂഢോദ്ദേശമാണ് അമേരിക്കക്കുള്ളത്.

> അമേരിക്ക ഉൾപ്പെടെ പ്രധാനപ്പെട്ട ഒരു രാജ്യവും തായ്‌വാനെ പ്രത്യേക രാജ്യമായി അംഗീകരിച്ചിട്ടില്ല. ചൈനയുടെ ഭാഗമായ ഒരു പ്രദേശത്തേക്ക് ചൈനയുടെ അനുവാദമില്ലാതെ അമേരിക്കൻ പ്രതിനിധി സഭയുടെ സ്പീക്കർക്ക് കടന്നു ചെല്ലാൻ അവകാശമില്ല. അത് അന്തർദേശീയമായ എല്ലാ ധാരണകളുടെയും ലംഘനമാണ്. ചൈനയെ പ്രകോപിപ്പിച്ച് ഏഷ്യ പസഫിക് പ്രദേശത്തെ സമാധാനം തകർക്കുക എന്ന ഗൂഢോദ്ദേശമാണ് അമേരിക്കക്കുള്ളത്.

അമേരിക്കൻ പ്രതിനിധിസഭ അല്ലെങ്കിൽ കോൺഗ്രസും, അമേരിക്കൻ ഭരണകൂടവും രണ്ടും രണ്ടാണ്. പ്രതിനിധിസഭയുടെയും അതിന്റെ സ്പീക്കറിന്റെയും പ്രവർത്തനങ്ങളിൽ ഇടപെടാൻ ഭരണകൂടത്തിനു കഴിയില്ല എന്നൊക്കെയാണ് അമേരിക്കയുടെ ഔദ്യോഗിക വിശദീകരണം. എന്നാൽ പ്രസിഡന്റ് ജോ ബൈഡന്റെ ഡമോക്രാറ്റിക് പാർട്ടിയുടെ ഏറ്റവും സീനിയറായ, തലമുതിർന്ന നേതാവാണ് സ്പീക്കർ നാൻസി പെലോസി. അമേരിക്കൻ പ്രസിഡന്റും വൈസ് പ്രസിഡന്റും കഴിഞ്ഞാൽ പ്രോട്ടോക്കോൾ അനുസരിച്ച് മൂന്നാമത്തെ സ്ഥാനമാണ് സ്പീക്കറിന്റേത്. അത്തരത്തിലുള്ള ഒരാൾ ഭരണകൂടത്തിന്റെ അറിവും അംഗീകാരവും ഇല്ലാതെ തായ്‌വാൻ പോലെയുള്ള ഒരു പ്രദേശം ചൈനയുടെ അതിശക്തമായ എതിർപ്പിനെ മറികടന്ന് സന്ദർശിക്കുമെന്ന് ഒരാൾക്കും വിശ്വസിക്കാൻ കഴിയില്ല. യഥാർത്ഥത്തിൽ കരുതിക്കൂട്ടിയുള്ള ഒരു സന്ദർശനം തന്നെയാണ് പെലോസി നടത്തിയത്. 25 വർഷങ്ങൾക്കു ശേഷമാണ് അമേരിക്കയിലെ ഇത്രയും ഉന്നത സ്ഥാനത്തിരിക്കുന്ന വ്യക്തി തായ്‌വാൻ സന്ദർശിക്കുന്നത്.

ഉക്രൈനിൽ സംഘർഷം, പെലോസിയുടെ തയ്‌വാൻ സന്ദർശനം അഫ്ഗാനിസ്ഥാനിൽ സവാഹിരിയെ ഡ്രോൺ ഉപയോഗിച്ച് കൊന്നത്, എല്ലാം ചേർത്തു വായിക്കേണ്ട വിഷയങ്ങളാണ്.

റഷ്യ ഉക്രൈനെ സൈനികമായി ആക്രമിക്കുന്നത് നാറ്റോയെ വിപുലീകരി

ച്ച് ഉക്രൈനെയും കൂടി അതിന്റെ ഭാഗമാക്കാൻ അമേരിക്കയും കൂട്ടാളികളും ശ്രമിച്ചപ്പോഴാണ്. റഷ്യയും ഉക്രൈനും അതിർത്തി പങ്കിടുന്ന രാജ്യങ്ങളാണ്. നാറ്റോ പിൻതുണയോടെ റഷ്യൻ അതിർത്തിയിൽ ആയുധങ്ങൾ വിന്യസിക്കാനുള്ള നീക്കങ്ങളും ഉക്രൈൻ നടത്തുകയുണ്ടായി. ആ രൂപത്തിൽ റഷ്യയെ പ്രോകോപിപ്പിച്ചത് റഷ്യ ഉക്രൈനെ ആക്രമിക്കാൻ കാരണമായി. ഉക്രൈനെ ആയുധം അണിയിക്കുന്നത് അമേരിക്കയുടെ നേതൃത്വത്തിലുള്ള നാറ്റോ സഖ്യം തന്നെയാണ്.

## അൽഖ്വയ്ദ നേതാവ് സവാഹിരി കൊല്ലപ്പെടുന്നു

അൽഖ്വയ്ദ നേതാവ് സവാഹിരി 2022 ജൂലൈ 31 ന് അദ്ദേഹം അഫ്ഗാനിസ്ഥാനിൽ കുടുംബസമേതം താമസിച്ചിരുന്ന വസതിയുടെ ബാൽക്കണിയിൽ വച്ച് കൊല്ലപ്പെട്ടു. ഡ്രോൺ ഉപയോഗിച്ച് വളരെ സൂക്ഷ്മമായി നടത്തിയ ആക്രമണത്തിൽ വസതിയുടെ ബാൽക്കണിയിൽ വച്ചാണ് സവാഹിരി കൊല്ലപ്പെടുന്നത്. അമേരിക്കൻ ചാര സംഘടന സിഐഎ ആസൂത്രണം ചെയ്ത് അമേരിക്കൻ സൈന്യമാണ് കൃത്യം നിർവഹിച്ചത്.

സവാഹിരി കൊല്ലപ്പെട്ടു എന്നുറപ്പാക്കിയശേഷം പ്രസിഡന്റ് ബൈഡൻ അദ്ദേഹത്തിന്റെ ട്വിറ്ററിൽ കുറിച്ചു.

”അമേരിക്കൻ ജനങ്ങൾക്ക് നാശമുണ്ടാക്കുന്നവരിൽ നിന്ന് അവരെ രക്ഷിക്കാനുള്ള നിശ്ചയദാർഢ്യവും കഴിവും നാം കാണിച്ചു കൊടുത്തിരിക്കുന്നു. ഇന്നു രാത്രി നാം അത് തെളിയിച്ചു. എത്ര സമയമെടുത്തു എന്നതും എവിടെ ഒളിച്ചു എന്നതും പ്രശ്നമല്ല. അവരെ നാം കണ്ടെത്തും”

എത്രയധികം ഇടുങ്ങിയ ദേശീയ വികാരം ഉണർത്തുന്ന ഒരു പ്രസ്താവനയാണിതെന്ന് വരികൾക്കിടയിലൂടെ വായിച്ചാലേ മനസ്സിലാകൂ.

സവാഹിരി അഫ്ഗാനിസ്ഥാനിലുണ്ടെന്ന് അമേരിക്കക്ക് വളരെ നേരത്തെ അറിയാം. എന്നാൽ സവാഹിരിയെ കൊല്ലാനും പെലോസി തായ്‌വാൻ സന്ദർശിക്കാനും ഈ സമയം തെരഞ്ഞെടുത്തത് കൃത്യമായ ചില കാരണങ്ങളാലാണ്. ഒന്നമതായി അമേരിക്കൻ സമ്പദ്ഘടനയുടെ തകർച്ച, രണ്ടാമതായി ഡോളറിൽ നിന്നും മറ്റു നാണയങ്ങളിലേക്ക് ലോക വ്യാപാരം മാറുന്ന പ്രവണത, മൂന്നാമതായി അമേരിക്കക്ക് ലോകത്ത് അവരുടെ ആധിപത്യം നഷ്ടപ്പെടുന്നോ എന്ന ഭയം, നാലാമതായി ബൈഡന്റെ ജനപ്രീതി നഷ്ടപ്പെടുന്നതും അമേരിക്കയിൽ 2022 നവംബർ 8 ന് നടക്കാൻ പോകുന്ന ഇടക്കാല തെരഞ്ഞെടുപ്പും.

ഒന്നാമത്തെ കാരണം അമേരിക്കൻ സമ്പദ്‌വ്യവസ്ഥയുടെ പ്രതിസന്ധിയാണ്. അമേരിക്കൻ വിലക്കയറ്റം അഭൂതപൂർവമായ നിലയിൽ ഉയർന്ന് നില്ക്കുകയാണ്. 2022 മേയ് മാസത്തിൽ അമേരിക്കയിലെ വിലക്കയറ്റം 8.6% ആയിരുന്നു. 2022 ജൂൺ മാസമായപ്പോൾ അത് 9.1% ആയി ഉയർന്നു. അമേരിക്കൻ കേന്ദ്രബാങ്കായ ഫെഡറൽ റിസർവ് നിരന്തരമായി പലിശ നിരക്കുയർത്തിയിട്ടും വിലക്കയറ്റം പിടിച്ചു നിർത്താൻ കഴിയുന്നില്ല. അമേരിക്കൻ ഫെഡറൽ റിസർവിന്റെ പലിശ നിരക്ക് 0.25% ആയിരുന്നത് ഉയർത്തി 2.5% ആക്കിയിട്ടും വിലക്കയറ്റം തുടരുകയാണ്. സാധാരണ ജനങ്ങളാകെ ദുരിതത്തിലുമായി. രണ്ടാമത്തെ കാരണം ഡോളർ ക്ഷീണിക്കുന്നതാണ്. ഇന്ത്യയുൾപ്പെടെ പല രാജ്യങ്ങളും അവരുടെ അന്തർദേശീയ വ്യാപാര ഇടപാടുകൾക്കുള്ള നാണയം ഡോളറിൽ നിന്നും മാറ്റി അതാതു രാജ്യങ്ങളുടേതാക്കിക്കൊണ്ടിരിക്കുകയാണ്. ഇത് ഡോളറിന്റെ ആഗോള നാണയം എന്ന നിലക്ക് ഭീഷണിയാണ്. ഡോളർ ക്ഷീണിച്ചാൽ അമേരിക്ക ക്ഷീണിക്കും. പൗണ്ട് സ്റ്റർലിംഗ് ക്ഷീണിച്ചതും ഇംഗ്ലണ്ട് ക്ഷീണിച്ചതും ഒരുമിച്ചാണന്ന് ചരിത്രം പറയുന്നു. ഇറാക്ക് അവരുടെ ഓയിൽ ഇടപാടുകളുടെ കറൻസി ഡോളറിൽ നിന്നും മാറ്റിയതാണ് അമേരിക്ക ഇറാക്കിനെ ആക്രമിക്കാൻ ഒരു കാരണം.

മൂന്നാമത്തെ കാരണം അന്തർദേശീയ രംഗത്ത് സൈനികമായും രാഷ്ട്രീയമായും അമേരിക്ക ക്ഷീണിക്കുന്നതാണ്. അമേരിക്കയുടെ അഫ്ഗാൻ ഉദ്യമം വലിയ പരാജയമായി. അവസാനം അമേരിക്കൻ പൗരന്മാരേയും കൊണ്ട് അമേരിക്ക അഫ്ഗാനിൽ നിന്നും രക്ഷപ്പെട്ടു എന്നു പറയാം. അഫ്ഗാൻ ഭരണം അമേരിക്ക തകർക്കാൻ ശ്രമിച്ച അൽഖയ്ദയുടെ കൈയ്യിലുമായി. സിറിയയിലെ അമേരിക്കൻ ശ്രമങ്ങളും ലക്ഷ്യത്തിലെത്തിയില്ല. ലാറ്റിനമേരിക്ക ഇടതുപക്ഷത്തേക്കു മാറുകയാണ്. അമേരിക്കയുടെ ലാറ്റിനമേരിക്കയിലെ എല്ലാ ശ്രമങ്ങളും പരാജയത്തിലാണവസാനിച്ചിരിക്കുന്നത്. യൂറോപ്യൻ രാജ്യങ്ങളുടെമേലും അമേരിക്കയുടെ സ്വാധീനം ഇടിയുന്ന സ്ഥിതിയായിരുന്നു. ഉക്രൈൻ പ്രശ്നം തീരാതെ തുടരുകയാണ്. ഈ സ്ഥിതി ബൈഡന്റെയും ഡമോക്രാറ്റിക് പാർട്ടിയുടെയും ജനപ്രീതി കുത്തനെ ഇടിച്ചു. അമേരിക്കയിൽ 2022 നവംബർ 8 ന് ഇടക്കാല തെരഞ്ഞെടുപ്പാണ്. 438 ജനപ്രതിനിധി സഭാസീറ്റുകളിലേക്കും, 35 സെനറ്റ് സീറ്റുകളിലേക്കും ഇലക്ഷൻ നടക്കാൻ പോകുകയാണ്. റിപ്പബ്ലിക്കൻ പാർട്ടിയെ നേരിടണമെങ്കിലും പിടിച്ചു നില്ക്കണമെങ്കിലും ചില അടവുകൾ പ്രയോഗിച്ചേ പറ്റൂ. അതു തന്നെയാണ് പെലോസിയുടെ തായ്‌വാൻ സന്ദർശനലക്ഷ്യവും, സവാഹിരിയുടെ കൊലക്ക് ഈ സമയം തെരഞ്ഞെടുത്തതും. സാമ്രാജ്യത്വം അവരുടെ ലക്ഷ്യം നേടാൻ ലോകമാകെ യുദ്ധവും, അസ്വസ്ഥതയും സൃഷ്ടിക്കുന്നത് ആദ്യമല്ല, ഇത് തുടർക്കഥയാണ്. പുറത്ത് പറയുന്നത് മനുഷ്യാവകാശ സംരക്ഷണവും, ജനാധിപത്യ സംരക്ഷണവും ആയിരിക്കുകയും ചെയ്യും.●

**ലോകത്തിന്റെ പല ഭാഗങ്ങളിലും എന്നതുപോലെ ഇന്ത്യയിലും വിലക്കയറ്റം പിടിതരാതെ അനസ്യൂതം ഉയർന്നുകൊണ്ടിരിക്കുകയാണ്. ഇന്ത്യൻ സമ്പദ്രംഗം അത്ര ശുഭകരമായ അവസ്ഥയിലുമല്ല. വ്യാപാര കമ്മി നിരന്തരം ഉയരുകയാണ്, രൂപയുടെ വിലയിടിവ് തുടരുകയാണ്, ആഗോള സാഹചര്യങ്ങളും അനുകൂലമല്ല. ചൈന തായ്‌വാൻ പ്രശ്നം ആഗോള വ്യാപാരത്തെയും വിതരണ ശൃംഖലകളെയും വലിയ രൂപത്തിൽ ബാധിക്കും, ഉക്രൈൻ യുദ്ധം തുടരുകയാണ്. കോവിഡും പൂർണമായി പിടിവിട്ടിട്ടില്ല. കഴിഞ്ഞ മൂന്നു മാസത്തിനിടയിൽ റിസർവ് ബാങ്ക് മൂന്നു തവണയായി 1.4% പലിശ നിരക്കുയർത്തി. അതൊന്നും വിലക്കയറ്റം പിടിച്ചു നിർത്താൻ സഹായകരമായില്ല എന്നാണ് കാണാൻ കഴിയുന്നത്. വളർച്ച മുരടിച്ച ഒരു സമ്പദ്‌വ്യവസ്ഥയിൽ പലിശ നിരക്കുകയർത്തുന്നത് പലപ്പോഴും വിപരീത ഫലമുണ്ടാക്കും. പലിശ നിരക്കുയർത്തുമ്പോൾ ഉല്പാദന ചിലവുയരും, ഉല്പാദനം തന്നെ ഇടിയാം.**




# ഉയർന്നു കൊണ്ടിരിക്കുന്ന വിലക്കയറ്റം റിപ്പോ നിരക്കുയർത്തി റിസർവ് ബാങ്ക്

## റിപ്പോനിരക്ക്

2022 ആഗസറ്റ് 5ന് വാണിജ്യബാങ്കുകൾക്ക് റിസർവ് ബാങ്ക് നൽകുന്ന ഹ്രസ്വകാല വായ്പകളുടെ പലിശനിരക്കായ റിപ്പോനിരക്ക് വീണ്ടും വർധിപ്പിച്ചു. 50 ബേസിസ് പോയിന്റാണ് (0.50 ശതമാനം) കൂട്ടിയത്. ഇതോടെ റിപ്പോനിരക്ക് 4.90 ശതമാനത്തിൽനിന്ന് 5.40 ശതമാനമായി. 2019 മുതലുള്ള ഏറ്റവും ഉയർന്ന നിരക്കാണിത്. ഇതോടെ കോവിഡിനുമുമ്പുള്ള നിരക്കും മറികടന്നു. കോവിഡ് വ്യാപനം തുടങ്ങുന്നതിന് തൊട്ടുമുമ്പ് 5.15 ശതമാനമായിരുന്നു റിപ്പോനിരക്ക്. ഈ വർഷം മൂന്നാംതവണയാണ് കൂട്ടുന്നത്. മൂന്നുതവണയായി 1.40 ശതമാനമാണ് കൂട്ടിയത്.



റിസർവ് ബാങ്ക് ഗവർണർ ശക്തികാന്ത ദാസിന്റെ നേതൃത്വത്തിലുള്ള ആറംഗ പണനയസമിതി (എംസിപി) ഒറ്റക്കെട്ടായാണ് നിരക്ക് ഉയർത്താൻ തീരുമാനിച്ചതെന്ന് റിസർവ് ബാങ്ക് വാർത്താക്കുറിപ്പിൽ പറഞ്ഞു. രാജ്യത്തെ പണപ്പെരുപ്പം നിയന്ത്രിക്കാനാണിതെന്ന് റിസർവ് ബാങ്ക് പറയുന്നു. മെയ് നാലിന് അപ്രതീക്ഷിതമായി 40 പോയിന്റും ജൂണിൽ വീണ്ടും 50 പോയിന്റും കൂട്ടിയിരുന്നു.

## വായ്പകളുടെ പലിശ കൂടും

റിപ്പോനിരക്ക് വീണ്ടും ഉയർത്തിയത് വായ്പകളുടെ പലിശഭാരം വർധിപ്പിക്കും. റിസർവ് ബാങ്കിൽനിന്നുള്ള വായ്പയ്ക്ക് കൂടുതൽ പലിശ നൽകേണ്ടിവരുന്നതിനാൽ വാണിജ്യ ബാങ്കുകൾ ഇടപാടുകാർക്ക് നൽകുന്ന ഭവന, വാഹന, വ്യക്തിഗത, വസ്തു തുടങ്ങിയ എല്ലാ വ്യക്തിഗത വായ്പകളുടെയും പലിശനിരക്ക് ഉയർത്തും.

റിപ്പോ നിരക്ക് വർധനയുടെ തോതിൽത്തന്നെ (0.50 ശതമാനം) ബാങ്ക് വായ്പകളുടെ പലിശനിരക്ക് കൂടും. അതിനനുസരിച്ച് മാസംതോറുമുള്ള വായ്പ തിരിച്ചടവ് തുക (ഇഎംഐ) വർധിക്കുകയോ വായ്പയുടെ കാലാവധി നീട്ടുകയോ ചെയ്യേണ്ടിവരും. വായ്പത്തുകയോ കാലാവധിയോ വർധിക്കുന്നതിനനുസരിച്ച് അധികഭാരത്തിന്റെ തോതും ഉയരും.

### വായ്പ (രൂപയിൽ)

വായ്പ തുക അഞ്ചു ലക്ഷം
(കാലാവധി എട്ടു വർഷം)

പലിശനിരക്ക് : 8%
ഇഎംഐ : 7068

**0.50% പലിശ വർദ്ധിച്ചാൽ**

പലിശനിരക്ക് : 8.5%
ഇഎംഐ : 7196
അധികബാദ്ധ്യത മാസം : 128 രൂപ
ആകെ അധികബാദ്ധ്യത : 10908

**വായ്പതുക 10 ലക്ഷം**

(കാലാവധി 20 വർഷം)
പലിശനിരക്ക് : 9.5 %
ഇഎംഐ : 9321

**0.50% പലിശ വർദ്ധിപ്പിച്ചാൽ**

പലിശനിരക്ക് : 10%
ഇഎംഐ : 9650
അധികബാദ്ധ്യത മാസം : 329 രൂപ
ആകെ അധികബാദ്ധ്യത: 78960

## പണപ്പെരുപ്പം



പണപ്പെരുപ്പമാണത്രേ വായ്പ നിരക്കുകളുടെ വർദ്ധനയ്ക്ക് പ്രധാന കാരണം. നിരക്ക് മൂന്നു തവണ കൂട്ടിയിട്ടും അതൊട്ടും കുറയുന്നില്ലെന്നു മാത്രമല്ല കൂടുകയുമാണ്. 7.01 ശതമാനമാണ് ജൂണിലെ നിരക്ക്.

എന്തായാലും ദുരിതം ജനങ്ങൾക്ക്. വായ്പ നിരക്കിലെ വർധന എല്ലാ ഉൽപ്പന്നങ്ങളുടെയും വിലക്കയറ്റത്തിന് ഇടയാക്കും. വായ്പയെടുത്തു വീടു നിർമ്മിച്ചവരും കാറു വാങ്ങിയവരും മറ്റും അധികബാധ്യത അനുഭവിക്കേണ്ടി വരും, വീടും മറ്റും വാങ്ങാനിരിക്കുന്നവർക്കും നിരാശപ്പെടേണ്ടിവരും.

മൂന്നു തവണ വായ്പ നിരക്ക് വർദ്ധിപ്പിച്ചതിന്റെ ഫലമായി ജനങ്ങളുടെ ക്രയശേഷിയിൽ 11% വരെ ഇടിവുണ്ടായിട്ടുണ്ടെന്നു പഠനം. അതായത് 50 ലക്ഷം രൂപയുടെ വീടു വാങ്ങാൻ കഴിയുമായിരുന്ന വ്യക്തിക്ക് ഇനി 44,50,000 രൂപയുടെ ശേഷിയാണ് ബാക്കി.

## വർധന തുടരും

സെപ്റ്റംബർ 28 മുതൽ 30 വരെ നടക്കുന്ന അടുത്ത എംപിസി യോഗത്തിലും വർധന പ്രതീക്ഷിക്കാമെന്ന സൂചനയും ആർബിഐ ഗവർണർ ശക്തികാന്ത ദാസ് നൽകി. ഇക്കൊല്ലം ഇനി 0.5% വരെ വർധനയുണ്ടാകാം എന്നാണ് വിദഗ്ധരുടെ വിലയിരുത്തൽ.



# സിഐടിയു 17-ാം അഖിലേന്ത്യ സമ്മേളനം സ്വാഗതസംഘം രൂപീകരിച്ചു

2023 ജനുവരി 18 മുതൽ 22 വരെ ബാംഗ്ലൂരിൽ നടക്കുന്ന സിഐടിയു അഖിലേന്ത്യ സമ്മേളനത്തിന്റെ സ്വാഗതസംഘം ജൂലൈ 5ാം തീയതി ബാംഗ്ലൂർ സെക്രട്ടേറിയറ്റ് ക്ലബ്ബിൽ വച്ചു നടന്ന ആവേശകരമായ മീറ്റിങ്ങിൽ വച്ച് രൂപീകരിച്ചു. സിഐടിയു പ്രസിഡന്റ് കെ.ഹേമലത മീറ്റിങ്ങ് ഉദ്ഘാടനം ചെയ്തു. അഖിലേന്ത്യ സമ്മേളനം നടക്കുന്ന പശ്ചാത്തലം, ഇന്നത്തെ സ്ഥിതി എല്ലാം ഹേമലത ഉദ്ഘാടന പ്രസംഗത്തിൽ വിശദമാക്കി. സംസ്ഥാന പ്രസിഡന്റ് എസ്.വരലക്ഷ്മി മീറ്റിങ്ങിന്റെ അദ്ധ്യക്ഷം വഹിച്ചു. ട്രേഡ് യൂണിയൻ നേതാക്കൾക്കും, തൊഴിലാളികൾക്കും പുറമെ സമൂഹത്തിന്റെ നാനാരംഗത്തുള്ളവർ യോഗത്തിൽ പങ്കെടുത്തു.

സിഐടിയു കർണാടക സംസ്ഥാന സെക്രട്ടറി മീനാക്ഷി സുന്ദരം സമ്മേളനത്തിന്റെ നടത്തിപ്പ് സംബന്ധിച്ച വിവരങ്ങളും, ബഡ്ജറ്റും അവതരിപ്പിച്ചു. പലരും മീറ്റിങ്ങിൽ വച്ചുതന്നെ സമ്മേളന നടത്തിപ്പിനായി സംഭാവന നൽകുകയും വാഗ്ദാനം ചെയ്യുകയും ചെയ്തു. ഒരു ദിവസത്തെ വേതനം സമ്മേളന നടത്തിപ്പിനായി നല്കുമെന്ന് പല തൊഴിലാളി സംഘടന നേതാക്കളും അറിയിച്ചു. സിഐടിയു ബാംഗ്ലൂർ സൗത്ത് ജില്ലാ ജനറൽ സെക്രട്ടറി ബി.എൻ.മൻജുനാഥ് സ്വാഗതം ആശംസിച്ചു. നോർത്ത് സെക്രട്ടറി മുനിരാജ് നന്ദി പ്രകടിപ്പിച്ചു.

മീറ്റിങ്ങ് 27 സബ്കമ്മിറ്റികളെ സമ്മേളന നടത്തിപ്പിനായി തെരഞ്ഞെടുത്തു. സീനിയർ അഡ്വ.സുരയ്യ റാവുവിനെ ഓണററി പ്രസിഡന്റായും അമാനുള്ളഖാനെ പ്രസിഡന്റായും തെരഞ്ഞെടുത്തു.

### സ്വാതന്ത്ര്യത്തിന്റെ 75 വർഷം

# തൊഴിലാളികളുടെ ജീവിതം ഇന്നും വിലയില്ലാത്തത്

സ്വാതന്ത്ര്യം കിട്ടി 75 വർഷം പിന്നിട്ട് 'അമൃത് ഉത്സവം' ആഘോഷിക്കുന്ന ഈ ഘട്ടത്തിലും തൊഴിലാളികളുടെ ജീവിതം വിലയില്ലാത്തതായി തുടരുകയാണ്. വേണ്ടത്ര സുരക്ഷാ സംവിധാനങ്ങളില്ലാത്തതിനാൽ നൂറു കണക്കിന് തൊഴിലാളികളാണ് ഓരോ വർഷവും രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ മരണമടയുന്നത്.



പണിസ്ഥലങ്ങളിലും, ഫാക്ടറികളിലുമാണവർ മരണമടയുന്നത്. ആധുനിക വ്യവസായങ്ങൾ മാത്രമുള്ള ഡൽഹി നാഷണൽ ക്യാപിറ്റൽ റീജിയനിൽ പോലും തൊഴിലാളികൾ ജോലിക്കിടയിൽ മരണമടയുന്നുണ്ട്. റോഡു നിർമ്മാണം, ഓട വൃത്തിയാക്കൽ, കെട്ടിടനിർമ്മാണം കയറ്റിറക്കു ജോലി തുടങ്ങി എല്ലാരംഗങ്ങളിലും തൊഴിലാളികൾ ദിവസേനയെന്നോണം മരിച്ചു വീഴുന്നുണ്ട്.

ഫാക്ടറികളിലും, സേവനമേഖലകളിലും, അസംഘടിതമേഖലകളിലും ഒരിടത്തും യാതൊരു സുരക്ഷാസംവിധാനങ്ങളുമില്ല. തൊഴിലാളി മരണങ്ങൾ കൃത്യമായി റിപ്പോർട്ടും ചെയ്യപ്പെടുന്നു പോലുമില്ല.

സുരക്ഷനിയമങ്ങളെല്ലാം കാറ്റിൽ പറത്തപ്പെടുകയാണ്. ഇതിന് ഉത്തരവാദികളായവർക്കെതിരെ ഒരു നടപടിയും എടുക്കുന്നില്ല. ബന്ധപ്പെട്ട തൊഴിൽ മേഖല ഉദ്യോഗസ്ഥർ മുതലാളിമാരുമായി ചങ്ങാത്തത്തിലാണ്. തൊഴിലാളികളുടെ സുരക്ഷ ഇന്നിപ്പോൾ ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിന് വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ്.

# സംഘടനാ വാർത്ത

## എൽഐസി ഏജൻസ് ഓർഗനൈസേഷൻ ഓഫ് ഇന്ത്യ സംസ്ഥാനസമ്മേളനം

എൽഐസി ഏജൻസ് ഓർഗനൈസേഷൻ ഓഫ് ഇന്ത്യ സംസ്ഥാനസമ്മേളനം ജൂലൈ 20, 21ന് ആലുവയിൽ വച്ച് നടന്നു. സി.പി. അഹമ്മദ് കുഞ്ഞി നഗറിൽ (ആലുവ തോട്ടുമുഖം വൈഎംസിഎ ഹാൾ) സിഐടിയു സംസ്ഥാന സെക്രട്ടറി കെ.എൻ.ഗോപിനാഥ് ഉദ്ഘാടനം ചെയ്തു. യൂണിയൻ സംസ്ഥാന പ്രസിഡന്റ് ബാലകൃഷ്ണൻ അദ്ധ്യക്ഷനായി. അഖിലേന്ത്യാ ജനറൽ സെക്രട്ടറി ഡോ.പി.ജി.ദിലീപ് സംഘടനാ റിപ്പോർട്ടും സംസ്ഥാന ജനറൽ സെക്രട്ടറി എം.കെ.മോഹനൻ പ്രവർത്തന റിപ്പോർട്ടും അവതരിപ്പിച്ചു.






കെ.എൻ.ഉണ്ണികൃഷ്ണൻ (പ്രസിഡന്റ്)



എം.കെ. മോഹനൻ (ജന.സെക്രട്ടറി)



സി. ചന്ദ്രൻ (വർക്കിങ് പ്രസിഡന്റ്)



പി.കെ. ദിനേശൻ (ട്രഷറർ)

സിഐടിയു സംസ്ഥാന സെക്രട്ടറി ദീപ.കെ.രാജൻ എൽഐസി ഇയു സൗത്ത് സോൺ ജോയിന്റ് സെക്രട്ടറി ഐ.കെ.ബിജു തുടങ്ങിയവർ സമ്മേളനത്തെ അഭിസംബോധന ചെയ്തു.

എൽഐസി പോളിസി ഉടമകൾ അടയ്ക്കുന്ന പ്രീമിയത്തിനും അധികപിഴയ്ക്കും ചുമത്തിയിരിക്കുന്ന ജിഎസ്ടി പിൻവലിക്കണമെന്ന് സമ്മേളനം ആവശ്യപ്പെട്ടു. റിപ്പോർട്ടിൻമേൽ നടന്ന ചർച്ചകൾക്ക് അഖിലേന്ത്യാ ജനറൽ സെക്രട്ടറിയും സംസ്ഥാന ജനറൽ സെക്രട്ടറിയും മറുപടി പറഞ്ഞു.

**ഭാരവാഹികൾ :** കെ.എൻ.ഉണ്ണികൃഷ്ണൻ എം.എൽ.എ (പ്രസിഡന്റ്), സി.ചന്ദ്രൻ (വർക്കിംഗ് പ്രസിഡന്റ്) എം.ലേഖതൻ, പി.എൻ.ദേവദാസ്, എസ്.സനൽകുമാർ, വി.കെ.അനിരുദ്ധൻ, എസ്.ബീന (വൈസ് പ്രസിഡന്റുമാർ), എം.കെ.മോഹനൻ (ജനറൽ സെക്രട്ടറി), കെ.അനിൽകുമാർ, ടി.എസ്.ഷെനിൻ, കെ.വി.ടോമി, സി.കെ.ലതീഷ്, റജിമോൾ മത്തായി, വി.ഷാജി (ജോയിന്റ് സെക്രട്ടറിമാർ), പി.കെ.ദിനേശൻ (ട്രഷറർ)

## സിഡ്കോ വർക്കേഴ്സ് യൂണിയൻ സംസ്ഥാന സമ്മേളനം



പി.എസ്. മധുസൂദനൻ (പ്രസിഡന്റ്)



എസ്. രവി (ജന.സെക്രട്ടറി)

സിഡ്കോ വർക്കേഴ്സ് യൂണിയൻ സംസ്ഥാന സമ്മേളനം ജൂൺ 24 ന് തിരുവനന്തപുരം തായ്നാട് സഹകരണസംഘം ഹാളിൽ വച്ച് ചേർന്നു. സിഐടിയു സംസ്ഥാന സെക്രട്ടറി സ:സി.കെ.ഹരികൃഷ്ണൻ സമ്മേളനം ഉദ്ഘാടനം ചെയ്തു. സ:പി.എസ്.മധുസൂദനൻ അദ്ധ്യക്ഷനായി. സ:ഗോപൻ സ്വാഗതം പറഞ്ഞു. യൂണിയന്റെ ജനറൽ സെക്രട്ടറി എസ്.രവി പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. ചർച്ചയ്ക്കും മറുപടിക്കും ശേഷം റിപ്പോർട്ട് അവതരിപ്പിച്ചു. വർക്കേഴ്സിന്റെ ശമ്പള പരിഷ്കരണം അടിയന്തിരമായി നടപ്പിലാക്കണമെന്ന് സമ്മേളനം ആവശ്യപ്പെട്ടു. പതിനേഴംഗ സംസ്ഥാന കമ്മിറ്റിയെ സമ്മേളനം തെരഞ്ഞെടുത്തു.

**ഭാരവാഹികൾ :**

പി.എസ്.മധുസൂദനൻ (പ്രസിഡന്റ്), എസ്.രവി (ജനറൽ സെക്രട്ടറി), ടി.സൽകുമാർ (ട്രഷറർ), രാജേഷ് (വൈസ് പ്രസിഡന്റ്), ഗോപൻ, സുകേഷ്, പ്രതീപ് (സെക്രട്ടറിമാർ)

# കെറ്റിഡിസി എംപ്ലോയീസ് അസോസിയേഷൻ 48ാം സംസ്ഥാന സമ്മേളനം

കെറ്റിഡിസി എംപ്ലോയീസ് അസോസിയേഷന്റെ 48ാം സംസ്ഥാന സമ്മേളനം തിരുവനന്തപുരത്ത് ജൂലൈ 11, 12 തീയതികളിൽ നടന്നു. പ്രതിസന്ധികളെ അതിജീവിച്ച് മുന്നേറുന്ന കേരള ടൂറിസം മേഖലയുടെ ആതിഥേയ മുഖമാണ് കെറ്റിഡിസി.

അഡ്വ.ചെറുന്നിയൂർ ശശിധരൻ നായർ നഗറിൽ ചേർന്ന സംസ്ഥാന സമ്മേളനം, സിഐടിയു സംസ്ഥാന സെക്രട്ടറി സ:കെ.എൻ.ഗോപിനാഥ് ഉദ്ഘാടനം ചെയ്തു. കേരളത്തിനകത്തും പുറത്തു നിന്നുമായി 250 പ്രതിനിധികളാണ് 2 ദിവസത്തെ സമ്മേളനത്തിൽ പങ്കെടുത്തത്.




കെറ്റിഡിസി ജീവനക്കാരുടെ വിരമിക്കൽ പ്രായം 60 വയസ്സായി ഉയർത്തുക, കേന്ദ്രസർക്കാർ തുടർന്നു വരുന്ന പൊതുമേഖലാ ഓഹരി വിൽപ്പന അവസാനിപ്പിക്കുക, കെറ്റിഡിസി യിലെ പുറം കരാർ തൊഴിൽ വ്യവസ്ഥ അവസാനിപ്പിക്കുക തുടങ്ങി ജീവനക്കാരുടെയും സ്ഥാപനത്തിന്റെയും വിവിധങ്ങളായ പ്രശ്നങ്ങൾ ഉന്നയിക്കുന്നതുമായ 9 പ്രമേയങ്ങൾ സമ്മേളനം അംഗീകരിച്ചു. കല്ലറമധു പ്രസിഡന്റായും, എസ്.ശ്രീകുമാർ ജനറൽ സെക്രട്ടറിയായും 39 അംഗ സംസ്ഥാന കമ്മിറ്റിയെ തെരഞ്ഞെടുത്തു. രചന സി.ആർ ആണ് ട്രഷറർ, വൈസ് പ്രസിഡന്റുമാരായി ബിനു, പി.വികാസ് നോബി, അനിൽകുമാർ.എസ്, പി.എസ്.പ്രസാദ്, രവി.എസ്, മുരളി എന്നിവരേയും സെക്രട്ടറിമാരായി നവീൻ.എ.വി പ്രേംലാൽ എൽ.എൽ, ദീപ.എസ്, കുഞ്ഞുമോൻ.ടി, പി.പി.സനിൽകുമാർ, ജോയമോൾ എന്നിവരേയും സമ്മേളനം തെരഞ്ഞെടുത്തു.



കല്ലറ മധു
(പ്രസിഡന്റ്)



എസ്. ശ്രീകുമാർ
(ജന.സെക്രട്ടറി)



രചന സി.ആർ
(ട്രഷറർ)

# ആഭരണ നിർമ്മാണ തൊഴിലാളി ഫെഡറേഷൻ സംസ്ഥാന സമ്മേളനം




ആഭരണ നിർമ്മാണ തൊഴിലാളി ഫെഡറേഷൻ സംസ്ഥാന സമ്മേളനം കോഴിക്കോട് വെച്ച് ചേർന്നു. മുതലക്കുളം സരോജ് ഭവനിലെ കെ.ടി.വിജയൻ നഗറിൽ നടന്ന സമ്മേളനം സിഐടിയു സംസ്ഥാന വൈസ് പ്രസിഡന്റ് ടി.പി.രാമകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. കെ.മനോഹരൻ അദ്ധ്യക്ഷനായി. ജനറൽ സെക്രട്ടറി വി.പി.സോമസുന്ദരൻ പ്രവർത്തന റിപ്പോർട്ടും ട്രഷറർ കെ.എം.ഗണേശൻ വരവ് ചെലവ് കണക്കും അവതരിപ്പിച്ചു. സിഐടിയു സംസ്ഥാന വൈസ് പ്രസിഡന്റ് വി.ശശികുമാർ, ജില്ലാസെക്രട്ടറി പി.കെ.മുകുന്ദൻ തുടങ്ങിയവർ സംസാരിച്ചു.

ആഭരണനിർമ്മാണതൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിക്കണമെന്നും ജിഎസ്ടി പിരിവിന്റെ പേരിൽ തൊഴിലാളികളെ ബുദ്ധിമുട്ടിക്കരുതെന്നും സമ്മേളനം ആവശ്യപ്പെട്ടു.

ഭാരവാഹികൾ : എം.ചന്ദ്രൻ (പ്രസിഡന്റ്), വി.പി.സോമസുന്ദരൻ (ജനറൽ സെക്രട്ടറി), കെ.എം.ഗണേശൻ (ട്രഷറർ), കെ.മനോഹരൻ, കെ.ബി.സുകുമാരൻ, ടി.വി.രാജൻ, സി.സേതുമാധവൻ (വൈസ്പ്രസിഡന്റുമാർ), ബി.ശങ്കർ, കെ.സുനിൽകുമാർ, കെ.ജയരാജൻ, ഷീലാ പ്രകാശൻ (സെക്രട്ടറിമാർ)



എം. ചന്ദ്രൻ
(പ്രസിഡന്റ്)



വി.പി.സോമസുന്ദരം
(ജന.സെക്രട്ടറി)



കെ.എം. ഗണേശൻ
(ട്രഷറർ)

# വർക്കിംഗ് വുമൺ സംസ്ഥാന സമ്മേളനം

ഓൾ ഇന്ത്യ വർക്കിംഗ് വിമൻ കോ ഓർഡിനേഷൻ കമ്മിറ്റി (സി .ഐ.ടി യു ) സംസ്ഥാന കൺവെൻഷൻ തിരുവനന്തപുരത്ത് ബി.ടി. ആർ മെമ്മോറിയലിൽ (സ.രഞ്ജന നിരുല നഗർ) നടന്നു. സിഐടിയു സംസ്ഥാന വൈസ് പ്രസിഡന്റ് ടി.പി രാമകൃഷ്ണൻ എം.എൽ.എ ഉദ്ഘാടനം ചെയ്തു. സിഐടിയു സംസ്ഥാന സെക്രട്ടറി കെ.എൻ ഗോപിനാഥ്, സിഐ ടിയു തിരുവനന്തപുരം ജില്ലാ സെക്രട്ടറി സി. ജയൻബാബു, പ്രസിഡന്റ് ആർ. രാമു എന്നിവർ അഭിവാദ്യം ചെയ്തു. കെ.പി.മേരി, കെ.കെ.പ്രസന്നകുമാരി, വി.സി.കാർത്ത്യായനി, ഒ.സി. ബിന്ദു, ജി.രാജമ്മ എന്നിവരടങ്ങിയ പ്രസീഡിയം കൺവെൻഷൻ നിയന്ത്രിച്ചു. സംസ്ഥാന കൺവീനർ സുനിതകുര്യൻ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. തിരുവനന്തപുരം ജില്ലാകൺവീനർ പി.എസ്.സുമ, സിഐടിയു സംസ്ഥാന സെക്രട്ടറിമാരായ പി.പി.പ്രേമ, ദീപ.കെ.രാജൻ, ധന്യ ആബിദ് തുടങ്ങിയവർ സംസാരിച്ചു. 14 ജില്ലകളിൽ നിന്നും തൊഴിലാളികൾ പങ്കെടുത്തു. ആഗസ്റ്റ് 8 മുതൽ 14 വരെ സിഐടിയു ആഹ്വാനം ചെയ്തിട്ടുള്ള 'സാമൂഹിക് ജാഗരൺ' പരിപാടി ഏറ്റെടുത്ത് വിജയിപ്പിക്കാനും നവകേരള സൃഷ്ടിക്കായി മുന്നോട്ട് പോകുന്ന ഇടതുപക്ഷ സർക്കാരിന് പിന്നിൽ തൊഴിലെടുക്കുന്ന സ്ത്രീകൾ അണിനിരക്കാനും, കൂടാതെ വർഗീയതയ്ക്ക് എതിരെ വർഗഐക്യം പടുത്തുയർത്താനും, പ്രമേയങ്ങളിലൂടെ കൺവെൻഷൻ ആവശ്യപ്പെട്ടു. സ്ത്രീ തൊഴിലാളികൾക്ക് കുറഞ്ഞ മാസ വേതനം 26,000 രൂപയും പെൻഷൻ 10,000 രൂപയും ആക്കണമെന്നും, ജിഡിപിയിൽ സ്ത്രീകളുടെ കൂലിയില്ലാത്ത ജോലി ഉൾപ്പെടുത്തുക തുടങ്ങിയ 22 ഇന ആവശ്യങ്ങൾ കൺവെൻഷൻ ഭാവി പരിപാടികളായി ഏറ്റെടുത്തു. സംസ്ഥാന ജനറൽ കൺവീനറായി സുനിത കുര്യനെ തെരഞ്ഞെടുത്തു. ജോയിന്റ് കൺവീനർമാരായി പി.പി പ്രേമ, കെ.കെ പ്രസന്നകുമാരി, ദീപ.കെ.രാജൻ, ജി.രാജമ്മ, വി. വി.പ്രസന്നകുമാരി, പി.എം.വഹീദ, കെ.ജി.ബിന്ദു, ഒ.സി. ബിന്ദു, പ്രഭാവതി.എം.ബി, കെ. ബി.രമ, എസ്.പുഷ്പലത, രമാദേവി. സി.എസ്, വി.സരള, ആർ.മുരുക ലക്ഷ്മി, എന്നിവരെയും 48 അംഗ സംസ്ഥാന കമ്മിറ്റിയേയും തെരഞ്ഞെടുത്തു.





സുനിതാ കുര്യൻ (കൺവീനർ)

# ആശാവർക്കേഴ്സ് ഫെഡറേഷൻ സംസ്ഥാന സമ്മേളനം

കേരള സ്റ്റേറ്റ് ആശാവർക്കേഴ്സ് ഫെഡറേഷൻ സംസ്ഥാന സമ്മേളനം ആഗസ്റ്റ് 6, 7 തീയതികളിൽ പത്തനംതിട്ട അടൂരിൽ വെച്ച് ചേർന്നു. രഞ്ജന നിരുല നഗറിൽ (മാർത്തോമ യൂത്ത് സെന്റർ) നടന്ന പ്രതിനിധി സമ്മേളനം സിഐടിയു സംസ്ഥാന പ്രസിഡന്റ് ആനത്തലവട്ടം ആനന്ദൻ ഉദ്ഘാടനം ചെയ്തു. ഫെഡറേഷൻ പ്രസിഡന്റ് പി.പി.പ്രേമ അദ്ധ്യക്ഷയായി. സംസ്ഥാന സെക്രട്ടറി എൽ.ഗീത പ്രവർത്തന റിപ്പോർട്ടും ഫെഡറേഷൻ കേന്ദ്രക്കമ്മിറ്റി അംഗം വി.വി.പ്രസന്നകുമാരി സംഘടനാ റിപ്പോർട്ടും അവതരിപ്പിച്ചു. സംസ്ഥാന ട്രഷറർ എം.ബി.പ്രഭാവതി വരവ് ചെലവ് കണക്കും അവതരിപ്പിച്ചു.




കേരളത്തിന്റെ ആരോഗ്യരംഗം എന്ന വിഷയത്തെ ആസ്പദമാക്കിയ സെമിനാർ ആരോഗ്യവകുപ്പ് മന്ത്രി വീണാ ജോർജ്ജ് ഉദ്ഘാടനം ചെയ്തു. സിഐടിയു ഭാരവാഹികളായ കെ.പി.മേരി,

കെ.എൻ.ഗോപിനാഥ്, പി.ജെ.അജയകുമാർ, കെ.കെ.പ്രസന്നകുമാരി, സുനിത കുര്യൻ, ദീപ. കെ.രാജൻ, ധന്യ അബീദ് എന്നിവർ സമ്മേളനത്തെ അഭിസംബോധന ചെയ്തു.

ഭാരവാഹികൾ: എം.ബി.പ്രഭാവതി (പ്രസിഡന്റ്), പി.പി.പ്രേമ (ജനറൽ സെക്രട്ടറി), രജനി മോഹൻ (ട്രഷറർ), സുജാത, ഗീതാഭായി, രമണി, സിന്ധു വിനോദ്, കമല (വൈസ് പ്രസിഡന്റുമാർ) സജി കുമാരി, ലിസി, അജിത രാജൻ, രമണി, വിജയ (സെക്രട്ടറിമാർ) നാൽപ്പത്തൊന്നംഗ സംസ്ഥാനക്കമ്മിറ്റിയെയും സമ്മേളനം തെരഞ്ഞെടുത്തു.


എം.ബി. പ്രഭാവതി (പ്രസിഡന്റ്)


പി.പി. പ്രേമ (ജന.സെക്രട്ടറി)


രജനി മോഹൻ (ട്രഷറർ)

# കേരള ഗവ:ഹോസ്പിറ്റൽ ഡവലപ്മെന്റ് സൊസൈറ്റി എംപ്ലോയീസ് യൂണിയൻ സംസ്ഥാന സമ്മേളനം




കേരള ഗവ:ഹോസ്പിറ്റൽ ഡവലപ്മെന്റ് സൊസൈറ്റി എംപ്ലോയീസ് യൂണിയന്റെ കൊല്ലത്ത് നടന്ന സംസ്ഥാന സമ്മേളനം സിഐടിയു സംസ്ഥാന പ്രസിഡന്റ് ആനത്തലവട്ടം ആനന്ദൻ ഉദ്ഘാടനം ചെയ്തു. സിഐടിയു സംസ്ഥാനസെക്രട്ടറി അഡ്വ. സജി, അഡ്വ.ബി.സത്യൻ, ധർമ്മജൻ എന്നിവർ സമ്മേളനത്തിന് അഭിവാദ്യം അർപ്പിച്ചു. യോഗത്തിന് യൂണിയൻ പ്രസിഡന്റ് എ.പ്രദീപ് കുമാർ അധ്യക്ഷത വഹിച്ചു.

എ.പ്രദീപ് കുമാർ പ്രസിഡന്റായും, അഡ്വ.ബി.സത്യൻ, എം.ധർമ്മജൻ, രാമചന്ദ്രൻ, കെ.ജി.വാസുദേവൻ, ഉമയമ്മ, ഡോ.സുജിത് എന്നിവർ വൈസ് പ്രസിഡന്റും, കെ.സുനിൽകുമാർ ജനറൽ സെക്രട്ടറിയായും, ഷാജിമോഹൻ, സുരേഷ്ബാബു, പ്രസീദ, സിന്ധു.എൻ, കൊല്ലം ഷാജി എന്നിവർ ജോയിന്റ് സെക്രട്ടറിയായും ഗിരിജ ട്രഷററായും 47 അംഗ സംസ്ഥാന കമ്മിറ്റിയേയും സമ്മേളനം തെരഞ്ഞെടുത്തു.


എ. പ്രദീപ്കുമാർ (പ്രസിഡന്റ്)


കെ. സുനിൽകുമാർ (ജന.സെക്രട്ടറി)

# സെക്യൂരിറ്റി & ഹൗസ് കീപ്പിംഗ് എംപ്ലോയീസ് ഫെഡറേഷൻ നിയമസഭാ മാർച്ച്



സെക്യൂരിറ്റി & ഹൗസ് കീപ്പിംഗ് എംപ്ലോയീസ് ഫെഡറേഷൻ നേതൃത്വത്തിൽ നിയമസഭാ മാർച്ച് നടത്തി. മിനിമം വേതനം പുതുക്കി നിശ്ചയിക്കുക, ഏജൻസികളുടെ ചൂഷണം അവസാനിപ്പിക്കുക, എൻഫോഴ്സ്മെന്റിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുക, പിരിച്ചു വിട്ട ബിവറേജസ് സെക്യൂരിറ്റി തൊഴിലാളികളെ തിരിച്ചെടുക്കുക. ഹൗസ് കീപ്പിംഗ് ജീവനക്കാരുടെ വേതനം ഏകീകരിക്കുക. തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചായിരുന്നു മാർച്ച്. സിഐടിയു സംസ്ഥാന പ്രസിഡന്റ് ആനത്തലവട്ടം ആനന്ദൻ മാർച്ച് ഉദ്ഘാടനം ചെയ്തു. ആർ.വി.ഇക്ബാൽ അദ്ധ്യക്ഷനായി. ജനറൽസെക്രട്ടറി കെ.ജയപ്രകാശ്, സെക്രട്ടറിമാരായ മടവൂർ അനിൽ, തെരുവത്ത് നാരായണൻ, എസ്.സുകുമാർ, വനിതാ സബ്കമ്മിറ്റി കൺവീനർ വൃന്ദാറാണി എന്നിവർ സംസാരിച്ചു. തൊഴിൽ, തദ്ദേശ മന്ത്രിമാരുമായി നടത്തിയ ചർച്ചയിൽ മിനിമം വേജസ് കമ്മിറ്റി ഉൾപ്പെടെയുള്ള വിഷയങ്ങളിൽ അടിയന്തിര നടപടി കൈക്കൊള്ളുമെന്ന് ധാരണയായി.

# പണിമുടക്കാനുള്ള തൊഴിലാളികളുടെ അവകാശം ആരുടേയും ഔദാര്യമല്ല

2022 മാർച്ച് 28,29 തീയതികളിലായി നടന്ന ദ്വിദിന ദേശീയ പണിമുടക്കിൽ പങ്കെടുത്ത കൊച്ചി റിഫൈനറി തൊഴിലാളികളുടെ എട്ടു ദിവസത്തെ ശമ്പളം പിടിച്ചു വച്ചിരിക്കുകയാണ് ബിപിസിഎൽ മാനേജ്മെന്റ്. സംഘടിത, അസംഘടിത, പൊതുമേഖല, സ്വകാര്യ മേഖല എന്നിങ്ങനെ എല്ലാ വിഭാഗങ്ങളിലുംപെട്ട 25 കോടിയിലധികം തൊഴിലാളികളാണ് 2022 മാർച്ച് 28,29 തീയതികളിലെ ദേശീയ പണിമുടക്കിൽ പങ്കെടുത്തത്. എന്നാൽ ദേശീയ പണിമുടക്കിൽ പങ്കെടുത്ത തൊഴിലാളികൾക്കെതിരായി ശിക്ഷാനടപടി സ്വീകരിച്ചത് ബിപിസിഎൽ മാനേജ്മെന്റ് മാത്രമാണ്.

കൊച്ചി റിഫൈനറി പബ്ലിക് യൂട്ടിലിറ്റിയായി നോട്ടിഫൈഡ് ചെയ്ത സ്ഥാപനമാണെന്നും അതുകൊണ്ടുതന്നെ വ്യവസായ തർക്ക നിയമത്തിലെ സെക്ഷൻ 22, കൊച്ചി റിഫൈനറി തൊഴിലാളികൾക്ക് ബാധകമാണെന്നുമാണ് മാനേജ്മെന്റിന്റെ വാദം.

വ്യവസായ തർക്ക നിയമത്തിലെ സെക്ഷൻ 22 പറയുന്നത് പണിമുടക്ക് നോട്ടീസ് അനുരഞ്ജന ചർച്ചയിലിരിക്കേ പബ്ലിക് യൂട്ടിലിറ്റിയിലുള്ള തൊഴിലാളികൾ പണിമുടക്കരുതെന്നാണ്. അതുകൊണ്ട് പണിമുടക്ക് നോട്ടീസ് അനുരഞ്ജന ചർച്ചയിലിരിക്കേ തൊഴിലാളികൾ പണിമുടക്കിയത് നിയമ വിരുദ്ധമാണെന്ന് മാനേജ്മെന്റ് വാദിക്കുന്നു. യാതൊരു യുക്തിയുമില്ലാത്ത നിലപാടാണ് ബിപിസിഎൽ മാനേജ്മെന്റിന്റേത്.

പേമെന്റ് ഓഫ് വേജസ് ആക്റ്റിലെ സെക്ഷൻ 9 പ്രകാരമാണ് എട്ടു ദിവസത്തെ ശമ്പളം പിടിച്ചു വച്ചിരിക്കുന്നത് എന്നാണ് മാനേജ്മെന്റ് വിശദീകരണം. പത്തോ അതിലധികമോ തൊഴിലാളികൾ മുൻകൂർ നോട്ടീസ് നൽകാതെ പണിയിടങ്ങളിൽ നിന്ന് വിട്ടുനിൽക്കുകയോ പണിക്ക് കയറാതിരിക്കുകയോ ചെയ്താൽ പരമാവധി എട്ടു ദിവസത്തെ ശമ്പളം പിടിച്ചുവയ്ക്കാം എന്നതാണ് ആക്റ്റിലെ വ്യവസ്ഥ. എന്നാൽ കൊച്ചി റിഫൈനറി തൊഴിലാളികൾ 14 ദിവസം മുമ്പ് നോട്ടീസ് നൽകിയാണ് പണിമുടക്കിയത്.

തൊഴിൽ വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ നടന്ന ചർച്ചയുടെ അടിസ്ഥാനത്തിൽ പണിമുടക്കിനു ശേഷമുള്ള രണ്ടു മാസവും നടപ്പാക്കതിരുന്ന ശിക്ഷാനടപടിയാണ് ജൂലൈ മാസത്തിൽ നടപ്പാക്കിയിരിക്കുന്നത്

ബിപിസിഎൽ മാനേജ്മെന്റിന്റെ നീക്കങ്ങളെ ചെറുത്തു തോൽപ്പിച്ചുകൊണ്ടേ തൊഴിലാളികളുടെ ന്യായമായ അവകാശങ്ങൾ സംരക്ഷിക്കാൻ കഴിയൂ.

# കേരള ഷോപ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് എംപ്ലോയീസ് ഫെഡറേഷൻ സംസ്ഥാന സമ്മേളനം

കേരള ഷോപ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് എംപ്ലോയീസ് ഫെഡറേഷൻ (സി.ഐ.റ്റി.യു.) 4ാം സംസ്ഥാന സമ്മേളനം പി.വി. വിജയൻ നഗറിൽ (അടൂർ മേലേടത്ത് ആഡിറ്റോറിയത്തിൽ) വച്ച് നടന്നു. സംസ്ഥാന പ്രസിഡന്റ് കെ.പി.സഹദേവൻ പതാക ഉയർത്തി. പ്രതിനിധി സമ്മേളനം സി.ഐ.റ്റി.യു. സംസ്ഥാന ജനറൽ സെക്രട്ടറി എളമരം കരീം എം.പി. ഉദ്ഘാടനം ചെയ്തു. കെ.പി. സഹദേവൻ അധ്യക്ഷനായിരുന്നു. സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ. പി.സജി പ്രവർത്തന റിപ്പോർട്ടും, ട്രഷറർ അഡ്വ. കൃഷ്ണമൂർത്തി വരവ്ചിലവ് കണക്കും അവതരിപ്പിച്ചു. 470 പ്രതിനിധികൾ പങ്കെടുത്തു. സി.ഐ.റ്റി.യു. സംസ്ഥാന സെക്രട്ടറി സുനിത കുര്യൻ, സംസ്ഥാന വൈസ് പ്രസിഡന്റ് പി.ജെ.അജയകുമാർ, കെ.പി.ഉദയഭാനു, കെ.രാജഗോപാൽ, അഡ്വ. ആർ. അനന്തഗോപൻ എന്നിവർ അഭിവാദ്യം ചെയ്തു. ഭാരവാഹികൾ: എ.എൻ.ഷംസീർ എം.എൽ.എ പ്രസിഡന്റ്, അഡ്വ.പി.സജി ജനറൽ സെക്രട്ടറി, അഡ്വ.എസ്. കൃഷ്ണമൂർത്തി ട്രഷറർ, കെ.പി.അനിൽകുമാർ, എം.ഹംസ, കവിതാ സാജൻ, വാഴയിൽ ശശി, അഡ്വ.ഷെരീഫ്, ജി.വിജയകുമാർ, എസ്.ജിജി, അഡ്വ.രവി പ്രസാദ്, ജെ.ഷാജി, എഴുകോൺ സന്തോഷ്, ഡി.ആർ.അനിൽ (വൈസ് പ്രസിഡന്റുമാർ), എ.ജെ. സുക്കാർണോ, കെ.രാഘവൻ, ജി.ആനന്ദൻ, കെ.വി. പ്രമോദ്, പി.ബി.ഹർഷകുമാർ, റ്റി.എസ്. ബിസ്സി, കെ.രവീന്ദ്രൻ, അഡ്വ.മേഴ്സി ജോർജ്ജ്, കെ.വി.മനോജ്, സി.സുമേഷ്, പി.ഐ.ബോസ് (ജോയിന്റ് സെക്രട്ടറിമാർ). 75 അംഗ സംസ്ഥാന കമ്മിറ്റിയേയും, 175 അംഗ സംസ്ഥാന ജനറൽ കൗൺസിലിനെയും സമ്മേളനം തെരഞ്ഞെടുത്തു.






എ.എൻ.ഷംസീർ
(പ്രസിഡന്റ്)



അഡ്വ. പി. സജി
(ജന.സെക്രട്ടറി)



അഡ്വ.എസ്. കൃഷ്ണമൂർത്തി
(ട്രഷറർ)

# "സാമൂഹിക് ജാഗരൺ" ചരിത്രം ഉണർത്തുന്ന സദസുകളായി



തൊഴിലാളികളും, കർഷകരും, കർഷകതൊഴിലാളികളും സംയുക്തമായി അണിനിരന്ന "സാമൂഹിക് ജാഗരൺ സദസുകൾ" ഇന്ത്യൻ സ്വാതന്ത്ര്യത്തിന്റെ 75ാം വാർഷികത്തിന്റെ ഭാഗമായി കേരളത്തിലെമ്പാടും സംഘടിപ്പിക്കപ്പെട്ടു. ദേശീയ സ്വാതന്ത്ര്യസമരത്തിന്റെ ഏടുകളിൽ തൊഴിലാളി വർഗത്തിന്റെ ഉജ്ജ്വലമായ പ്രക്ഷോഭസമരങ്ങൾ ഐതിഹാസികമായ ചരിത്രമായതും, ആർഎസ്സ്എസും സംഘപരിവാറും, ഇന്നത്തെ ബിജെപിയും ദേശീയ സ്വാതന്ത്ര്യസമര പ്രസ്ഥാനത്തെയും, കമ്യൂണിസ്റ്റ്കാരെയും ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന് ഒറ്റുകൊടുത്തതും ജനശ്രദ്ധയിൽ കൊണ്ടു വരുന്നതിനും ഇന്ന് രാജ്യമാകെ സ്വാതന്ത്ര്യത്തിന്റെ അമൃതകാലം എന്ന് ബിജെപിയുടെയും സംഘപരിവാറിന്റെയും ഊറ്റംകൊള്ളലിന് പിന്നിലെ കാപട്യത്തെ തുറന്ന് കാണിക്കുന്നതിനും വേണ്ടി നടന്ന സദസ്സുകളും പദയാത്രകളും അവിസ്മരണീയമായി. ആഗസ്റ്റ് 8, 9, 12 തീയതികളിലായി എല്ലാ പഞ്ചായത്തുകളിലും, മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും 1100 ഓളം പദയാത്രകൾ സംഘടിപ്പിക്കപ്പെട്ടു. ആഗസ്റ്റ് 14 ന്റെ ജനജാഗ്രതാസഭയുടെ 14 ജില്ലാ കേന്ദ്രങ്ങളിൽ നടന്നു. സ്വാതന്ത്ര്യസംരക്ഷണ പ്രതിജ്ഞയെടുത്തു.



















കേരള കോ ഓപ്പറേറ്റീവ് യൂണിയൻ വനിതാ സംഘം ശില്പശാല സിഐടിയു സംസ്ഥാന സെക്രട്ടറി കെ എസ് സുനിൽ കുമാർ ഉൽഘാടനം ചെയ്തു. യൂണിയൻ സംസ്ഥാന പ്രസിഡന്റ് വഹീദ അധ്യക്ഷയായി. ജനറൽ സെക്രട്ടറി എൻ കെ രാമചന്ദ്രൻ സംസാരിച്ചു. കെ ദീപ സ്വാഗതം പറഞ്ഞു